# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മേപ്പയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി /പി6/1992/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 21/12/2024
ഇ-മെയിൽ:
dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മേപ്പയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മേപ്പയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേപ്പയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി /പി6/1992/2024 തീയ്യതി: 21/12/2024

## കോഴിക്കോട് ജില്ലയിലെ മേപ്പയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ മേപ്പയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 02-11-2023 മുതൽ 13-11-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. നന്ദന എസ് പിള്ള കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 14-11-2024 | 21-11-2024 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-11-2024 | 21-11-2024 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഗിരീശൻ പാറപ്പൊയിൽ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി ജിഷ സാമുവൽ, അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ,
ശ്രീ. ശ്രീജിത്ത് കെ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ,
കുമാരി. അയന.എൻ,ഓഡിറ്റർ.

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാജൻ കെ.ടി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ. മനു.എസ്. | സെക്രട്ടറി | 01-04-2023 | 16-07-2023 |
| ശ്രീ. അനിൽ കുമാർ കെ.പി | സെക്രട്ടറി | 17-07-2023 | 31-03-2024 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ദീപ .ടി | അസിസ്ററൻറ് എഞ്ചിനീയർ | 01-04-2023 | 13-07-2023 |
| ശ്രീമതി ധന്യ | അസിസ്ററൻറ് എഞ്ചിനീയർ | 14-07-2023 | 31-03-2024 |
| ശ്രീ. മൊയ്തീൻ ഷാ എൻ.കെ | കൃഷി ഓഫീസർ | 01-04-2023 | 13-06-2023 |
| ശ്രീമതി അപർണ്ണ | കൃഷി ഓഫീസർ | 14-06-2023 | 31-03-2024 |
| ഡോ. ചന്ദ്ര ലേഖ | മെഡിക്കൽ ഓഫീസർ | 01-04-2023 | 09-10-2023 |
| ഡോ. വിക്രം | മെഡിക്കൽ ഓഫീസർ | 10-10-2023 | 31-03-2024 |
| ഡോ ദിവ്യ ശ്രീ | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2023 | 04-04-2023 |
| ഡോ. സീന ബി | മെഡിക്കൽ ഓഫീസർ ആയുർവേദം | 05-04-2023 | 18-04-2023 |

| | | | |
|---|---|---|---|
| ഡോ ദിവ്യ ശ്രീ | മെഡിക്കൽ ഓഫീസർ ആയുർവേദം | 19-04-2023 | 03-09-2023 |
| ഡോ ആതിര അശോക് | മെഡിക്കൽ ഓഫീസർ ആയുർവേദം | 04-09-2023 | 28-10-2023 |
| ഡോ. രമ്യ സി.കെ | മെഡിക്കൽ ഓഫീസർ ആയുർവേദം | 29-10-2023 | 12-03-2024 |
| ഡോ. ആൻസി. ബി | മെഡിക്കൽ ഓഫീസർ ആയുർവേദം | 13-03-2024 | 31-03-2024 |
| ഡോ. സ്വപ്ന സി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2023 | 31-03-2024 |
| ഡോ. പ്രീത ഇ.കെ | വെറ്റിനറി സർജൻ | 01-04-2023 | 14-02-2024 |
| ഡോ. മുസ്തഫ | വെറ്റിനറി സർജൻ | 15-02-2024 | 31-03-2024 |
| ശ്രീമതി റീനകുമാരി | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി. ഷിജിന | ക്ഷീര വികസന ഓഫീസർ | 01-04-2023 | 31-08-2023 |
| ശ്രീമതി ബിന്ദു എൻ | ക്ഷീര വികസന ഓഫീസർ | 01-09-2023 | 31-03-2024 |
| ശ്രീമതി ആശ | ഹെഡ് മിസ്ട്രസ് | 01-04-2023 | 18-07-2023 |
| ശ്രീമതി ജെയിൻ റോസ് | ഹെഡ് മിസ്ട്രസ് | 19-07-2023 | 31-03-2024 |
| ശ്രീ വിപിൻ ദാസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ( മേപ്പയ്യൂർ) | 01-04-2023 | 18-07-2023 |
| ശ്രീ ഷൈജിത്ത് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ( മേപ്പയ്യൂർ) | 19-07-2023 | 31-03-2024 |
| ശ്രീമതി ജയശ്രീ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ( | 01-04-2023 | 19-07-2023 |

| | | | |
|---|---|---|---|
| | കൊഴുക്കല്ലൂർ) | | |
| ശ്രീമതി ഷിൻല | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കൊഴുക്കല്ലൂർ) | 20-07-2023 | 31-03-2024 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 3 | വാർഷിക കണക്കുകൾ - സമർപ്പിക്കാത്ത പത്രികകൾ | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | വരവ് ചെലവ് ഷെഡ്യൂളുകളുടെ ആകെ തുകയിൽ ഇരട്ടിപ്പ് | 1-1-4 |
| 6 | ചെലവ് യഥാർത്ഥ ഹെഡ്ഡിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല | 1-1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി ചെലവ് ഹെഡ് മാറി പോസ്റ്റ് ചെയ്യുന്നു | 1-1-6 |
| 8 | ബോർവെൽ നിർമാണം തിരികെ ലഭിച്ച തുക കൈകാര്യം ചെയ്തതിലെ അപാകതകൾ | 1-1-7 |
| 9 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽ കൂട്ടുന്നില്ല | 1-1-8 |
| 10 | ധനകാര്യ കമ്മീഷൻ : അൺ ടൈഡ് ഗ്രാൻഡ്  തുക പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | വാടക ഇനത്തിലെ വരവ് : അക്കൗണ്ടിങ്ങിലെ അപാകത | 1-1-10 |
| 12 | ഫൈനുകൾ തെറ്റായ ഹെഡിൽ പോസ്റ്റ് ചെയ്യുന്നു | 1-1-11 |
| 13 | ഒരേ ഇനത്തിലുള്ള വരവിനെ വ്യത്യസ്ത ഹെഡുകളിലായി പോസ്റ്റ് ചെയ്യുന്നു. | 1-1-12 |
| 14 | ഡെപ്പോസിറ് പ്രവൃത്തി: പ്രവൃത്തി പൂർത്തീകരിച്ചിട്ടും അവശേഷിക്കുന്ന തുക തിരികെ ഈടാക്കിയില്ല | 1-1-13 |
| 15 | ബാങ്ക് ചാർജ് തുക തെറ്റായ ഹെഡിൽ രേഖപ്പെടുത്തി. | 1-1-14 |
| 16 | പാർട്ട് ബിൽ | 1-1-15 |
| 17 | ബജറ്റ് രൂപീകരണവും പരിപാലനവും -അപാകതകൾ ആവർത്തിക്കുന്നു. | 1-2 |
| 18 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മന്റ് പ്രകാരം) | 1-3 |
| 19 | ഫണ്ട് വിനിയോഗം | 1-4 |
| 20 | പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാകേണ്ടതുണ്ട് | 1-5 |
| 21 | ക്ഷേമ പദ്ധതികൾ | 1-6 |
| 22 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 23 | റോഡുകൾ തെരെഞ്ഞെടുക്കാൻ കഴിയുന്നില്ല- വസ്തുനികുതി നിർണ്ണയത്തിൽ നഷ്ടം | 1-8 |

| | | |
|---|---|---|
| 24 | പഞ്ചായത്ത് പരിധിയിൽ അനധികൃത നിർമ്മാണങ്ങൾ: ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ വീഴ്ച | 1-9 |
| 25 | വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ | 1-10 |
| 26 | വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തിയായില്ല. | 1-11 |
| 27 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിതകർമ്മസേന - പ്രവർത്തനാവലോകനം | 1-12 |
| 28 | പൊതുടാപ്പുകളുടെ വെള്ളക്കരം- ടാപ്പുകളുടെ ആവശ്യകത പരിശോധിക്കേണ്ടതാണ് | 1-13 |
| 29 | കുടിവെള്ള പദ്ധതികൾക്ക് വയറിംഗും മോട്ടോർ സ്ഥാപിക്കലും- നിർവ്വഹണത്തിലെ പോരായ്മകൾ | 1-14 |
| 30 | കുടിവെള്ള വിതരണം - അപാകതകൾ | 1-15 |
| 31 | റിംഗ് കമ്പോസ്റ്റ്- മുൻഗണന നിശ്ചയിക്കാതെ പദ്ധതി ആസൂത്രണം ചെയ്തു. | 1-16 |
| 32 | റിജക്റ്റ് വേസ്റ്റ്- പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നു. | 1-17 |
| 33 | ഹരിത മിത്രം- ക്യു ആർ കോഡ് അധികമായി പതിപ്പിച്ചു. | 1-18 |
| 34 | ലാപ്ടോപ് വ്യത്യസ്ത നിരക്കുകളിൽ സമാഹരിച്ചു | 1-19 |
| 35 | കാലഹരണപ്പെട്ട ആസ്തികൾ റിപ്പയർ ചെയ്യുന്നതിന് തുക ചെലവഴിച്ചു | 1-20 |
| 36 | അധിക സബ്സിഡി അനുവദിച്ചു. | 1-21 |
| 37 | ജീവനക്കാർക്ക് അനർഹമായി ആനുകൂല്യം നൽകുന്നു. | 1-22 |
| 38 | എഫ്.എച്ച്.സിയുടെ ഉയർന്ന വൈദ്യുതി ബിൽ - പരിഹാര നടപടികൾ ആസൂത്രണം ചെയ്യുന്നില്ല. | 1-23 |
| 39 | ഉപകരണങ്ങൾ വാങ്ങൽ-ജി.എസ്.ടി ഈടാക്കിയില്ല. | 1-24 |
| 40 | കൃഷി ഭവൻ കെട്ടിടം നവീകരണം- പഴയ കെട്ടിടത്തിന് പുതിയ പെയിന്റിംഗ് ഇനം നൽകിയതും മറ്റപാകതകളും | 1-25 |
| 41 | കായലാട് നടേരിത്തോട് നവീകരണം - പദ്ധതി രൂപീകരണ നിർവ്വഹണത്തിലെ അപാകതകൾ | 1-26 |
| 42 | ധാതു ലവണ മിശ്രിതം- അളവുകളിൽ അവ്യക്തത. | 1-27 |
| 43 | വെറ്ററിനറി സർജ്ജന്റെ പദ്ധതികൾ- ചെലവ് രേഖകൾ ലഭ്യമാക്കിയില്ല. | 1-28 |
| 44 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-29 |
| 45 | തുല്യത പരീക്ഷ – കോഴ്സ് ഫീസ് അടവാക്കൽ - മോണിറ്ററിംഗ് വിവരം ലഭ്യമല്ലാത്തതും,മറ്റപാകതയും | 1-30 |
| 46 | മതിയായ വിശകലനമില്ലാതെ ആദ്യസിംഗിൾ ടെണ്ടർ നിരസിക്കുന്നു- പിന്നീട് അധിക നിരക്കിൽ പ്രവൃത്തി ഏൽപ്പിക്കുന്നു | 1-31 |

| | | |
|---|---|---|
| 47 | അടുംമ്പുംകുനി പാലോറകുന്ന് കൾവെർട്ട് നിർമ്മാണം - നിർമ്മാണത്തിന് ആവശ്യകതയുള്ളതിലധികമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി | 1-32 |
| 48 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്- തുക മുൻകൂർ നൽകുന്നു. | 1-33 |
| 49 | ലാപ്ടോപ് ലഭ്യമായില്ല | 1-34 |
| 50 | ബാധ്യതാ തുകകൾ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു. | 1-35 |
| 51 | ചെലവഴിച്ചതായി രേഖപ്പെടുത്തിയ തുക ഗുണഭോക്താവിന് ലഭ്യമായില്ല. | 1-36 |
| 52 | അളവുകൾ രേഖപ്പെടുത്തുന്നതിലെ അപാകത മൂലം കരാറുകാരന് അധിക തുക നൽകപ്പെടുന്നു. | 1-37 |
| 53 | ലോക്കൽ മാർക്കറ്റ് നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ സാധനങ്ങൾ സമാഹരിക്കുന്നു. | 1-38 |
| 54 | സിമന്റിന് പരമാവധി വിലയേക്കാൾ ഉയർന്ന നിരക്ക് നൽകുന്നു. | 1-39 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | അടുംമ്പുംകുനി പാലോറകുന്ന് കൾവെർട്ട് നിർമ്മാണം - നിർമ്മാണത്തിന് ആവശ്യകതയുള്ളതിലധികമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി | 3-1 |
| 2 | അധിക സബ്സിഡി അനുവദിച്ചു. | 3-2 |
| 3 | ജീവനക്കാർക്ക് അനർഹമായി ആനുകൂല്യം നൽകുന്നു. | 3-3 |
| 4 | ധാതു ലവണ മിശ്രിതം- അളവുകളിൽ അവ്യക്തത. | 3-4 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 28.05.2024 തീയതിയിലെ 5(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 19.06.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

സ്ഥലം : കോഴിക്കോട്,

### 1-1-1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalents ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിലെ Operating, Investing, Financing Activity എന്നിവയുടെ Net Cash ന്റെ ആകെ തുകയും തമ്മിൽ പൊരുത്തപ്പെടാത്തതിനാൽ ഈ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

### 1-1-2 വാർഷിക കണക്കുകൾ - സമർപ്പിക്കാത്ത പത്രികകൾ

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കാതെയും അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ, 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ ഉൾകൊള്ളിക്കാതെയുമാണ് വാർഷിക കണക്ക് സമർപ്പിച്ചിട്ടുള്ളത്. മേൽ അപാകതകൾ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടും അപാകത തൻവർഷവും ആവർത്തിക്കപ്പെടുകയോ പരിഹരിക്കാതെ തുടരുകയോ ചെയ്തിട്ടുണ്ട്.

### 1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും, 2023 - 24 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവയും ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതാണ്. ഡിമാന്റ് രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.

ഗ്രാമപഞ്ചായത്തിലെ “110100101-Property Tax On Residential Building” എന്ന ശീർഷകത്തിലേയും “110100103-Property Tax On Non-Residential Building” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ, 01/04/23 മുതൽ 31/03/2024 വരെ അസ്സസ്സ് ചെയ്യപ്പെടുന്ന കെട്ടിടങ്ങളുടെ ഡിമാന്റ് തുക ഒരു തവണ (30/03/2024) മാത്രം രേഖപ്പെടുത്തി രജിസ്റ്ററുമായി പൊരുത്തപ്പെടുത്തിയിരിക്കുന്നു. ഇതിൽ നിന്നു സാംഖ്യ എൻട്രികളിലെ തുകകളിൽ പിന്നീട് എഡിറ്റിംഗ് വരുത്തി ഡി.സി.ബി - യുമായി പൊരുത്തപ്പെടുത്തുന്ന നിയമവിധേയമല്ലാത്ത രീതിയാണ് പഞ്ചായത്തിൽ സ്വീകരിച്ചതെന്ന് കാണാം. ഇത് ഒഴിവാക്കേണ്ടതാണ്.

### 1-1-4 വരവ് ചെലവ് ഷെഡ്യൂളുകളുടെ ആകെ തുകയിൽ ഇരട്ടിപ്പ്

എയിംസിൽ അപ്ലോഡ് ചെയ്ത രസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നീ പത്രികകളിലെ അബ്സ്ട്രാക്ടിലെ തുകയും അതാത് അക്കൗണ്ടുകളുടെ ഷെഡ്യൂളിനൊപ്പം ലഭ്യമാക്കിയ അബ്സ്ട്രാക്ടിലെ തുകയും വ്യത്യസ്തമാണ്.

### 1-1-5 ചെലവ് യഥാർത്ഥ ഹെഡ്ഡിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല

I-14 E ഷെഡ്യൂളിൽ ചെലവ് തുകകൾ രേഖപ്പെടുത്തുന്നില്ല. മെയിന്റനൻസ് ഗ്രാൻഡ് റോഡ്, നോൺ

റോഡ് ഫണ്ടുകൾ ഉപയോഗിച്ച നടത്തിയ പ്രവർത്തനങ്ങൾക്ക് ചെലവായ തുകയാണ് ഈ ഷെഡ്യൂളിൽ കാണിക്കേണ്ടത്. മെയിന്റനൻസിനു വേണ്ടി ചെലവഴിച്ച തുക മാത്രമല്ല അനുബന്ധ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള വാങ്ങലുകൾ ഉൾപ്പെടെയുള്ള ചെലവുകൾ ഈ ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിരിക്കണം. മെയിന്റനൻസ് ഗ്രാൻഡ് റോഡ്, നോൺ റോഡ് എന്നീ ഫണ്ടുകളിൽ നിന്ന് ഇൻകം ആക്കി മാറ്റുന്ന തുക I- 6 ഷെഡ്യൂളിൽ ആണ് ഉണ്ടാവുക. ഇപ്രകാരം ഇൻകം ആക്കി മാറ്റിയ തുകക്ക് തുല്യമായ തുക I-14 E ഷെഡ്യൂളിലും ചെലവായി കാണിക്കേണ്ടതാണ്.

1-1-6 തൊഴിലുറപ്പ് പദ്ധതി ചെലവ് ഹെഡ് മാറി പോസ്റ്റ് ചെയ്യുന്നു

തൊഴിലുറപ്പ് പദ്ധതിയിലൂടെ "തൊഴിലാളികൾക്ക് നൽകുന്ന വേതനം" എന്ന ഇനത്തിൽ വരുന്ന ചെലവ് POVERTY ALLEVIATION എന്ന ഹെഡിൽ I-14(C) യിലും അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് I-14 (F) ലുമായിരുന്നു രേഖപ്പെടുത്തേണ്ടിയിരുന്നത്. ഇതിനു പകരം മുഴുവൻ ചെലവ് തുകയും അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസായി I-14 (F) എന്ന ഹെഡിൽ ആണ് രേഖപ്പെടുത്തിയിരിക്കുന്നത്.

1-1-7 ബോർവെൽ നിർമാണം തിരികെ ലഭിച്ച തുക കൈകാര്യം ചെയ്തതിലെ അപാകതകൾ

1-4-21 ന് പി.എച്ച്.സി യിൽ ബോർവെൽ നിർമിക്കുന്നതിനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്മെന്റിന് 40180/- രൂപ കൈമാറിയിരുന്നു. എന്നാൽ ബോൾഡർസ് വന്നതിനാൽ ബോർവെൽ നിർമാണം അവസാനിപ്പിക്കുകയും പ്രസ്തുത തുകയിൽ ഇൻസ്പെക്ഷൻ ചാർജ് ആയ 1950/- രൂപ കഴിഞ്ഞുള്ള 38230/- രൂപ 25.7.2022 ന് പഞ്ചായത്തിന്റെ തനതു ഫണ്ടിലേക്ക് തിരിച്ചടവാക്കുകയും ചെയ്തിട്ടുണ്ട്. ഇൻസ്പെക്ഷൻ ചാർജ് ആയി ചെലവായി കഴിഞ്ഞ തുക നിലവിലും RECEIVABLES എന്ന ഹെഡിൽ ആണ് അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുള്ളത്. സ്ഥാപനം നേരത്തെ തന്നെ ചെലവാക്കിയ തുക നിലവിലെ ആസ്തിയായാണ് അക്കൗണ്ടിൽ പ്രതിഫലിച്ചിരിക്കുന്നത്. ടി തുക ചെലവഴിച്ചിരുന്നത് മെയിന്റനൻസ് ഗ്രാൻഡ് നോൺ റോഡിൽ നിന്നാണ്. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്മെന്റ് തിരികെ അടവാക്കിയ തുക കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്. യഥാർത്ഥത്തിൽ പഞ്ചായത്തിന്റെ ബാധ്യതയായി അക്കൗണ്ട് ചെയ്യപ്പെടേണ്ടിയിരുന്ന ഈ തുക പഞ്ചായത്ത് തനത് ഫണ്ടിലെ ആസ്തിയായാണ് സൂക്ഷിച്ചിരിക്കുന്നത്. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

1-1-8 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽ കൂട്ടുന്നില്ല

സ്ഥാപനത്തിന്റെ വാർഷിക ധനകാര്യ പത്രിക പ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ 15,000/- രൂപയും കോൺട്രാക്ടേർസ് റീടെൻഷൻ എന്ന ഇനത്തിൽ 3,17,720/- രൂപയും നിലനിൽക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ഇലക്ഷൻ ഡെപ്പോസിറ്റ് മുഴുവനായും, കാലഹരണപ്പെട്ട കോൺട്രാക്ടേർസ് റീടെൻഷൻ തുകയും തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-1-9 ധനകാര്യ കമ്മീഷൻ : അൺ ടൈഡ് ഗ്രാൻഡ് തുക പൊരുത്തപ്പെടുന്നില്ല

ധനകാര്യ കമ്മീഷൻ : അൺ ടൈഡ്, ടൈഡ് ഗ്രാൻഡ് ചെലവ് തുക വാർഷിക ധനകാര്യ പത്രികയിൽ 6954928/- രൂപയും സുലേഖ ചെലവ് പത്രിക പ്രകാരം 6915554/- രൂപയുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

1-1-10 വാടക ഇനത്തിലെ വരവ് : അക്കൗണ്ടിങ്ങിലെ അപാകത

I-3 ഷെഡ്യൂളിൽ RENT FROM BUILDINGS എന്ന ഹെഡിൽ ചേർത്തിരിക്കുന്നത് 341376/- രൂപയാണ്. ഡിമാന്റ് രജിസ്റ്റർ പ്രകാരം 390000/- രൂപയാണ് ഡിമാൻഡ്. തൻ വർഷം വാടകയിനത്തിൽ ഇൻകം ആൻഡ് എക്സ്പെൻറിച്ചർ പത്രികയിൽ യഥാർത്ഥത്തിൽ വന്ന കളക്ഷനാണ് ഡിമാന്റ് ആയി കാണിച്ചിരിക്കുന്നത്. എന്നാൽ ബാലൻസ് ഷീറ്റിൽ RENT

RECEIVABLES FROM BUILDINGS ആയി കാണിച്ചിരിക്കുന്ന തുക (48264 രൂപ) യഥാർത്ഥത്തിലുള്ള കുടിശ്ശിക തന്നെയാണ്. ഏത് രീതിയാലാണ് ടി തുക പൊരുത്തപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമല്ല.

### 1-1-11 ഫൈനുകൾ തെറ്റായ ഹെഡിൽ പോസ്റ്റ് ചെയ്യുന്നു

FINE FOR CARRYING BANNED PLASTIC ITEM എന്ന ഇനത്തിലെ പിഴ "OTHER FEES" എന്ന ഹെഡിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇത് 'ഫൈനുകൾ' എന്ന ഹെഡിലാണ് പോസ്റ്റ് ചെയ്യേണ്ടത്.

### 1-1-12 ഒരേ ഇനത്തിലുള്ള വരവിനെ വ്യത്യസ്ത ഹെഡുകളിലായി പോസ്റ്റ് ചെയ്യുന്നു.

പഞ്ചായത്തിന് സമീപമുള്ള ഗ്രൗണ്ട് വാടകയ്ക്ക് കൊടുത്തതിൽ ആകെ 47000 രൂപയുടെ വരവുണ്ട്. ഈ തുക സ്പ്ലിറ്റ് ചെയ്ത് Rent From Auditorium & Halls (2000), Other Rents (14000), Vehicle Stand Receiepts (31000) എന്നീ ഹെഡുകളിൽ വരവായി കാണിച്ചിരിക്കുന്നു. ഈ ഇനത്തിലെ വരവുകൾ എന്തെങ്കിലും ഒരു അനുയോജ്യമായ ഹെഡിൽ മാത്രം വരവായി കാണിക്കേണ്ടതാണ്.

### 1-1-13 ഡെപ്പോസിറ്റ് പ്രവൃത്തി: പ്രവൃത്തി പൂർത്തീകരിച്ചിട്ടും അവശേഷിക്കുന്ന തുക തിരികെ ഈടാക്കിയില്ല

18.11.22 തീയതിയിൽ പ്രൊജക്റ്റ് നമ്പർ 69/22 ൻറെ ഭാഗമായി ജനകീയം മുക്ക് കളരിക്കണ്ടി മുക്ക് റോഡിൻറെ പ്രവൃത്തിക്കായി 2600000/- രൂപ ഇറിഗേഷൻ ഡിപ്പാർട്മെന്റിന് കൈമാറിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കുകയും ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് നൽകിയ വിനിയോഗ സാക്ഷ്യപത്ര പ്രകാരം കൈമാറിയ തുകയിൽ 432552 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുമുണ്ട്. നാളിതു വരെ ടി തുക തിരിച്ച് വാങ്ങാനുള്ള നടപടികളൊന്നും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. മുഴുവൻ തുകയും "Advance To Others" എന്ന ഹെഡിൽ തന്നെയാണ് അക്കൗണ്ട് ചെയ്യപ്പെട്ടത്. റോഡ് നിർമ്മാണത്തിനായി ചെലവഴിച്ച മുഴുവൻ തുകയും അതാത് ആസ്തിയിൽ ചേർക്കുകയും അവശേഷിക്കുന്ന തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-1-14 ബാങ്ക് ചാർജ് തുക തെറ്റായ ഹെഡിൽ രേഖപ്പെടുത്തി.

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻഡ് അൺ ടൈഡ് ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിൽ നിന്ന് ബാങ്ക് ചാർജ് ആയി ബാങ്ക് ഈടാക്കിയ 23/- രൂപ റസീറ്റ് ആൻഡ് പേയ്മെന്റ് പത്രികയിലെ ആർപി-30 ഷെഡ്യൂളിൽ ചെലവ് ആയി കാണിച്ചിരിക്കുന്നു. ഗ്രാൻഡ് അനുവദിച്ച സ്ഥാപനത്തിന് തന്നെ തുക തിരികെ നൽകേണ്ട സാഹചര്യത്തിൽ ചെലവ് രേഖപ്പെടുത്തേണ്ട ഹെഡാണിത്. ബാങ്കിൽ നിന്നും തിരികെ ഈടാക്കി സി.എഫ്.സി.ഫണ്ടിൽ നിക്ഷേപിക്കേണ്ട തുകയായിരുന്നു ഇത്. ഈ തുക റിസീവബിൾ ആയി വാർഷിക കണക്കിൽ കാണിക്കേണ്ടതായിരുന്നു. അതിനാൽ തന്നെ ചെലവഴിക്കാത്ത തുകയായി തൻ വർഷ ബാലൻസ് ഷീറ്റിൽ ബി 4 ഷെഡ്യൂളിലെ നീക്കിയിരിപ്പിൽ 23 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

### 1-1-15 പാർട്ട് ബിൽ

ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ഹെഡിൽ നിലവിൽ പൂർത്തിയായ പ്രവർത്തികൾ ഉൾപ്പെടുകയും നിലവിൽ പാർട്ട് ബില്ല് നൽകിയ ചെലവുകൾ ഉൾപ്പെടാതിരിക്കുകയും ചെയ്യുന്നു. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

കായലാട് നടേരിത്തോട് റിനോവേഷൻ (നം 20/21 ) എന്ന പദ്ധതി 87/22 എന്ന സ്പിൽ ഓവർ പ്രൊജെക്ടിലൂടെ പൂർത്തിയാക്കിയിട്ടുണ്ട്. 2021-22 വർഷത്തിൽ തന്നെ പൂർത്തിയാക്കിയ പ്രവൃത്തിയുടെ ചെലവ് തുക നിലവിലും ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ഹെഡിൽ തന്നെയാണ്

രേഖപ്പെടുത്തിയിരുന്നത്.

വനിതാ കാന്റീൻ നവീകരണം (നം- 135/24- 149481 രൂപ) അടുമ്പും കുനി പാലരാക്കുന്ന കൾവർട്ട് നിർമാണം (നം- 19/24- 328208 രൂപ) എന്നീ പ്രൊജക്ടുകൾ തൻ വർഷത്തിൽ സ്പിൽ ഓവറുകളായ പ്രൊജക്ടുകൾ ആണ്. ടി തുകകൾ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ഹെഡിൽ ചേർത്തിട്ടില്ല.

വാർഷിക കണക്കുമായി ബന്ധപ്പെട്ട മേൽ അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-2 ബജറ്റ് രൂപീകരണവും പരിപാലനവും -അപാകതകൾ ആവർത്തിക്കുന്നു.

സ്ഥാപനത്തിന്റെ ബജറ്റ് ഭരണസമിതിയുടെ 21/3/23 തീയതിയിലെ 102/23ആം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 17771411 |
| വരവ് | 294848000 |
| ആകെ | 312619411 |
| ചെലവ് | 301915000 |
| നീക്കിയിരിപ്പ് | 10704411 |

ഇത് 6/2/24 ലെ 1/24 നമ്പർ തീരുമാനപ്രകാരം പുതുക്കിയിട്ടുമുണ്ട്.

ബജറ്റ് തയ്യാറാക്കുന്നതിലും പരിപാലിക്കുന്നതിലും മുൻവർഷങ്ങളിലെ റിപ്പോർട്ടുകളിൽ പ്രതിപാദിച്ച അപാകതകൾ ഓഡിറ്റ് വർഷവും ആവർത്തിക്കപ്പെട്ടിട്ടുണ്ട്. ബജറ്റ് എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിയാനങ്ങൾക്ക് അനുസൃതമായി ബജറ്റ് പുതുക്കാത്തതും മറ്റ് അപാകതകളും 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1 ആയി പരാമർശിച്ചതാണ്. എന്നാൽ ഈ അപാകതകൾ ഓഡിറ്റ് വർഷത്തിലും തുടരുകയാണ്. വിശദാംശം താഴെ കൊടുക്കുന്ന

എ) വാർഷിക പദ്ധതി അടങ്കൽ ബജറ്റ് ഉൾക്കൊള്ളുന്നില്ല

ബജറ്റ് ഷെഡ്യൂൾ 9(BS9),ബജറ്റ് ഷെഡ്യൂൾ 12(BS12) എന്നിവ പ്രകാരം വാർഷിക പദ്ധതിക്കായി ബജറ്റിൽ ആകെ 19.22 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ അന്തിമ പദ്ധതി രേഖ പ്രകാരം വാർഷിക പദ്ധതി അടങ്കൽ 7.93 കോടി രൂപയും ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആക്ഷൻ പ്ലാൻ അടങ്കൽ 9.42കോടി രൂപയുമാണ്. ഇവ രണ്ടും കൂടി ആകെ വരുന്നത് 17.35 കോടി രൂപ മാത്രമാണ് . അതായത് 1.87കോടി രൂപയുടെ ബജറ്റ് പ്രൊവിഷന് പദ്ധതി ആവിഷ്കരിച്ചിട്ടില്ലെന്ന് കാണാം. എന്നാൽ ബജറ്റ് പുതുക്കിയപ്പോൾ ഇതിന് വിപരീതമായാണ് സംഭവിച്ചത്. പ്രൊവിഷൻ 34.27കോടിയായി ഉയർന്നെങ്കിലും 34.66കോടിയുടെ പദ്ധതികൾ തൊഴിലുറപ്പ് പദ്ധതിയിലും വാർഷികപദ്ധതിയിലുമായി ഉൾക്കൊള്ളിച്ചു. ബജറ്റ് പ്രൊവിഷന് അനുസൃതമല്ലാതെ പദ്ധതികൾ ആവിഷ്കരിച്ചത് വിശദീകരിക്കപ്പെടേണ്ടതാണ്.

ബി) വാർഷിക പദ്ധതിക്ക് തനത് ഫണ്ട് വകയിരുത്തിയത് ബജറ്റ് പ്രൊവിഷനനുസൃതമല്ല

ബജറ്റ് പ്രകാരം ആകെ 7170000/-രൂപയാണ് തനത് ഫണ്ടിൽ നിന്നും വാർഷിക പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത്. എന്നാൽ അന്തിമപദ്ധതി രേഖ പ്രകാരം തനത് ഫണ്ടിൽ നിന്നുള്ള വകയിരുത്തൽ 1.45കോടിരൂപയാണ് . 0.73 കോടിയുടെ ബജറ്റ് പ്രൊവിഷനില്ലാതെയാണ് തനത് ഫണ്ട് വാർഷിക പദ്ധതിക്ക് വകയിരുത്തിയത്. ബജറ്റ് പുതിക്കിയപ്പോൾ ഈ അന്തരം വർദ്ധിച്ചു. ബജറ്റ് പ്രൊവിഷൻ 0.49കോടിയായി കുറഞ്ഞപ്പോൾ പദ്ധതി അടങ്കൽ 2.4കോടിയായി വർദ്ധിച്ചു.ഇതിൽ 1.35കോടി രൂപ വിനിയോഗിച്ചതിനാൽ 0.86കോടിരൂപയുടെ ചെലവിന് നാളിതുവരെ ബജറ്റ് അംഗീകാരമില്ലെന്ന് കാണാം

സി) വായ്പാ തിരിച്ചടവിന് ബജറ്റ് പ്രൊവിഷനില്ല

ലൈഫ് പദ്ധതിക്കായി സ്ഥാപനം KURDFCയിൽ നിന്നും ലോൺ എടുക്കുകയും എല്ലാ വർഷവും

പ്ലാൻ ഫണ്ട് അലോട്ട് മെന്റിൽ നിന്നും സർക്കാർ ലോൺ തുക ഇൻസ്റ്റാൾ മെന്റായി കുറവുവരുത്തുകയും ചെയ്യുന്നുണ്ട്. ഇത് സംബന്ധിച്ച വ്യക്തമായ ധാരണ സ്ഥാപനത്തിനുണ്ടായിട്ടും ബജറ്റിൽ ലോൺ തിരിച്ചടവിനായി യാതൊരു തുകയും സ്ഥാപനം വകയിരുത്തിയിട്ടില്ല.ബജറ്റ് പ്രൊവിഷനില്ലാതെ 3258746/- രൂപ ലോൺ തിരിച്ചടവിനായി ഓഡിറ്റ് വർഷം വിനിയോഗിച്ചു. ബജറ്റ് പുതുക്കിയപ്പോഴും ഇതിനായി പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

ഡി) ബജറ്റ് എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിയാനത്തിനനുസൃതമായി ബജറ്റ് പുതുക്കിയിട്ടില്ല

വാർഷിക പദ്ധതി നിരവധി തവണ പുതുക്കുകയും തൊഴിലുറപ്പ് പദ്ധതിയിൽ അഡീഷണൽ ആക്ഷൻ പ്ലാൻ ഉൾപ്പെടുത്തുകയും ചെയ്തെങ്കിലും ഇത് ഉൾക്കൊള്ളുന്ന തരത്തിൽ സമയാസമയങ്ങളിൽ ബജറ്റ് പുതുക്കിയിട്ടില്ല. വർഷാവസാനം മാത്രമാണ് ബജറ്റ് പുതുക്കിയിരിക്കുന്നത്.

ഇ) എല്ലാ ബജറ്റ് രേഖകളും തയ്യാറാക്കിയിട്ടില്ല

ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് , ബജറ്റ് കുറിപ്പ് തുടങ്ങിയ ബജറ്റ് രേഖകൾ തയ്യാറാക്കിയിട്ടില്ല

എഫ്) മുന്നിരിപ്പ് കണക്കാക്കിയതിൽ അപാകത

21-22 വർഷത്തെ യഥാർത്ഥ കണക്കുകളെ അടിസ്ഥാനപ്പെടുത്തിയാണ് ഓഡിറ്റ് വർഷത്തെ ബജറ്റ് തയ്യാറാക്കുന്നത്.ബജറ്റിന്റെ മുന്നിരിപ്പ് പരിശോധിച്ചതിൽ ഇത് യഥാർത്ഥ കണക്കിൽ നിന്നും വ്യത്യസ്തമാണെന്ന് കാണുന്നു.യഥാർത്ഥ കണക്കുകൾ പ്രകാരം മുന്നിരിപ്പ് 1.99കോടിയായിരിക്കെ ബജറ്റിൽ മുന്നിരിപ്പായി സ്വീകരിച്ചത് 1.78കോടി രൂപ മാത്രമാണ്.

മുൻ വർഷത്തെ റിപ്പോർട്ടിൽ പ്രതിപാദിച്ച കാര്യങ്ങൾ ആവർത്തിച്ചതിനും മറ്റ് അപാകതകൾക്കും വിശദീകരണം നല്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,18,68,266 |
| ഓഡിറ്റ് വർഷത്തെ വരവ് | 5,74,22,485 |
| ആകെ | 7,92,90,751 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,54,38,426 |
| നീക്കിയിരിപ്പ് | 1,38,52,325 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 18264900 | 18264900 | 17769295 | 495605 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 4565000 | 4565000 | 4565000 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 10546000 | 10546000 | 3992097 | 6553903 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 5036000 | 5036000 | 3809565 | 1226435 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് | 3090113 | 3212064 (3024000 + പലിശ 188064) | 6302177 | 3591410 | 2710767 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ -ടൈഡ് ഗ്രാന്റ് | 4609114 | 2268500 | 6877614 | 3363518* | 3482198 |

കുറിപ്പ് : * സെൻട്രൽ ഫിനാൻസ് കമ്മീഷൻ -ടൈഡ് ഗ്രാന്റ് 31898/- രൂപ Recoveries From CFC Tied Of Previous Year 22-23 എന്ന ഇനത്തിൽ പ്രയർ പിരിയഡ് ഇൻകം ഹെഡിൽ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-5 പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാകേണ്ടതുണ്ട്

ഓഡിറ്റ് വർഷം ആകെ 215 പ്രൊജക്ടുകൾ ആസൂത്രണം ചെയ്തതിൽ 136 എണ്ണത്തിന് തുക വിനിയോഗിച്ചിട്ടുണ്ട്. ആകെ 19.35 കോടി രൂപ വകയിരുത്തിയതിൽ 7.78 കോടി രൂപ മാത്രമാണ് വിനിയോഗിക്കാനായത്. ഇത് വകയിരുത്തിയ തുകയുടെ 40.2% മാത്രമാണ്.

വനിതകൾക്കുള്ള പ്രൊജക്ടുകൾ ആ വിഭാഗത്തിന് മാത്രം ആവശ്യമുള്ളതാകണമെന്നും പുരുഷന്മാർക്കും സ്ത്രീകൾക്കും ഒരുപോലെ ഉപകരിക്കുന്ന കാര്യങ്ങൾക്ക് ഈ വിഭാഗത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യാൻ പാടില്ലെന്നും ആസൂത്രണമാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടും ഇത് ഈ സ്ഥാപനത്തിൽ പാലിക്കപ്പെടാത്തത് അപാകതയാണ്. കൂടാതെ ആസ്തികളുടെ സംരക്ഷണത്തിന് ആസൂത്രണമാർഗ്ഗരേഖയിൽ പ്രതിപാദിക്കുംവിധം ഒരു ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കാത്തതും ശ്രദ്ധയിൽ പെടുത്തുന്നു.

സ്ഥാപനത്തിൽ ആസൂത്രണത്തിന് അടിസ്ഥാനമായ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയെങ്കിലും, ഇതിലെ വിവരങ്ങളുടെ വ്യാപ്തിയും കൃത്യതയും എത്രത്തോളമെന്ന് വ്യക്തമല്ല. വിവരസാങ്കേതിക വിദ്യ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു സാമൂഹ്യ സാമ്പത്തിക വിവരശേഖരണം ഭാവിയിലെ ആസൂത്രണത്തിന് സഹായകമാകുന്നതാണ്.

സർക്കാർ ഗ്രാന്റുകളുടെ വിനിയോഗം

ഓഡിറ്റ് വർഷം വിവിധ സർക്കാർഗ്രാന്റിനങ്ങളിൽ സ്ഥാപനത്തിന് ലഭിച്ച തുകകളുടേയും അതിൽ നിന്നുള്ള വിനിയോഗത്തിന്റേയും വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | ഗ്രാന്റിനം | വകയിരുത്തിയ തുക | ലഭിച്ച അലോട്ട് മെന്റ് | വിനിയോഗിച്ച തുക | ചെലവഴിക്കാത്ത തുക | |
|---|---|---|---|---|---|---|
| | | | | | ക്യൂ ബിൽ | ചെലവില്ലാത്തത് |
| 1 | വികസനഫണ്ട് ജനറൽ | 19173626 | 18265000 | 17769295 | 495705 | 0 |
| 2 | വികസനഫണ്ട് SCP | 5002788 | 4565000 | 4565000 | 0 | 0 |
| 4 | മെയിന്റനൻസ് ഫണ്ട് റോഡ് | 17338594 | 10546000 | 3992097 | 4630480 | 1923423 |
| 5 | മെയിന്റനൻസ് ഫണ്ട് റോഡിതരം | 8473254 | 5036000 | 3809565 | 0 | 1226435 |
| | ആകെ | | 38412000 | 30135957 | 5126185 | 3149858 |

ആകെ നഷ്ടം -8276043/-(5126185+3149858)

മേല്പറഞ്ഞ ഇനങ്ങളിൽ ആകെ ലഭിച്ച 38412000/- രൂപയിൽ 30135957/- രൂപ സ്ഥാപനം വിനിയോഗിച്ചിട്ടുണ്ട്. ചെലവഴിക്കാൻ ബാക്കിയായ 8276043/- രൂപയിൽ 5126185/- രൂപയുടെ ചെലവ് ക്യൂ ബില്ലിൽപ്പെട്ടു. ഇത് പരിഗണിക്കുമ്പോൾ 31.49 ലക്ഷം രൂപ നഷ്ടപ്പെട്ടെന്ന് കാണാം.

പ്രൊജക്ട് നിർവ്വഹണം -മോണിറ്ററിംഗ് നടക്കുന്നില്ല

പ്രൊജക്ട് പൂർത്തീകരണ ഫോറം, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ മിക്ക പ്രൊജക്ട് ഫയലിലും ലഭ്യമല്ല. പണം ചെലവഴിച്ച പ്രൊജക്ടുകളുടെ കാര്യത്തിൽ അവ യഥാർത്ഥത്തിൽ

പൂർത്തീകരിച്ചെന്നോ, തൃപ്തികരമായി നിർവ്വഹിച്ചെന്നോ ഇതുമൂലം ഉറപ്പുവരുത്തിയിട്ടില്ല.

പ്രൊജക്റ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട വിവിധതലങ്ങളിൽ സംഭവിച്ച അപാകതകൾ മുൻ റിപ്പോർട്ടുകളിൽ പ്രതിപാദിച്ചിട്ടും അവ ആവർത്തിക്കപ്പെടുന്നത് വിശദീകരിക്കപ്പെടേണ്ടതുണ്ട്.

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 17421600 |
| വിധവാപെൻഷൻ | 12574000 |
| വാർദ്ധക്യകാലപെൻഷൻ | 17425400 |
| വികലാംഗപെൻഷൻ | 4349100 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 608400 |
| പാവപ്പെട്ട വിധവകളുടെ മക്കൾക്കുള്ള വിവാഹ ധനസഹായം | 300000 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994 – ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-11-2024 തീയതി രാവിലെ 11.10 ന് സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,084/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-8 റോഡുകൾ തെരെഞ്ഞെടുക്കാൻ കഴിയുന്നില്ല-വസ്തുനികുതി നിർണ്ണയത്തിൽ നഷ്ടം

സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിച്ച് നടത്തി വരുന്ന വസ്തുനികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് സാധ്യതയുണ്ടെന്ന് നികുതി നിർണ്ണയ നടപടിക്രമം പരിശോധിച്ചതിൽ ഓഡിറ്റിന് വ്യക്തമായി. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം | കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ | കെട്ടിടത്തിന്റെ ഉപയോഗക്രമം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി (70/ Sqmt) | നിലവിൽ ഈടാക്കിയ ആകെ നികുതി- (ഇളവുകൾ ലൈബ്രറി സെസ്സ് ഉൾപ്പെടെ) | റോഡ് തരം ശരിയായി തിരഞ്ഞെടുക്കുമ്പോൾ നികുതി വർദ്ധനവ് | ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് | വസ്തു നികുതി | ലൈബ്രറി സെസ്സ് | യഥാർത്ഥത്തിൽ ഈടാക്കേണ്ട ആകെ നികുതി | നികുതി ഇനത്തിൽ ഉണ്ടായ നഷ്ടം |
|---|---|---|---|---|---|---|---|---|---|---|
| 8/913/ V1 | 24.82 | വാണിജ്യാവശ്യം- 100 ച.മീ മുകളിൽ 500 ച.മീ വരെ | 1737.40 | 1735 | 347.48 | 104.25 | 1981 | 99 | 2080 | 345 |
| 8/913/ W1 | 45.12 | വാണിജ്യാവശ്യം- 100 ച.മീ മുകളിൽ | 3158.40 | 3153 | 631.68 | 189.55 | 3602 | 180 | 3782 | 629 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | 500 ച.മീ വരെ | | | | | | | | |
| 8/913/P1 | 201.25 | വാണിജ്യാവശ്യം- 100 ച.മീ മുകളിൽ 500 ച.മീ വരെ | 9191.7 | 9170 | 1838.34 | 551 | 10479 | 524 | 11003 | 1833 |
| ആകെ | | | | | | | | | | 2807 |

സോഫ്റ്റ് വെയറിൽ സ്ഥാപനത്തിലെ റോഡുകളുടെ പേരുവിവരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നികുതി നിർണ്ണയിക്കുമ്പോൾ ഓരോ മേഖലയിലേയും റോഡുകളുടെ പേരുകൾ ഫീൽഡിൽ ഓപ്ഷനായി വരുന്നില്ല. നിലവിൽ സഞ്ചയയിൽ നികുതി നിർണയിക്കുന്ന സമയത്ത് റോഡ് തെരഞ്ഞെടുക്കുന്ന ഡ്രോപ്പ് ഡൌൺ മെനുവിൽ ആകെ 4 റോഡ് മാത്രമാണ് ദൃശ്യമാവുന്നത്. ഭൂരിഭാഗം കെട്ടിടങ്ങളുടെയും നികുതി അസ്സെസ്സ് ചെയ്യുമ്പോൾ ടി മെനുവിൽ നിന്ന് "മറ്റുള്ളവ" എന്ന ഓപ്ഷൻ തിരഞ്ഞെടുക്കുകയും ഇതിനു താഴെയായി വരുന്ന റോഡിന്റെ തരം എന്ന ഫീൽഡിൽ നാലു ഓപ്ഷനുകളിൽ നിന്ന് വീതി അഞ്ച് മീറ്ററിന് മുകളിൽ, ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ, ഒന്നര മീറ്ററിൽ കുറവ്, പൊതുവഴി ഇല്ലാത്തത് എന്നിവയിൽ ഏതെങ്കിലുമൊന്ന് സെലെക്ട് ചെയ്യുകയും ചെയ്യുന്നു. നികുതി നിർണ്ണയം നടത്തുന്ന ജീവനക്കാർ, ആദ്യ ഫീൽഡിൽ രേഖപ്പെടുത്തിയ റോഡ്, മേല്പറഞ്ഞതിൽ ഏതു തരമാണെന്ന് ഒന്നുകിൽ സ്വയം തീരുമാനിക്കുകയോ, അല്ലെങ്കിൽ സമർപ്പിച്ച സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയ വീതി സ്വീകരിക്കുകയോ ആണ് ചെയ്യുന്നത്. റോഡിൻറെ യഥാർത്ഥ വീതി ആസ്തി രെജിസ്റ്ററിൽ രേഖപെടുത്തിയിട്ടുണ്ടെങ്കിലും നികുതി നിർണയ സമയത്ത് യാതൊരു ആധികാരിക രേഖകളും കൂടാതെയാണ് റോഡിന്റെ വീതി തെരഞ്ഞെടുക്കുന്നത് .

2011 ലെ കേ.പ. രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ, ചട്ടം 6, പട്ടിക 2 പ്രകാരം അഞ്ച് മീറ്ററിൽ കൂടിയ റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് മേൽ 20 ശതമാനത്തിന്റെ വർദ്ധനവ് വരുത്തേണ്ടതുണ്ട്.യഥാർത്ഥത്തിൽ സ്വീകരിക്കേണ്ട അഞ്ച് മീറ്ററിൽ കൂടതലുള്ള റോഡുകൾക്ക് പകരം, അതിൽ താഴെയുള്ള ഇനങ്ങൾ തെരെഞ്ഞെടുക്കുമ്പോൾ 20 ശതമാനത്തോളം നികുതി നഷ്ടം സംഭവിക്കുന്നതായി കാണാം. ഇത്തരത്തിൽ നികുതി ഇനത്തിൽ നഷ്ടം സംഭവിച്ചതിന്റെ ഉദാഹരണം താഴെ കൊടുക്കുന്നു.

2023-24 വർഷം ഫയൽ നമ്പർ 6018/2023 തീയതി 10/08/2023 പ്രകാരം അനുവദിച്ച 8/913 P1, 8/913V1, 8/913W1 എന്നീ കെട്ടിടങ്ങൾക്ക് റോഡിന്റെ തരം തെറ്റായി കൊടുത്തു നികുതി നിശ്ചയിച്ചു. സഞ്ചയപ്രകാരം കെട്ടിടത്തിന്റെ സമീപമുള്ള റോഡിന്റെ പേര് പയ്യോളി- പേരാമ്പ്ര റോഡ് എന്നാണ്. വസ്തുനികുതി പരിഷ്കരണം നോട്ടിഫിക്കേഷൻ പ്രകാരം ഈ റോഡിന്റെ തരം വരുന്നത് 5 മീ. കൂടുതൽ ആണ്. എന്നാൽ ഇത് 5 മീറ്ററിൽ കുറഞ്ഞ റോഡായി പരിഗണിക്കുകയും 20% വർദ്ധനവ് നഷ്ടമാകുകയും ചെയ്തു.

റോഡ് തരം ശരിയായി തിരഞ്ഞെടുക്കാൻ സോഫ്റ്റ്വെയറിൽ സാധിക്കാത്തതാണ് അപാകതക്ക് കാരണം. നികുതി നിർണ്ണയത്തെ സമൂലമായി ബാധിക്കുന്നതും സ്ഥാപനത്തിന് നഷ്ടം വരുത്തുന്നതുമായ സാങ്കേതിക പ്രശ്നം ജീവനക്കാരുടേയോ, മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടേയോ ശ്രദ്ധയിൽ പെടാത്തത് ഗുരുതരമായ വീഴ്ചയാണ്. ഭാവിയിലും സ്ഥാപനത്തിന് സാമ്പത്തിക നഷ്ടമുണ്ടാകുന്ന രീതിയിൽ വസ്തു നികുതി അസ്സെസ്സ് ചെയ്യാനുള്ള സാധ്യത നിലനിൽക്കുന്ന സാഹചര്യത്തിൽ അടിയന്തിരമായി ഈ പ്രശ്നം സോഫ്റ്റ് വെയറിന്റെ മേൽനോട്ടമുള്ള സ്ഥാപനത്തിന്റെ ശ്രദ്ധയിൽ പെടുത്തുകയും പരിഹാരം കണ്ടെത്തി ഇത്തരത്തിലുള്ള നികുതി ചോർച്ച തടയാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-9 പഞ്ചായത്ത് പരിധിയിൽ അനധികൃത നിർമ്മാണങ്ങൾ: ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ വീഴ്ച

2023-24 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 19.11.2024 തിയ്യതിയിൽ സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർക്കൊപ്പം സ്ഥല പരിശോധന നടത്തിയതിൽ നിന്നും കെട്ടിട നിർമ്മാണ നിയന്ത്രണ ചുമതല നിർവ്വഹിക്കുന്നതിൽ നിലവിലുള്ള സിസ്റ്റം ഫലപ്രദമല്ലെന്നും ഫീൽഡ് തല ചുമതലയുള്ള ജീവനക്കാരുടെ സേവനം പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിന് സ്ഥാപനത്തിന് കഴിയാത്തതു മൂലം നിലവിലുള്ള നിയന്ത്രണ സംവിധാനങ്ങൾ ഫലപ്രദമാകുന്നില്ലെന്നും ഓഡിറ്റിന് ബോധ്യപ്പെട്ടു.

ഗ്രാമപഞ്ചായത്തിലെ 7ാം വാർഡിൽ റയ്യിദാൻ മന്തി എന്ന റെസ്റ്റോറൻറ് പ്രവർത്തിക്കുന്നത് ജമീല പൊയിൽ പുറത്ത് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 7/503 A1, 7/503 B1, 7/503 K, 7/503 G1, 7/503 H1, 7/503 I1 എന്നീ കെട്ടിടങ്ങളിലായാണ്. BL-394/15-16 Dtd 11/03/2016 നമ്പർ പ്രകാരം പെർമിറ്റ് ലഭിച്ച ടി കെട്ടിടത്തിന്റെ വസ്തു നികുതി 2017 ആദ്യ വർഷം മുതൽ ഈടാക്കി വരുന്നുണ്ട്. താഴത്തെ നിലയിലും ഒന്നാമത്തെ നിലയിലുമായി സ്ഥിതി ചെയ്യുന്ന ടി കെട്ടിട മുറികൾ കൂടാതെ രണ്ടാമത്തെ നിലയിലും അലുമിനിയം ഷീറ്റ് മേഞ്ഞ് മുറികൾ നിർമിച്ചതായും താഴത്തെ നിലയിൽ റോഡിൽ നിന്ന് മതിയായ അകലം പാലിക്കാതെ മറ്റൊരു മുറി കൂടി നിർമിച്ചതായും സ്ഥല പരിശോധനയിൽ കണ്ടെത്തി. അനധികൃതമായി നിർമിച്ച മുറികളുടെ ഒരു ഭാഗം പാർപ്പിടാവശ്യത്തിനായും ഉപയോഗിച്ച് വരുന്നുണ്ട്.

പഞ്ചായത്തിൽ ലഭിച്ച ഒരു പരാതിയുടെ അടിസ്ഥാനത്തിൽ സീനിയർ ക്ലാർക്ക് ടി കെട്ടിടം പരിശോധിക്കുകയും താഴത്തെ നിലയിൽ റോഡിൽ നിന്ന് മതിയായ അകലം പാലിക്കാതെ നിർമാണത്തിന് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. മതിയായ വിവരം ശേഖരിക്കാതെ നടത്തിയ പരിശോധന നടത്തിയതിനാൽ രണ്ടാമത്തെ നിലയിലെ കെട്ടിട മുറികൾ അനധികൃതമായാണ് നിർമിച്ചതാണെന്ന് തിരിച്ചറിയാനായില്ല

കൂടാതെ ടി ഹോട്ടലിന് 2024-25 വർഷത്തേക്കുള്ള ലൈസൻസ് പുതുക്കി നൽകിയത് 2/11/2024 തീയതിയിലാണ്. ലൈസൻസ് പുതുക്കുന്നതിനുള്ള എല്ലാ അപേക്ഷകളിലും ഹെൽത്ത് ഇൻസ്‌പെക്ടർമാർ സ്ഥല പരിശോധന നടത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്.പഞ്ചായത്തിലെ രണ്ട് ഉദ്യോഗസ്ഥർ സ്ഥല പരിശോധന നടത്തിയിട്ടും അനധികൃത നിർമാണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല എന്നുള്ളത് ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ വീഴ്ചയാണ്.

കെട്ടിടങ്ങളുടെ ചട്ട പ്രകാരം ഒഴിച്ചിടേണ്ട തുറസ്സായ ഭാഗങ്ങളിലും , ടെറസ്സിലും അനധികൃത നിർമ്മാണം നടത്തുന്നത് അഗ്നിസുരക്ഷയടക്കമുള്ള വ്യവസ്ഥകളുടെ ലംഘനമാണ്. മതിയായ സുരക്ഷാ സംവിധാനങ്ങളില്ലാതെയും അപകടകരമായും അനധികൃതമായും നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പൊതുജന സുരക്ഷക്ക് ഭീഷണിയാണ്. പഞ്ചായത്തിന്റെ അനുമതിയില്ലാതെ ഘടനാപരമായി മാറ്റം വരുത്തി ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ വസ്തു നികുതി ഇനത്തിൽ സ്ഥാപനത്തിന് ഭീമമായ നഷ്ടം സംഭവിക്കാനുള്ള സാധ്യതയും നിലനിൽക്കുന്നു.

ഇതേ രീതിയിൽ മറ്റു കെട്ടിടങ്ങളിലും അനധികൃത നിർമാണങ്ങൾ നടന്നിരിക്കാനുള്ള സാധ്യതയുണ്ട്. നികുതി പരിഷ്കരണ നടപടികളുടെ ഭാഗമായി നടന്നു വരുന്ന ഫീൽഡ് തല പരിശോധന നടപടികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കി, കെട്ടിടത്തിന് അനധികൃതമായി മാറ്റം വന്ന കാലം മുതൽക്കുള്ള നികുതി പുനർനിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്. അനധികൃതമായ കെട്ടിടങ്ങൾ കെട്ടിട നിർമാണ ചട്ടങ്ങൾക്ക് വിരുദ്ധമാണെങ്കിൽ അവ പൊളിച്ച് നീക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-10 വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ

പഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങളുടെ വസ്തു നികുതി കണക്കാക്കുമ്പോൾ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ നികുതി വർധനവ് വരുത്തുന്നില്ല. കെട്ടിട ഉടമയുടെ ആവശ്യ പ്രകാരം 250 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങളെ 250 ചതുരശ്ര മീറ്ററിൽ കുറവുള്ള ചെറിയ മുറികളായി കെട്ടിട നമ്പർ നൽകുമ്പോൾ മേൽത്തരം തറ നിർമിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്താനുള്ള സംവിധാനം സഞ്ചയ സോഫ്റ്റ് വെയറിൽ ലഭ്യമല്ല. ഉദാഹരണം താഴെ കൊടുക്കുന്നു.

വാർഡ് നമ്പർ 7 ൽ തമീഷ്, ഷാജി എന്നിവർക്ക് Sc1/2883/2022 Dtd- 29/09/2022 പെർമിറ്റ് പ്രകാരം പെർമിറ്റ് നൽകിയ കെട്ടിടത്തിന് 7/503 V മുതൽ 7/503z വരെ കെട്ടിട നമ്പർ നൽകുകയും 2023-24 വർഷം ആദ്യ പകുതി മുതൽ വസ്തു നികുതി ഈടാക്കി വരുന്നുമുണ്ട്. ഈ കെട്ടിടത്തിന്റെ ആകെ വിസ്തീർണം 380.34 ചതുരശ്ര മീറ്റർ ആണ്. വസ്തു നികുതി ചട്ടങ്ങൾ പ്രകാരം തറ നിർമിതിയുടെ തരം മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ,ഗ്രാനൈറ്റ്, മറ്റ് വിലയേറിയ വസ്തുക്കൾ ആണെങ്കിൽ അടിസ്ഥാന വസ്തു നികുതിയിൽ 15% വർദ്ധനവ് വരുത്തേണ്ടതാണ്. കെട്ടിട ഉടമ നൽകിയ ഫോം 2 പ്രകാരം ടി കെട്ടിടത്തിന്റെ തറ നിർമിതി ഉയർന്ന തരത്തിലുള്ളതാണ്

സഞ്ചയ സോഫ്റ്റ് വെയർ പ്രാബല്യത്തിൽ വന്ന കാലം മുതൽ തന്നെ ഇത്തരം പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും അപാകത പരിഹരിക്കാനായി പഞ്ചായത്ത് സോഫ്റ്റ് വെയർ വിന്യസിച്ച സ്ഥാപനത്തിനെ സമീപിച്ചിട്ടില്ല എന്നത് അംഗീകരിക്കാവുന്നതല്ല. ഇത്തരത്തിൽ വസ്തു നികുതിയിൽ വരുന്ന വർദ്ധനവുകൾ കൃത്യമായി കണക്കാക്കാനുള്ള സംവിധാനം സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തിയായില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22-03-2023ലെ സ.ഉ(കൈ)നം.77/2023/LSGD നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ 01-04-2023 മുതൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം 2022-23 വർഷം വരെ വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള മുഴുവൻ കെട്ടിടങ്ങളുടെയും വാർഷിക വസ്തു നികുതിയോടൊപ്പം, 2023-24 മുതൽ ഓരോ വർഷവും, തൊട്ട് മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ 5% വീതം വർദ്ധനവ് വരുത്തി ഗ്രാമ പഞ്ചായത്തുകൾ അടുത്ത അഞ്ച് വർഷത്തേക്കുള്ള വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ വസ്തു നികുതി പരിഷ്കരണ ഉത്തരവ് സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. നികുതി പരിഷ്കരണ ഉത്തരവ് പ്രകാരം നിലവിലെ കെട്ടിടങ്ങളിൽ അധിക നിർമ്മാണം നടത്തിയത് 30-06-2023 ന് മുൻപായി പരിശോധന നടത്തി വിവരം "സഞ്ചയ" സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ടെങ്കിലും ഓഡിറ്റ് പിരീഡ് വരെ ഈ നടപടികൾ പൂർത്തീകരിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

പുതുക്കിയ വസ്തുനികുതി നിരക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയതും പുതിയ കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി ഈടാക്കി തുടങ്ങിയതും 06-07-2023 മുതലാണ്.സഞ്ചയയിൽ പുതിയ നികുതി നിരക്ക് പരിഷ്കരിച്ചതിന് മുൻപ് അതായത് (01-04-2023 സെറ്റ് ചെയ്യുന്നത് വരെ) ആകെ 109 പുതിയ കെട്ടിടങ്ങൾക്ക് നികുതി കണക്കാക്കി കെട്ടിട നമ്പർ നൽകിയിട്ടുണ്ട്. സഞ്ചയയിലെ വിവരങ്ങൾ പരിശോധിച്ചപ്പോൾ ടി കെട്ടിടങ്ങൾക്ക് പരിഷ്കരിക്കാത്ത പഴയ നിരക്കിൽ തന്നെയാണ് നികുതി ഈടാക്കി വരുന്നത് എന്ന് കാണാൻ കഴിഞ്ഞു.

മേൽ കെട്ടിടങ്ങളുടെ നികുതി പുതുക്കിയ നിരക്കിൽ സഞ്ചയയിൽ അപ്ഡേറ്റ് ചെയ്യുവാനുള്ള സജ്ജീകരങ്ങൾ ഒരുക്കുന്നതിന് IKM നെ സമീപിച്ച്, സഞ്ചയയിൽ പുതിയ മോഡ്യൂൾ വിന്യസിക്കുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ നികുതി പരിഷ്കരിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

നികുതി - പുനർ നിർണ്ണയ നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതും പുതുക്കിയ

നിരക്കിലുള്ള വസ്തു നികുതി ഡിമാന്റ് 100% ഉറപ്പ് വരുത്തി നികുതി മുഴുവൻ ഈടാക്കി വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-12 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിതകർമ്മസേന - പ്രവർത്തനാവലോകനം

സംസ്ഥാനത്തെ മാലിന്യ മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ഹരിത കേരള മിഷൻ നിലവിൽ വന്നിട്ട് ഏകദേശം 8 വർഷത്തോളമായിരിക്കുന്നു. തദ്ദേശഭരണസ്ഥാപനങ്ങളാണ് നിയമപരമായി ഈ ഉത്തരവാദിത്വം നിറവേറ്റേണ്ടത് എന്നതിനാൽ ഇക്കാര്യത്തിൽ നിലവിൽ ഗ്രാമപഞ്ചായത്ത് എത്രത്തോളം മുന്നേറി എന്ന് ഓഡിറ്റ് പരിശോധിക്കുകയുണ്ടായി. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

(1) ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്വം – ബാധകമായ നിയമങ്ങളും ചട്ടങ്ങളും സർക്കാർ നിർദ്ദേശങ്ങളും

| നിയമങ്ങൾ | ചട്ടങ്ങൾ | സർക്കാർ നിർദ്ദേശങ്ങൾ |
|---|---|---|
| എ) പരിസ്ഥിതി സംരക്ഷണ നിയമം-1986 | 1)2016 ലെ ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ | 1) 26.5.17ലെ ഹരിതകേരള മിഷൻ ശുചിത്വ മാലിന്യ സംസ്കരണ ക്യാമ്പയിൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ |
| ബി) കേ.പ.രാജ് ആക്ട് 1994-അനിവാര്യ ചുമതലകൾ , സെക്ഷൻ 218, 219(എ) മുതൽ (എക്സ്) വരെയുള്ളവ എന്നിവ ശ്രദ്ധിക്കുക | 2) 2016 ലെ പ്ലാസ്റ്റിക് മാലിന്യ സംസ്കരണ ചട്ടങ്ങൾ | 2)15.7.17 ലെ MS 2420/17/ LSGD നമ്പർ ഉത്തരവ് പ്രകാരമുള്ള ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ |
| സി) 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് (2023ഡിസംബർ 9-ാം തീയതി പ്രാബല്യത്തിൽ വന്നത്) | 3) 2016 ലെ ഇ വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ | 3)12.08.2020ലെ 1496/2020/ തസ്വഭവ നമ്പർ പ്രവർത്തനമാർഗ്ഗരേഖ |
| ഡി)കേ.മു.ആക്ട് 1994-അനിവാര്യ ചുമതലകൾ സെക്ഷൻ 326,329,331,332,334, 334എ,ബി,സി,335,336 മുതൽ345വരെയുള്ളവ എന്നിവ ശ്രദ്ധിക്കുക | 4) 2016 ലെ ഹസാർഡസ് വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ | -- |
| ഇ)2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് (2023 ഡിസംബർ 9-ാം | 5)2016 ലെ ബയോ മെഡിക്കൽ വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ | -- |

| | | |
|---|---|---|
| തീയതി<br>പ്രാബല്യത്തിൽ വന്നത്) | | |
| -- | 6)2016 ലെ കൺസ്ട്രക്ഷൻ &ഡിമോളിഷ് വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ | -- |

2. ക്രമ നമ്പർ (ബി) പ്രകാരമുള്ള കേരള പഞ്ചായത്ത് രാജ് ആക്ടിലെ മേൽപറഞ്ഞ നിയമങ്ങൾ ( III (എ) കൂടി കാണുക) പ്രകാരം പഞ്ചായത്തിന്റേയും പൗരന്മാരുടേയും പ്രധാന ചുമതലകൾ

| പഞ്ചായത്തിന്റെ ചുമതലകൾ | പൗരന്മാരുടെ ചുമതലകൾ |
|---|---|
| എ) ചവറും ഖരാവസ്ഥയിലുള്ള മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനുള്ള ഏർപ്പാട് ചെയ്യുക<br>ബി) വീടുവീടാന്തരമുള്ളചവറുശേഖരണത്തിന് ഏർപ്പാട് ചെയ്യുക<br>സി) ഖരമാലിന്യങ്ങൾ ആത്യന്തികമായി കൈയ്യൊഴിയുന്നതിന് ആവശ്യമായ സ്ഥലവും സംവിധാനവും ഒരുക്കുക<br>ഡി)മാലിന്യവും മറ്റും നീക്കം ചെയ്യുന്നതിന് മൂടിയുള്ള വണ്ടി ഉപയോഗിക്കുക | എ) മാലിന്യം ഉറവിടത്തിൽ തന്നെ കൈകാര്യം ചെയ്യുക<br>ബി) സാധനങ്ങൾ കൊണ്ടു പോകുന്നതിനുള്ള പ്ലാസ്റ്റിക് സഞ്ചികളുടെയു കവറുകളുടെയും ഉപയോഗം നിയന്ത്രിക്കുക<br>സി)പ്ലാസ്റ്റിക് മാലിന്യങ്ങൾ യുക്തമായ രീതിയിൽ കൈകാര്യം ചെയ്യുക<br>ഡി)പരിസരങ്ങളിൽ മാലിന്യം സൂക്ഷിക്കാതിരിക്കുക<br>ഇ) മാലിന്യം ബഹിർഗമിപ്പിക്കാതിരിക്കുക<br>എഫ്)ചവറോ മറ്റ് മാലിന്യങ്ങളോ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കാതിരിക്കുക<br>ജി)മാലിന്യങ്ങൾ ജലാശയങ്ങളിലോ ജലസ്രോതസ്സുകളിലോ നിക്ഷേപിക്കാതിരിക്കുക |

3. ക്രമനമ്പർ (1) പ്രകാരമുള്ള ബാധകമായ നിയമങ്ങളും ചട്ടങ്ങളും സർക്കാർ നിർദ്ദേശങ്ങളും പ്രകാരം ഗ്രാമപഞ്ചായത്ത് നിർവ്വഹിക്കേണ്ട കാര്യങ്ങളും നിലവിലെ അവസ്ഥയും

ക്രമനമ്പർ (1) ൽ പരാമർശിച്ച ചട്ടങ്ങളിൽ പ്രതിപാദിക്കുന്നതനുസരിച്ച് കേരള സർക്കാർ ഇക്കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ പോളിസിയും സ്ട്രാറ്റജിയും ഹരിതകേരള മിഷൻ മാർഗ്ഗരേഖയിലൂടെ പുറപ്പെടുവിച്ചിട്ടുണ്ട്. ചട്ടങ്ങളും ഹരിതകേരള മിഷൻ മാർഗ്ഗരേഖകളും പരിഗണിക്കുമ്പോൾ താഴെ പറയുന്ന നടപടികൾ മാലിന്യ നിർമ്മാർജ്ജനത്തിന്റെ കാര്യത്തിൽ പഞ്ചായത്ത് സ്വീകരിക്കേണ്ടതുണ്ട്.

| ക്രമ നം | പഞ്ചായത്ത് സ്വീകരിക്കേണ്ട നടപടികൾ | നിലവിലെ അവസ്ഥ |
|---|---|---|
| 1 | 2016 ലെ ഖരമാലിന്യ സംസ്കരണ ചട്ടത്തിൻ കീഴിൽ സംസ്ഥാന സർക്കാരുണ്ടാക്കുന്ന പോളിസിക്കും സ്ട്രാറ്റജിക്കും അനുസൃതമായി മേൽ പോളിസി വിജ്ഞാപനം ചെയ്യുക | ഇപ്രകാരം ഒരു പ്ലാൻ നാളിതുവരെ തയ്യാറാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| | | 6മാസത്തിനുള്ളിൽ ഒരു ഖരമാലിന്യ മാനേജ് മെന്റ് പ്ലാൻ തയ്യാറാക്കേണ്ടതും അതിന്റെ പകർപ്പ് സർക്കാരിനോ സർക്കാർ നിശ്ചയിക്കുന്ന ഏജൻസിക്കോ നല്കേണ്ടതുമാണ്.ഈ പ്ലാൻ തയ്യാറാക്കേണ്ടത് ഹരിതകേരള മിഷന്റെ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചായിരിക്കേണ്ടതാണ്. | | |
| | 2 | 2)മേൽചട്ടം നിലവിൽ വന്ന് ഒരു വർഷത്തിനകം മേൽ ചട്ടത്തിലെയും പ്ലാസ്റ്റിക് ഖരമാലിന്യ സംസ്കരണ ചട്ടത്തിലെയുംവ്യവസ്ഥകൾ ഉൾപ്പെടുത്തി ബൈലോ തയ്യാറാക്കി ആയതിന്റെ സമയബന്ധിതമായ നിർവ്വഹണം ഉറപ്പുവരുത്തേണ്ടതാണ്. ഈ ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെയുള്ള സ്പോട്ട് ഫൈൻ നിശ്ചയിച്ചും 50 മൈക്രോണിൽ കുറഞ്ഞ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം നിരോധിച്ചും ഈ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെ നിർമ്മിക്കപ്പെടുന്ന പ്ലാസ്റ്റിക് നിരോധിച്ചു കൊണ്ടും ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കുള്ള പിഴ നിശ്ചയിച്ചുകൊണ്ടുമുള്ള വ്യവസ്ഥകൾ ബൈലോയുടെ ഭാഗമാകേണ്ടതാണ്. പ്ലാസ്റ്റിക് ക്യാരി ബാഗിൽ സാധനങ്ങൾ നല്കാനാഗ്രഹിക്കുന്ന കച്ചവടക്കാർ ഇക്കാര്യത്തിൽ പ്രതിമാസം 4000/- രൂപ ഒടുക്കി തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും ലൈസൻസ് എടുക്കണമെന്നും പണം വാങ്ങി മാത്രമേ ഇപ്രകാരം ബാഗ് ആവശ്യക്കാർക്ക് നല്കാവൂയെന്നും ഇതിൽ വ്യവസ്ഥ ചെയ്യേണ്ടതാണ് . | ബൈലോ തയ്യാറാക്കി അംഗീകരിക്കുന്നതിൽ സമയക്രമം പാലിച്ചിട്ടില്ല. 4/7/22 തീയതിയിലാണ് ഇത് അംഗീകരിച്ചിരിക്കുന്നത്. ആവശ്യമായ വ്യവസ്ഥകൾ എല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്. | |
| | 3 | 3)ജൈവമാലിന്യങ്ങളുടെ കാര്യത്തിൽ ഉറവിട മാലിന്യ സംസ്കരണം ലക്ഷ്യം വയ്ക്കേണ്ടതും പരാമാവധി വീടുകളിലും സ്ഥാപനങ്ങളിലും ഉറവിടമാലിന്യ സംവിധാനങ്ങൾ ഒരുക്കുവനുള്ള പ്രവർത്തനങ്ങൾ വീടുവീടാന്തരം സന്ദർശിച്ച് നടത്തേണ്ടതുമാണ്. ഇത്തരം സംവിധാനങ്ങൾ സ്വന്തം നിലയ്ക്ക് ഒരുക്കാൻ സ്ഥലപരിമിതിയുള്ളവർക്കും തെരുവുശുചീകരണത്തിന്റെ | പ്രത്യേക ഖണ്ഡിക കാണുക | |

| | | |
|---|---|---|
| | ഭാഗമായുണ്ടാകുന്ന ജൈവമാലിന്യങ്ങൾക്കും വേണ്ടി പൊതുസംവിധാനങ്ങൾ ഒരുക്കേണ്ടതാണ്. | |
| 4 | 4)ഉപയോഗം കുറക്കുക, ഉല്പാദനം കുറക്കുന്നതിലേക്കായി പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണം പ്രോത്സാഹപ്പിക്കുക എന്നതായിരിക്കണം അജൈവ മാലിന്യത്തോടുള്ള സമീപനം. അജൈവമാലിന്യങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഇക്കാര്യത്തിനായി നോട്ടിഫൈ ചെയ്ത നിശ്ചിത ഫീസ് ഈടാക്കി നിശ്ചിത ഇടവേളകളിൽ ശേഖരിക്കുക, ഇവ ഇതിനായി തയ്യാറാക്കുന്ന മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (MRF) സെന്ററിൽ ശേഖരിച്ച് രണ്ടാംഘട്ട തരം തിരിവ് നടത്തി (ഒന്നാം ഘട്ടം ഉറവിടത്തിൽ തന്നെ നടക്കുന്നു) റീ സൈക്ലിംഗ് വ്യവസായത്തിന് നല്കുക, റീ സൈക്ലിംഗിന് വിധേയമാക്കാനാവാത്തവ കഴുകുന്നതിനും ഷ്രഡ്ഡിംഗിന് വിധേയമാക്കുന്നതിനും യന്ത്രവൽകൃത MRF സെന്ററുകൾ സ്ഥാപിക്കുക, ഷ്രഡ്ഡിംഗിന് വിധേയമായവ റോഡ് പ്രവർത്തിക്കൾക്ക് ഉപയോഗപ്പെടുത്തുക എന്നതായിരിക്കണം പ്രവർത്തനരീതി. മേൽ പ്രവർത്തനങ്ങളുടെ മുൻപിൻ ബന്ധം ഉറപ്പുവരുത്തുന്നതിനായി ഖരമാലിന്യങ്ങൾ അനൗപചാരികമായി ശേഖരിക്കുകയും വ്യാപാരം നടത്തുകയും ചെയ്യുന്ന സ്ക്രാപ് ഡീലർമാരെ മേൽ സംവിധാനവുമായി ബന്ധിപ്പിക്കേണ്ടതും അജൈവമാലിന്യങ്ങളുടെ പുനരുപയോഗം ഉറപ്പുവരുത്താൻ സ്വാപ് ഷോപ്പുകൾ (ചിലർക്ക് കൈയ്യൊഴിയേണ്ടതും മറ്റ് ചിലർക്ക് ആവശ്യംവരുന്നതുമായ വസ്തുക്കൾ കൊടുക്കുന്നതിനും വാങ്ങുന്നതിനും ഉള്ള സംവിധാനം) ഇതോടനുബന്ധിച്ച് റിപ്പയർ ഷോപ്പുകൾ എന്നിവ സ്ഥാപിക്കേണ്ടതുമാണ്. | പ്രസക്ത ഖണ്ഡികകൾ കാണുക |
| | 5) അജൈവമാലിന്യങ്ങളുടെ അളവ് കുറക്കുന്നതിനായി ഓഫീസുകളിലും പൊതുസ്ഥലങ്ങളിലും ഹരിതമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ (10 നിർദ്ദേശങ്ങൾ) പാലിക്കേണ്ടതാണ് . | വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് |
| | 6) ക്രമ നം 3, 4 എന്നിവയിൽ പ്രതിപാദിച്ച കാര്യങ്ങൾക്കായി നിർദ്ദേശിക്കപ്പെട്ട | ഹരിതകർമ്മസേന രൂപീകരിച്ചിട്ടുണ്ട്. മറ്റ് കാര്യങ്ങൾ |

| | | | | |
|---|---|---|---|---|
| | | രീതിയിൽ ഹരിതകർമ്മ സേന രൂപീകരിക്കേണ്ടതാണ്. വീട്ടുവീടാന്തരം സന്ദർശിച്ച് ബോധവത്കരണം നടത്തുക, നിലവിലെ മാലിന്യത്തിന്റെ തോത് കണ്ടെത്തി ആസൂത്രണത്തിനായി ഉപയോഗപ്പെടുത്തുക, നിലവിലെ സംസ്കരണ രീതി പരിശോധിക്കുക, ഉപയോഗപ്പെടുത്താവുന്ന സംവിധാനങ്ങൾ പരിചയപ്പെടുത്തുക എന്നിവ ഇവരുടെ പ്രാഥമിക കർത്തവ്യങ്ങളും അജൈവമാലിന്യങ്ങളുടെ ശേഖരണം, ഗുണഭോക്താക്കൾക്ക് ആവശ്യമായ സാങ്കേതിക സഹായം നല്കുക,മോണിറ്ററിംഗ് നടത്തുക എന്നിവ തുടർ പ്രവർത്തനങ്ങളുമാകുന്നു. ബോധവൽക്കരണം സർവ്വേ എന്നിവക്കായി വ്യാപകമായ പ്രചരണം നല്കേണ്ടതുണ്ട്. | പ്രസക്ത ഖണ്ഡികകളിൽ പ്രതിപാദിച്ചത് കാണുക | |
| | | 7) ഹരിതകർമ്മസേനയ്ക്ക് സാങ്കേതികസഹായം ലഭ്യമാക്കുന്നതിന് ഒരു ഹരിതസഹായ സ്ഥാപനത്തിന്റെ സഹായം സ്ഥാപനം ലഭ്യമാക്കേണ്ടതാണ്. പ്രൊഫഷണലായി മാലിന്യപ്രശ്നം കൈകാര്യം ചെയ്തു പരിചയമുള്ള ഇവരുടെ മേൽനോട്ടത്തിലാണ് ഹരിതകർമ്മസേന സർവ്വേ നടത്തേണ്ടതും തങ്ങളുടെ പ്രവർത്തനങ്ങൾ നടത്തേണ്ടതും. മേൽ സർവ്വേ റിപ്പോർട്ട് അടിസ്ഥാനപ്പെടുത്തി സ്ഥാപനത്തിന്റെ മാലിന്യ സംസ്കരണത്തിനുള്ള വിശദമായ ഡി പി ആർ ഇവർ തയ്യാറാക്കേണ്ടതുണ്ട്. കർമ്മസേനാംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നല്കുക, അവരുടെ പ്രവർത്തനം മോണിറ്റർ ചെയ്ത് പോരായ്മകൾ ഉണ്ടെങ്കിൽ പരിഹരിക്കുക ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുക എന്നിവ ഉത്തരവാദിത്വങ്ങളിൽ പെടുന്നു. | ഒരു സ്ഥാപനത്തിന്റെ സഹായം ഉപയോഗപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ഇവരുടെ പ്രവർത്തനം കാര്യക്ഷമമായിരുന്നില്ലെന്ന് നിലവിലെ സ്ഥിതി വ്യക്തമാക്കുന്നു. | |
| | | 8) നിക്ഷേപകൻ (സംസ്കരണത്തിനുള്ള അടിസ്ഥാന സൗകര്യമൊരുക്കുന്നതിന്), പ്രേരണ ചെലുത്തുക (സംസ്കരണപ്രവർത്തനങ്ങൾ കാര്യക്ഷമമാകുന്നതിന്), പദ്ധതി ആവിഷ്കാര നിർവ്വഹണം, സാങ്കേതിക വിദ്യ ലഭ്യമാക്കൽ,നിയമങ്ങൾ നടപ്പാക്കൽ, നിരീക്ഷണം എന്നീ 6 ഘടകങ്ങൾ | പ്രസക്തഖണ്ഡികകളിൽ പ്രതിപാദിച്ചത് കാണുക | |

| | | |
|---|---|---|
| | അടങ്ങിയതാണ് സ്ഥാപനത്തിന്റെ ഉത്തരവാദിത്വം. ഹരിത കർമ്മസേനയുടെയും സഹായ സ്ഥാപനത്തിന്റെയും പ്രവർത്തനങ്ങൾക്ക് ആവശ്യമെങ്കിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് നല്കേണ്ടതുമാണ്. കൂടാതെ സ്ഥാപന പരിധിയിലെ എല്ലാ പരിപാടികളിലും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുക എന്നതും ചുമതലയിൽപ്പെടുന്നു. | |
| | 9) തദ്ദേശസ്ഥാപനതലത്തിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സണായി സാങ്കേതിക സമിതി രൂപീകരിക്കണം .മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ സ്ഥാപനതലത്തിലുള്ള എല്ലാ മേൽനോട്ടവും സമിതിയിൽ നിക്ഷിപ്തമാണ്. | നാളിതുവരെ രൂപീകരിച്ചിട്ടില്ല |
| | 10)സ്ഥാപനത്തെ നിശ്ചിത സമയത്തിനുള്ളിൽ (ഡി പി ആറിൽ സൂചിപ്പിക്കുന്ന കാലയളവിനുള്ളിൽ) സീറോവെസ്റ്റ് എന്ന സ്ഥിതിവിശേഷത്തിൽ എത്തിക്കുക. | 23.01.2024 ന് സമ്പൂർണ്ണമാലിന്യ മുക്തഗ്രാമമായി പ്രഖ്യാപിച്ചെങ്കിലും വിടവുകൾ നിലനിവല്ക്കുന്നതായി നിലവിലെ അവസ്ഥ സൂചിപ്പിക്കുന്നു |

4.നിലവിലെ അവസ്ഥ

23.01.2024ന് മേപ്പയൂർ ഗ്രാമപഞ്ചായത്തിനെ സമ്പൂർണ്ണമാലിന്യ മുക്തഗ്രാമമായി പ്രഖ്യാപിച്ചിട്ടുണ്ട്. മാലിന്യ കൂമ്പാരങ്ങൾ ഇല്ലാതിരിക്കുക,മാലിന്യം വലിച്ചെറിയപ്പെടുന്ന സ്ഥിതിവിശേഷം ഇല്ലാതിരിക്കുക, എല്ലാ വീടുകളും മറ്റ് സ്ഥാപനങ്ങളും അജൈവമാലിന്യങ്ങൾ പ്രതിമാസം ഫീസ് നല്കി ഹരിതകർമ്മസേനയ്ക്ക് കൈമാറുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുക, ജലാശയങ്ങൾ മാലിന്യ മുക്തമാകുക, ഉറവിട മാലിന്യസംസ്കരണ സാധ്യത നിലനില്ക്കുക തുടങ്ങിയ ഘടകങ്ങൾ അടിസ്ഥനപ്പെടുത്തിയാണ് ഗ്രാമം മാലിന്യമുക്തമെന്ന് പ്രഖ്യാപിക്കപ്പെടുന്നത്. മേല്പറഞ്ഞ നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കുന്നതിൽ സ്ഥാപനം വളരെ മുന്നോട്ടു പോയെന്ന് ഈ പ്രഖ്യാപനം സാക്ഷ്യപ്പെടുത്തുന്നു. എങ്കിലും ഈ നിയമങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് നിർവ്വഹിക്കേണ്ട കാര്യങ്ങളിൽ എത്രത്തോളം മുന്നോട്ട് പോയെന്ന് ഓഡിറ്റ് പരിശോധിക്കുകയുണ്ടായി. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

5.ഹരിത കർമ്മസേനയുടെ പ്രവർത്തനം

ക്രമ നം.4 ൽ പ്രതിപാദിച്ച പ്രകാരമുള്ള ഹരിത കർമ്മ സേന 2018 ൽ തന്നെ സ്ഥാപനത്തിൽ രൂപീകരിച്ചിട്ടുണ്ട്. 17 വാർഡുകളുള്ള സ്ഥാപനത്തിൽ നിലവിൽ ആകെ 34 അംഗങ്ങൾ സേനയിലുണ്ട്. എന്നാൽ ഒരു വർഷം മുമ്പ് വരെ ആകെ 20 പേർ മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നും ഈ അടുത്ത കാലത്താണ് പൂർണ്ണ തോതിൽ അംഗങ്ങൾ നിയമിക്കപ്പെട്ടതെന്നും വ്യക്തമാക്കിയട്ടുണ്ട്. നിലവിൽ പ്രതിമാസം എല്ലാ വീടുകളും മറ്റ് സ്ഥാപനങ്ങളും സന്ദർശിച്ച് അജൈവമാലിന്യങ്ങൾ ശേഖരിച്ചു വരുന്നെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ ഓഡിറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. താഴെ കൊടുത്ത വിശദാംശങ്ങൾ സേനയുടെ പ്രവർത്തനം എത്രത്തോളമെന്ന് വ്യക്തമാക്കുന്നുണ്ട്.

എ) ഹരിത കർമ്മസേന പിരിച്ചെടുത്ത പ്രതിമാസ ഫീസ് വിവരങ്ങൾ-3/23 ലേയും 3/24ലേയും താരതമ്യം

| ആകെ കെട്ടിടങ്ങൾ | ഫീസ് പിരിച്ചെടുത്ത കെട്ടിടങ്ങളുടെ എണ്ണം | ആകെ പിരിച്ചെടുത്ത ഫീസ് | പിരിവിന്റെ ശതമാനം |
|---|---|---|---|

| വീടുകൾ | മറ്റ് കെട്ടിടങ്ങൾ | 2023 മാർച്ച് മാസം | | 2024 മാർച്ച് മാസം | | 2023 മാർച്ച് മാസം | | 2024 മാർച്ച് മാസം | | 2023 മാർച്ച് മാസം | | 2024 മാർച്ച് മാസം | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | വീടുകള് | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ |
| 7202 | 648 | 869 | 78 | 2962 | 169 | 61430 | 10530 | 286424 | 21655 | 12 | 12 | 41.12 | 26.08 |

2018 ൽ പ്രവർത്തനമാരംഭിച്ചിട്ടും കാര്യമായ പുരോഗതി 2024 മാർച്ച് മാസത്തിലും അജൈവമാലിന്യ ശേഖരണത്തിൽ ഉണ്ടായിട്ടില്ലെന്ന് കണക്കുകൾ കാണിക്കുന്നു. 2023മാർച്ച് മാസത്തിൽ 12 ശതമാനമായിരുന്ന വീടുകളിലേയും മറ്റ് സ്ഥാപനങ്ങളിലേയും അജൈവവസ്തു ശേഖരണം 2024 മാർച്ച് മാസത്തിൽ യഥാക്രമം 41.12 ഉം 26.08 ഉം ശതമാനമാക്കാൻ മാത്രമാണ് സേനയ്ക്കായത്. ഇതുകൊണ്ടുതന്നെ വളരെ കുറഞ്ഞ തുക മാത്രമാണ് ഫീസിനത്തിൽ ലഭിക്കുന്നതെന്ന് കാണാം. കഴിഞ്ഞ 3 വർഷങ്ങളിൽ ഫീസിനത്തിൽ ലഭിച്ച വരുമാനത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ലഭിക്കേണ്ട ആകെ ഫീസ് | 2021-22 | | 2022-23 | | 2023-24 | |
|---|---|---|---|---|---|---|
| | പിരിവ് | പിരിവ് ശതമാനം | പിരിവ് | പിരിവ് ശതമാനം | പിരിവ് | പിരിവ് ശതമാനം |
| 5098800 | 1120620 | 21.98 | 1439795 | 28.23 | 2503078 | 49.09 |

2021-22 വർഷത്തിൽ 21.98 ശതമാനമായിരുന്ന ഫീസ് ഓഡിറ്റ് വർഷത്തിലും 50 ശതമാനത്തിലെത്തിയില്ലെന്ന് കണക്കുകൾ കാണിക്കുന്നു. പിരിവിലുണ്ടായ നേരിയ പുരോഗതി മൂലം നിലവിൽ പ്രതിമാസം ശരാശരി 12500/- രൂപ സേനാംഗങ്ങൾക്ക് ലഭിക്കുന്നുണ്ടെന്ന് ഓഡിറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. മുൻകാലത്ത് പ്രവർത്തനം ശുഷ്കമായതിനാൽ 2021-22 വരെയുള്ള കാലയളവിൽ വി ജി എഫ് നല്കേണ്ട സ്ഥിതിവിശേഷം സ്ഥാപനത്തിലുണ്ടായിട്ടുണ്ട്. ഹരിതസേനയുടെ പ്രവർത്തനം പൂർണ്ണതോതിലെത്താൻ ഇനിയും ഇടപെടലുകൾ ആവശ്യമാണെന്ന് ഈ വസ്തുതകൾ വ്യക്തമാകുന്നു.

സ്മാർട്ട് ഗാർബേജ് പദ്ധതിയുടെ നിർവ്വഹണം പരിശോധിക്കുമ്പോഴും ചില വിടവുകൾ ശ്രദ്ധയിൽ പെടുന്നു. ഗ്രാമപഞ്ചായത്തിൽ നിലവിൽ കെട്ടിടനികുതി ഡിമാന്റിൽ ഉൾപ്പെട്ട കെട്ടിടങ്ങളുടെ എണ്ണം, സ്മാർട്ട് ഗാർബേജ് പ്രൊജക്ട് പ്രകാരം ആകെ QRകോഡ് പതിച്ച കെട്ടിടങ്ങളുടെ എണ്ണം, QRകോഡ് പതിച്ച കെട്ടിടങ്ങളിൽ സബ്സ്ക്രിപ്ഷൻ എടുത്ത കെട്ടിടങ്ങളുടെ എണ്ണം, നിലവിൽ പ്രതിമാസം ഫീസ് നല്കി മാലിന്യം കൈമാറുന്ന കെട്ടിടങ്ങളുടെ കണക്കുകൾ എന്നിവ തമ്മിൽ താഴെ കൊടുത്ത പ്രകാരം വൻ അന്തരം നിലനില്ക്കുന്നതായി കാണുന്നു.

| ആകെ കെട്ടിടങ്ങൾ | | | | |
|---|---|---|---|---|
| നിലവിലെ ഡിമാന്റ് പ്രകാരം | QRകോഡ് പതിച്ചവ | സബ്സ്ക്രൈബ് ചെയ്തവ | നിലവിൽ പിരിക്കുന്നവ (മാർച്ച് 31ന്) | |
| | | | വീടുകൾ | മറ്റ് കെട്ടിടങ്ങൾ |
| 10725 | 9460 | 8718 | 7202 | 648 |

പുതിയ കെട്ടിടങ്ങൾ നിലവിൽ വരുമ്പോൾ അവയ്ക്ക് സമയബന്ധിതമായി QRകോഡ് പതിച്ച് അവയെ മാലിന്യ ശേഖരണ പരിപാടിയിൽ ഉൾപ്പെടുത്തുന്നില്ലെന്ന് കണക്കുകൾ കാണിക്കുന്നു. കൂടാതെ QRകോഡ് പതിച്ച കെട്ടിടങ്ങൾ മുഴുവൻ സബ്സ്ക്രൈബ് ചെയ്യാപ്പെടാത്തതും സബ്സ്ക്രൈബ് ചെയ്തവയിൽ നിന്നും പൂർണ്ണമായും പ്രതിമാസം ഫീസ് പിരിക്കാത്തതും ശ്രദ്ധേയമാണ്. കണക്കുകളിലെ ഈ വിടവുകൾക്കുള്ള കാരണം വിശദീകരിക്കേണ്ടതുണ്ട്.

ബി) റിജക്ട് മാലിന്യത്തിന്റെ ശേഖരണവും കൈയ്യൊഴിയലും

പ്രതിമാസ ഫീസ് പിരിക്കുന്നതിനൊപ്പം വേർതിരിച്ച, പുനരുപയോഗ സാധ്യമായ മാലിന്യങ്ങളും

വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാകുന്ന റിജക്റ്റ് മാലിന്യങ്ങളും സേന സ്വീകരിക്കുന്നുണ്ട്. എന്നാൽ പ്രതിമാസ ഫീസ് മാത്രം വാങ്ങിയാണ് 12/2023 വരെ സേന റിജക്റ്റ് മാലിന്യവും ശേഖരിച്ചത്. ഇതുമൂലം ഇങ്ങനെ ശേഖരിക്കപ്പെടുന്ന റിജക്റ്റ് മാലിന്യം കൈയ്യൊഴിയുന്നതിന് വൻ തുക വർഷങ്ങളായി ഗ്രാമപഞ്ചായത്ത് വിനിയോഗിക്കേണ്ടി വന്നിട്ടുണ്ട്. 2020-21 മുതൽ 2023-24വരെയുള്ള ചെലവ് വിവരം താഴെ കൊടുക്കുന്നു.

| വർഷം | തുക |
|---|---|
| 2020-21 | 114835 |
| 2021-22 | 800000 |
| 2022-23 | 786468 |
| 2023-24 | 665800 |

'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം' എന്നതായിരിക്കെ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച റിജക്റ്റ് മാലിന്യം വർഷങ്ങളായി പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് കൈയ്യൊഴിഞ്ഞത് വിശദീകരിക്കേണ്ടതാണ്

6.ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക ഇടപെടലുകൾ

2019-20 മുതൽ 2023-24 വരെയുള്ള വർഷങ്ങളിൽ ഈ മേഖലയിൽ താഴെ കൊടുത്ത വിധം ഗ്രാമപഞ്ചായത്ത് തുക വിനിയോഗിച്ചിട്ടുണ്ട്.

| വർഷം | ആകെ വിനിയോഗിച്ച തുക |
|---|---|
| 2018-19 | 1138472 |
| 2019-20 | 1587975 |
| 2020-21 | 453393 |
| 2021-22 | 1614194 |
| 2022-23 | 1186488 |
| 2023-24 | 2414120 |

MCFസ്ഥാപിക്കൽ, MCFൽ അടിസ്ഥാന സൗകര്യമൊരുക്കൽ, ഹരിത സേനയ്ക്ക് VGF നൽകൽ, ഹരിത സേനയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ, യൂസർഫീസ് ഇളവ് ഇനത്തിൽ സേനയ്ക്ക് വിഹിതം നല്കൽ അജൈവമാലിന്യം കയറ്റി അയച്ച ഇനത്തിൽ തുക നൽകൽ, സ്മാർട്ട് ഗാർബേജ് പദ്ധതി നടപ്പിലാക്കൽ, റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്യൽ, തുടങ്ങിയ ഇനങ്ങളിലാണ് ഈ വർഷങ്ങളിൽ തുക ചെലവഴിച്ചിരിക്കുന്നത്. മേല്പറഞ്ഞ ഇടപെടലുകളിൽ പോരായ്മ/അപാകത നിലനില്ക്കുന്ന പ്രധാന മേഖലകൾ താഴെ കൊടുക്കുന്നു.

എ) MCFലെ അടിസ്ഥാന സൗകര്യം - ഏകദേശം 100 M2 മാത്രം വിസ്തൃതിയിലുള്ള MCF ആണ് സ്ഥാപനത്തിൽ ഒരുക്കിയത്. പരിമിത സൗകര്യത്തിലാണ് ഇത് നിലവിൽ പ്രവർത്തിക്കുന്നതെന്ന് കാണാം. കെട്ടിത്തിൽ വെയിംഗ് മെഷീൻ, ഫയർ എക്സ്റ്റിംഗ്കൃഷർ, ക്യാമറ എന്നിവ ഒഴികെ മറ്റ് ഉപകരണങ്ങളൊന്നും തന്നെ ലഭ്യാമാക്കിയിട്ടില്ലെന്ന് ഓഡിറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതുകൊണ്ടു തന്നെ ഇവിടെ വച്ച് സെഗ്രഗേഷൻ ബെയിലിംഗ് തുടങ്ങിയ തുടർപ്രവർത്തനങ്ങളൊന്നും തന്നെ നടക്കുന്നില്ല. വീടുകളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ ഇവിടെ ശേഖരിച്ച് ഏജൻസിക്ക് കൈമാറുന്ന ഇടമായാണ് നിലവിൽ പ്രധാനമായും ഇത് ഉപയോഗപ്പെടുത്തുന്നത്. എന്നാൽ സേനാംഗങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ബി) യൂസർഫീസ് ഇളവ് ഇനത്തിൽ സേനയ്ക്ക് വിഹിതം നല്കൽ - അതിദരിദ്രർ, അഗതി ആശ്രയ പദ്ധതിയിൽ പെട്ടവർ എന്നീ വിഭാഗങ്ങളിലായി ആകെ 139 കുടുംബങ്ങൾ സ്ഥാപനത്തിലുണ്ട്. ഇവരുടെ

വീട്ടുകളിൽ നിന്നും മാലിന്യം പ്രതിമാസം ശേഖരിക്കുന്നുണ്ടെങ്കിലും ഇതിന്റെ ഫീസ് സർക്കാർ നിർദ്ദേശ പ്രകാരം ഗ്രാമപഞ്ചായത്താണ് നല്കേണ്ടത്. പ്രതിമാസം 50/- രൂപ നിരക്കിൽ 83400/- രൂപ പ്രതിവർഷം (139X50X12) സേനയ്ക്ക് ഗ്രാമപഞ്ചായത്ത് നല്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം മാത്രമാണ് ഈ തുക നല്കിയിരിക്കുന്നത്.അതുതന്നെ അർഹതപ്പെട്ടതിലും വളരെ കുറവാണ്. ആകെ 17620/-രൂപ മാത്രമാണ് ലഭ്യമാക്കിയത്.

സി) ഉറവിട മാലിന്യ സംസ്കരണം - വി ഇ ഒ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ജൈവമാലിന്യ സംസ്കരണത്തിനായി വീടുകളിൽ ബക്കറ്റ് കംമ്പോസ്റ്റ്/റിംഗ് കമ്പോസ്ററ് യൂണിറ്റുകൾ വിതരണം ചെയ്തയിനത്തിൽ താഴെ കൊടുത്ത പ്രകാരം ചെലവുണ്ടായിട്ടുണ്ട്.

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2020-21 | 391000 |
| 2021-22 | 445920 |
| 2022-23 | 0 |
| 2023-24 | 2583750 |
| ആകെ | 3420670 |
| ആകെ നല്കിയ യൂണിറ്റുകൾ | 1279 |

ആകെ 1279 യൂണിറ്റുകൾ മാത്രമാണ് നാളിതുവരെ വിതരണം ചെയ്തിരിക്കുന്നത്. നിലവിൽ 7202 വീട്ടുകളിൽ നിന്നും അജൈവ പാഴ്വസതുക്കൾ ശേഖരിക്കപ്പെടുന്നതിനാൽ ഇനിയും 5923(7202-1279) വീടുകൾക്ക് കമ്പോസ്ററ് യൂണിറ്റുകൾ വിതരണം ചെയ്യാൻ ബാക്കിയുണ്ടെന്ന് കാണാം. ഇതിൽ നിലവിൽ സ്വന്തം നിലയ്ക്ക് സംവിധാനം ഒരുക്കിയവർ എത്രയുണ്ടെന്ന് വ്യക്തതയില്ല. എത്ര കാലം കൊണ്ട് എല്ലാ ഗൃഹങ്ങളിലും ഈ സംവിധാനം ഒരുക്കും എന്നത് സംബന്ധിച്ച് ഒരു പ്ലാൻ സ്ഥാപനത്തിനില്ലെന്ന് കാണുന്നു. മറ്റ് കെട്ടിടങ്ങളുടെ കാര്യത്തിൽ ഉറവിട മാലിന്യസംസ്കരണം ആവശ്യമായ ഇടങ്ങളിൽ എത്രത്തോളം ഇവ സ്ഥാപിക്കപ്പെട്ടെന്ന് വ്യക്തമല്ല.

ഡി) അജൈവമാലിന്യം(റിജക്ട്) കയറ്റി അയച്ച ഇനത്തിലെ ചെലവ്- അജൈവമാലിന്യം കയറ്റി അയച്ച ഇനത്തിൽ പ്രൊജക്ട് തയ്യാറാക്കി തുക നൽകിയിട്ടുണ്ട്. ഇതിന്റെ വിശദാംശം ഖണ്ഡിക 5(ബി)യിൽ പ്രതിപാദിച്ചിട്ടുണ്ട്. വീടുകളിൽ/സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന റിജക്റ്റ് മാലിന്യങ്ങൾക്ക് പ്രത്യേക ഫീസ് ഈടാക്കി അതിൽ നിന്നും അവ കയറ്റി അയക്കുന്നതിനുള്ള ചെലവ് വഹിക്കുക എന്ന സമീപനം ഗ്രാമപഞ്ചായത്ത് സ്വീകിരിക്കേണ്ടതുണ്ട്.

ഇ) മറ്റ് പോരായ്മകൾ

എ) ക്രമ നം1 ൽ പ്രതിപാദിച്ച ഒരു ഖരമാലിന്യ മാനേജ് മെന്റ് പ്ലാൻ നാളിതുവരെ സ്ഥാപനം തയ്യാറാക്കുകയോ അതിന്റെ പകർപ്പ് സർക്കാരിനോ സർക്കാർ നിശ്ചയിച്ച ഏജൻസിക്കോ നല്കുകയോ ചെയ്തിട്ടില്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥയായ വിഇഒ വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഒരു പ്ലാൻ തയ്യാറാക്കിയില്ലെങ്കിലും സമ്പൂർണ്ണ മാലിന്യ മുക്ത പദവി സ്ഥാപനത്തിന് ലഭിച്ചത് അംഗീകരിക്കുന്നു. എന്നാൽ ഇനിയും സ്ഥാപനം മുന്നേറേണ്ടതുണ്ടെന്ന് മേല്പറഞ്ഞ കാര്യങ്ങളിൽ നിന്നും വ്യക്തമാകുന്നുവെന്നത് ശ്രദ്ധേയമാണ്.

ബി) ക്രമനം.2 ൽ പ്രതിപാദിച്ച ബൈലോയിൽ പ്രതിമാസ ഫീസ് കൂടാതെ കലണ്ടറനുസരിച്ച് ശേഖരിക്കുന്ന റിജക്ട് മാലിന്യത്തിന്റെ നിരക്ക് കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്ലാസ്റ്റിക് പേക്കിംഗ് കവറുകൾ, സമാന സ്വഭാവമുള്ളവ, മറ്റ് പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവയ്ക്ക് 100 ഗ്രാമിനോ അതിന്റെ ഭാഗത്തിനോ യഥാക്രമം15/- ഉം 5/- ഉം രൂപയാണ് ഫീസ്. എന്നാൽ ഈ നിരക്കിൽ തുക ഈടാക്കുന്നില്ലെന്ന് മേൽപറഞ്ഞകാര്യങ്ങളിൽ നിന്നും വ്യക്തമാകുന്നു. കൂടാതെ 100 ൽ കൂടുതൽ പേർ പങ്കെടുക്കുന്ന പരിപാടികകൾക്ക് 250/- രൂപ ഫീസ് ഈടാക്കി അനുമതി വാങ്ങണമെന്ന് ബൈലായിൽ നിഷ്കർഷിച്ചിരിക്കെ ഇത്തരത്തിൽ ഒരു വരുമാനം സ്ഥാപനത്തിലില്ല.

സി) ഹരിതകർമ്മസേനയൊഴികെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട്

പ്രവർത്തിക്കാൻ മറ്റ് ഗ്രൂപ്പുകളൊന്നും നാളിതുവരെ രൂപീകരിച്ചിട്ടില്ല. പൊതുപരിപാടികളിൽ ഹരിത ചട്ടപാലനം ഉറപ്പാക്കാനും സ്വാപ് ഷോപ്പുകൾ ഉൾപ്പടെയുള്ളവ സ്ഥാപിക്കാനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കും വ്യത്യസ്ത ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതുണ്ട് എന്നിരിക്കെയാണ് ഈ സ്ഥിതിവിശേഷം. ശുചിത്വ മേഖലയുടെ സുഗമമായ പ്രവർത്തനത്തിന് ഇതുമായി ബന്ധമുള്ള മേഖലകളിൽ യൂണിറ്റുകൾ പ്രവർത്തനസജ്ജമാക്കേണ്ടതുണ്ട്. മേല്പറഞ്ഞ കാര്യങ്ങളിൽ, സ്ഥാപനത്തിന്റെ അഭിപ്രായം അറിയിക്കണമെന്നാവശ്യപ്പെട്ട് എൻക്വയറി നല്കിയെങ്കിലും മറുപടി നല്കിയിട്ടില്ല. ശുചിത്വ മാലിന്യ പരിപാടികളിലെ വിടവുകൾ നികത്തുന്നതിന് താഴെ കൊടുത്ത നിർദ്ദേശങ്ങൾ നടപ്പിലാക്കി വിവരം അറിയിക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ സ്ഥാപനത്തിലെ അജൈവമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നിലവിലെ വിടവുകൾ നികത്തി പരിപൂർണ്ണതയിലെത്തിക്കുക, ആസൂത്രണ, സബ്സിഡി മാർഗ്ഗരേഖകളിൽ പ്രതിപാദിച്ച കാര്യങ്ങൾക്കല്ലാതെ വരുന്ന ചെലവുകൾ ഹരിതകർമ്മസേനയുടെ വരുമാനം വർദ്ധിപ്പിച്ച് അതിൽ നിന്നുതന്നെ വഹിച്ച് (ഉദാ-റിജക്ട് മാലിന്യം കൈയ്യൊഴിയുന്നതിനുള്ള ചെലവ്) സ്ഥാപനത്തിന്റെ സാമ്പത്തികബാധ്യത ഒഴിവാക്കുക എന്നിവയായിരിക്കണം കാഴ്ചപ്പാട്. ചെലവുകൾ വഹിക്കുന്നതിന് സർക്കാർ നിർദ്ദേശപ്രകാരം രൂപീകരിക്കപ്പെട്ട, ഈമേഖലയിലെ ഫീസുകളും ഫൈനുകളും ഉൾക്കൊള്ളിച്ച് രൂപീകരിച്ച ശുചിത്വഫണ്ടും ആവശ്യമെങ്കിൽ ഉപയോഗപ്പെടുത്താവുന്നതാണ്. മാനദണ്ഡങ്ങളിൽ പ്രതിപാദിച്ച 2024- ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ടിലെ സെക്ഷൻ എ ഡി (1) ൽ മാലിന്യം വേർതിരിക്കൽ, ശേഖരണം, ഗതാഗതം, സംഭരണം, സംസ്കരണം, അതിന്റെ കൈയ്യൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട സേവനങ്ങൾ നല്കുന്നതിന്റെ പൂർണ്ണമോ ഭാഗികമോ ആയ ചെലവു വഹിക്കുന്നതിന് ഓരോ മാലിന്യ ഉൽപാദകനും നല്കേണ്ട യൂസർ ഫീസ് നിശചയിക്കേണ്ടതും ശേഖരിക്കേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. സ്ഥാപനത്തിന്റെ സാമ്പത്തിക താല്പര്യം മുൻനിർത്തി ഇത്തരത്തിൽ വരുന്ന പൂർണ്ണമായ ചെലവ് മാലിന്യ ഉൽപാദകനിൽ നിന്നു തന്നെ ഈടാക്കുന്നതായിരിക്കും ഉചിതമെന്ന് അഭിപ്രായപ്പെടുന്നു. നിലവിലുള്ള ബൈലോയിൽ ഇതിനനുസൃതമായ മാറ്റം വരുത്തി പരിഷ്കരിച്ച് ബൈലോ പുനർ നോട്ടിഫൈ ചെയ്യാവുന്നതാണ്. ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 1-13 പൊതുടാപ്പുകളുടെ വെള്ളക്കരം- ടാപ്പുകളുടെ ആവശ്യകത പരിശോധിക്കേണ്ടതാണ്

230110101 നമ്പർ ലെഡ്ജർ പ്രകാരം പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 161322/-രൂപ നിരക്കിൽ ആകെ 19,36,344/-രൂപ വിനിയോഗിച്ചിട്ടുണ്ട്. 133 ടാപ്പുകൾക്ക് പ്രതിവർഷം 14,555/- രൂപ നിരക്കിലാണ് തുക അടവാക്കി വരുന്നത് . വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഭാഗമായി കഴിഞ്ഞ 25 വർഷക്കാലം നിരവധി കുടിവെള്ള പദ്ധതികൾ സ്ഥാപനത്തിൽ പ്രവർത്തനക്ഷമമായിട്ടുണ്ട്.ഈ പദ്ധതിക്കാലത്തെ വികസനരേഖ പ്രകാരം ആകെ 22 കുടിവെള്ള പദ്ധതികൾ സ്ഥാപനത്തിലുണ്ട്. കൂടാതെ ജൽജീവൻ മിഷന്റെ ഭാഗമായി സ്ഥാപനത്തിലെ മിക്കവാറും എല്ലാ വീടുകളിലേക്കും കുടിവെള്ള കണക്ഷൻ ലഭ്യമാകുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. മിഷന്റെ എസ്റ്റിമേറ്റ് പ്രകാരം ഗ്രാമപഞ്ചായത്തിലെ 7308 വീടുകൾക്ക് കണക്ഷൻ ലഭ്യമാക്കാൻ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിലൊക്കെ ഉപരിയായി വേനൽക്കാലത്ത് വൻതുക ചെലവഴിച്ച് കുടിവെള്ള വിതരണം സ്ഥാപനം നടത്തി വരുന്നുണ്ട്. ഓഡിറ്റ് വർഷം ഇതിനായി 6 ലക്ഷത്തിൽപരം രൂപ വിനിയോഗിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ വൻതുക പ്രതിമാസം ചെലവുവരുത്തി സ്ട്രീറ്റ് ടാപ്പുകൾ നിലനിർത്തേണ്ട സാഹചര്യം വ്യക്തമാക്കേണ്ടതാണ്.ഇക്കാര്യത്തിൽ സ്ഥാപനത്തിന്റെ അഭിപ്രായം അറിയിക്കേണ്ടതാണ്. ഈകാര്യത്തിൽ നിലവിലെ എൻക്വയറിക്ക് (നം.8) മറുപടി നൽകിയിട്ടില്ല.

## 1-14 കുടിവെള്ള പദ്ധതികൾക്ക് വയറിംഗും മോട്ടോർ സ്ഥാപിക്കലും- നിർവ്വഹണത്തിലെ പോരായ്മകൾ

നിർവ്വഹണം -സെക്രട്ടറി

ഓഡിറ്റ് വർഷം 6 കുടിവെള്ള പദ്ധതികൾക്ക് സ്പിൽ ഓവർ ഉൾപ്പടെ പ്രൊജക്ടുകൾ അംഗീകരിക്കുകയും

അവയിൽ 4 എണ്ണത്തിന് തുക വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ തുക വിനിയോഗിച്ച പ്രൊജക്ടുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് | വകയിരുത്തിയ തുക | ചെലവ് തുക | റിക്വിസിഷൻ നമ്പർ/ തീയതി |
|---|---|---|---|---|
| 1 | 173/24-കുറ്റിയിൽഭാഗം കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കലും വൈദ്യുതീകരണവും -സ്പിൽ ഓവർ | 302000 | 279205 | 5102007201230030/ 20/9/23 |
| 2 | 174/24-അയ്യങ്ങാട്ട് കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കലും വൈദ്യുതീകരണവും -സ്പിൽ ഓവർ | 307000 | 288220 | 5102007201230029/ 20/9/23 |
| 3 | 175/24-മാവുള്ള കണ്ടി ഹൈസ്കൂൾഭാഗം കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കലും വൈദ്യുതീകരണവും -സ്പിൽ ഓവർ | 279000 | 261098 | 5102007201230042/ 7/12/23 |
| 4 | 164/24-തേവറാട്ടമ്മൽ കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കലും വൈദ്യുതീകരണവും -സ്പിൽ ഓവർ | 274000 | 259068 | 5102007201230028/ 20/9/23 |

പ്രൊജക്ട് രൂപീകരണത്തിലും നിർവ്വഹണത്തിലും താഴെ കൊടുത്ത അപാകതകൾ സംഭവിച്ചു കാണുന്നു.

എ) ഈ പ്രൊജക്ടുകൾ കുടിവെള്ളവുമായി ബന്ധപ്പെട്ടതിനാൽ ശുചിത്വം കുടിവെള്ളം വർക്കിംഗ് ഗ്രൂപ്പിൽ ആവശ്യകത ഉയർന്നുവരേണ്ടതും, സാങ്കേതികമായ നിർമ്മിതി വരുന്ന പ്രൊജക്ട് ആയതിനാൽ ഈ വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനറായ അസിസ്റ്റന്റ് എഞ്ചിനീയർ തന്നെ നിർവ്വഹണം നടത്തേണ്ടതുമായിരുന്നു. അത് എപ്രകാരം സെക്രട്ടറി നിർവ്വഹിക്കേണ്ടി വന്നെന്ന് വ്യക്തമാക്കേണ്ടതാണ്.

ബി) പ്രൊജക്ടുകൾക്ക് ആധാരമായ കുടിവെള്ള പദ്ധതികൾ ഏത് വർഷം ആരംഭിച്ചെന്നും പ്രൊജക്ട് രൂപീകരണ സമയത്ത് ഏതൊക്കെ നിർമ്മിതികൾ പൂർത്തീകരിച്ചെന്നും പ്രൊജക്ടിൽ വ്യക്തമാക്കിയിട്ടില്ല. 2019 ആഗസ്റ്റ് 15ന് തന്നെ ജൽജീവൻ മിഷൻ ദേശീയ തലത്തിൽ പ്രഖ്യാപിച്ച സാഹചര്യത്തിൽ ഈ പദ്ധതികളുടെ ആവശ്യകത മിഷൻ വന്ന സാഹചര്യത്തിൽ വിലയിരുത്തിയോയെന്ന് വ്യക്തമല്ല. മേൽ തീയതിക്ക് ശേഷമാണ് പദ്ധതികൾ ആവിഷ്കരിച്ചതെങ്കിൽ ഇവയ്ക്ക് വിനിയോഗിക്കുന്ന തുക പാഴാവുന്ന സാഹചര്യം ഉണ്ടെന്ന് കാണാം. മേൽ സാഹചര്യത്തിൽ പ്രൊജക്ട് രൂപീകരണ വർഷം ഏതെന്ന് വ്യക്തമാക്കേണ്ടതുണ്ട്.

സി) മേൽ പ്രൊക്ടുകളിൽ ഏതൊക്കെ കമ്മീഷൻ ചെയ്തെന്നും നിലവിൽ ഗുണഭോക്താക്കൾക്ക് വെള്ളം ലഭിച്ചുവരുന്നെന്നും ഫയലുകളിൽ നിന്നും വ്യക്തമാകുന്നില്ല. ഇക്കാര്യത്തിൽ വ്യക്തത നല്കേണ്ടതും പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ച പദ്ധതികൾ ഗുണഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ച് കൈമാറിയോയെന്ന് വിശദമാക്കേണ്ടതുമാണ്.

ഡി) പ്രൊജക്ടിന്റെ ഭാഗമായ നിർമ്മിതികൾ സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയോയെന്ന് വ്യക്തമാക്കേണ്ടതാണ്.

ഇ) പ്രൊജക്ടുകളുടെ ഭാഗമായി സ്ഥാപിക്കപ്പെട്ട സബ് മേഴ്സിബിൾ പമ്പ് സെറ്റുകൾ 10 Hp ഉള്ളവയാണ്. ഇവയ്ക്ക് പരമാവധി 110000/- രൂപ വരെ മാർക്കറ്റ് വിലയാണ് എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഈ നിരക്കിനെ സാധൂകരിക്കുന്ന ഇൻവോയിസുകളുടേയോ മറ്റ് രേഖകളുടേയോ അഭാവത്തിൽ ലോക്കൽ മാർക്കറ്റ് നിരക്കിന്റെ സാധുത വ്യക്തമാകുന്നില്ല. എല്ലാ പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിലാണ് കരാറുകാർ നിർവ്വഹിച്ചിരിക്കുന്നത്.

അപാകതകൾക്ക് വിശദീകരണം നല്കേണ്ടതും ആവശ്യമായ പരിഹാര നടപടികൾ സ്വീകരിച്ച്

വിവരം അറിയിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ നൽകിയ എൻക്വയറിക്ക് (നമ്പർ 11) മറുപടി നൽകിയിട്ടില്ല.

## 1-15 കുടിവെള്ള വിതരണം - അപാകതകൾ

വൗച്ചർ നമ്പർ : 22300336/12-7-23, 22300763/4-11-23
ചെലവ് : 516944 + 6222 + 100000

ആകെ : 623166/-

ഓഡിറ്റ് വർഷം ഏപ്രിൽ മെയ് ജൂൺ മാസങ്ങളിൽ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ളം വിതരണം ചെയ്തയിനത്തിൽ മേല്പറഞ്ഞ പ്രകാരം ആകെ 623166/- രൂപ വിനിയോഗിച്ചിട്ടുണ്ട്. കിലോമീറ്ററിന് 46/- രൂപ നിരക്കിൽ തനത് ഫണ്ടിൽ നിന്നുമാണ് തുക അനുവദിച്ചിരിക്കുന്നത്.തുക വിനിയോഗിച്ചതിൽ താഴെകൊടുത്ത അപാകതകൾ കാണുന്നു.

വിതരണം ചെയ്ത കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തിയില്ല.

2006 ലെ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം വകുപ്പ് 3 (ജെ) പ്രകാരം കുടിവെള്ളം ആഹാരത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നതാണ്. ടാങ്കർ ലോറികളിലും മറ്റ് വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവള്ളം വിതരണം ചെയ്യുന്നവർ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റഗുലേഷൻ നിയമം 2011 പ്രകാരം എഫ്.ബി.ഒ. (FBO- Food Business Operator) ലൈസൻസ് എടുക്കണം. ഇത്തരം ലൈസൻസുള്ള ടാങ്കർ ലോറികളിൽ/ടാങ്കുകളിൽ മാത്രമേ സംസ്ഥാനത്ത് കുടിവള്ളം വിതരണം /വിൽപ്പന നടത്താൻ പാടുള്ളൂ. കുടിവെള്ള വിതരണത്തിനായി ഏതെങ്കിലും വ്യക്തി ഒന്നിൽ കൂടുതൽ വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ ഈ വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പറുകളെ ലൈസൻസിൽ രേഖപ്പെടുത്തി പ്രത്യേകം ലൈസൻസ് എടുത്തിരിക്കണം. കുടിവെള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും എഫ്.ബി.ഒ. ലൈസൻസ് നമ്പർ രേഖപ്പെടുത്തണം.

സ്ഥാപനത്തിൽ കുടിവള്ളം വിതരണം നടത്തിയിരിക്കുന്നത് രണ്ട് വാഹനങ്ങളിൽ വാട്ടർ ടാങ്ക് ഘടിപ്പിച്ചാണ്. എന്നാൽ ഈ വാഹനങ്ങൾക്ക്/ടാങ്കുകൾക്ക് എഫ്.ബി.ഒ. ലൈസൻസ് എടുത്തിട്ടില്ല. ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം പ്രകാരം കുടിവെള്ളം ശേഖരിക്കുന്ന ടാങ്കറുകളുടെ/ടാങ്കുകളുടെ ഉൾവശം ബിറ്റുമിനാസ്റ്റിക്ക് കോട്ടിങ്ങോ മറ്റ് അനുവദനീയ കോട്ടിങ്ങോ ഉള്ളവയായിരിക്കണം. എന്നാൽ ഇത് പരിശോധിച്ചിട്ടില്ല.

അപാകതക്ക് വിശദീകരണം നല്കേണ്ടതും പരിഹാര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്. തുടർവർഷങ്ങളിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 റിംഗ് കമ്പോസ്റ്റ്- മുൻഗണന നിശ്ചയിക്കാതെ പദ്ധതി ആസൂത്രണം ചെയ്തു.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ജൈവമാലിന്യങ്ങൾ ഗാർഹിക തലത്തിൽ പരിപാലിക്കുന്നതിനായി ആസൂത്രണം ചെയ്ത് നിർവ്വഹിച്ച റിംഗ് കമ്പോസ്റ്റ് (പ്രൊ.നം-161/24) പദ്ധതി പ്രകാരം ഓഡിറ്റ് വർഷത്തിൽ 688 റിംഗ് കമ്പോസ്റ്റുകൾ ശുദ്ധി വേസ്റ്റ് കൺവേർഷൻ യൂണിറ്റ് എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടിയിലൂടെ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. (ചെലവിന്റെ വിശദാംശം ഫണ്ട് CFC ടൈഡ്, ചെലവ് : 1356048, ബിൽ നം.114/22.08.2023 – 409968/- രൂപ, 144/27.09.2023 – 486837/- രൂപ, 153/05.10.2023 – 359000/- രൂപ, 248/02.12.2023 – 100243/-)

സ.ഉ(എം.എസ്) 115/2022/LSGD Dated 28/05/2022 പ്രകാരമുള്ള സബ്സിഡി, ധനസഹായം, അനുബന്ധവിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8 പ്രകാരമുള്ള പട്ടികയിൽ ഗാർഹിക തലത്തിലെ ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയിൽ അഞ്ച് സെന്റോ അതിൽ കുറവോ ഭൂമി ഉള്ള ഗുണഭോക്താക്കൾക്കാണ് മുൻഗണന

നൽകേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ പദ്ധതിയുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ സബ്സിഡി മാർഗ്ഗരേഖയിലെ ടി നിബന്ധന പാലിച്ചതായി കാണുന്നില്ല.

ഹരിത കേരള മിഷൻ മാർഗ്ഗരേഖ പ്രകാരം ഉറവിട മാലിന്യ സംസ്കരണം അതത് വ്യക്തികളുടെ ഉത്തരവാദിത്തമാണെന്ന് നിഷ്കർഷിക്കുന്നു. സ്വന്തം നിലയ്ക്ക് മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കാൻ കഴിയാത്തവർക്കാണ് തദ്ദേശ സ്വയംഭരണ സ്ഥാപനം സാമ്പത്തിക പിൻബലം നൽകേണ്ടത്. ഒരു യൂണിറ്റ് റിംഗ് കംപോസ്റ്റ് സ്ഥാപിക്കുന്നതിന് നടപ്പ് വർഷം 1971/- രൂപ സ്ഥാപനം ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ വീടുകൾക്കും റിംഗ് കംപോസ്റ്റ് യൂണിറ്റ് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് ഏകദേശം ഒന്നരക്കോടിയിലധികം രൂപ സ്ഥാപനം ചെലവഴിക്കേണ്ടി വരും. ഓരോ വർഷവും ശരാശരി 500 യൂണിറ്റ് വീതം വിതരണം ചെയ്താൽ പോലും ഈ പ്രക്രിയ പൂർത്തീകരിക്കുന്നതിന് പതിനാല് വർഷം വേണ്ടി വരും. ആയതിനാൽ അഞ്ച് സെന്റിൽ താഴെ മാത്രം ഭൂവിസ്തൃതിയുള്ളവരും, സ്വന്തം നിലക്ക് ഉറവിട മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ സ്ഥാപിക്കാൻ കഴിയാത്തവരുമായ ഗുണഭോക്താക്കൾക്ക് മാത്രമായി ആദ്യഘട്ടത്തിൽ പദ്ധതി പരിമിതപ്പെടുത്തുന്നത് ഉചിതമാവും. ഭൂ വിസ്തൃതി കൂടിയ ഗുണഭോക്താക്കൾക്ക് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന വളക്കുഴികൾ നിർമ്മിച്ച് നൽകുന്നത് ഉചിതമാവും.

റിംഗ് കമ്പോസ്റ്റ് പദ്ധതി നിർവ്വഹണത്തിനായി വലിയ അളവിലുള്ള പണം സ്ഥാപനം ചെലവഴിക്കുന്ന സാഹചര്യത്തിൽ പ്രാദേശിക തലത്തിൽ ശുചിത്വമിഷൻ അംഗീകാരത്തോടെ റിംഗ് കംപോസ്റ്റ് യൂണിറ്റ് നിർമ്മാണ സംരംഭം ആരംഭിക്കുന്നത് കാലതാമസം ഒഴിവാക്കുന്നതിനും പ്രാദേശിക സാമ്പത്തിക വികസനത്തെ ത്വരിതപ്പെടുത്തുന്നതിനും സ്ഥാപനത്തിനെ സഹായിക്കും. മേൽ സാധ്യത സ്ഥാപനം പരിശോധിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിനുള്ള മറുപടിയിൽ (നം. 12/20.11.2024 ) നടപ്പ് സാമ്പത്തിക വർഷത്തിൽ 5 സെന്റിൽ താഴെ ഭൂമി ഉള്ളവർ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ എന്നിവർക്കാണ് മുൻഗണന നൽകിയതെന്നും റിംഗ് കമ്പോസ്റ്റ് നിർമ്മാണ സംരംഭം ആരംഭിക്കുന്നതിനുള്ള നടപടിക്ക് ശുപാർശ ചെയ്യുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. അപാകത നടപ്പു വർഷം ആവർത്തിക്കുന്നില്ലെന്ന മറുപടി പരിഗണിക്കുന്നു. ഡി.പി.ആർ (ഡീറ്റെയിൽഡ് പ്രൊജക്ട് റിപ്പോർട്ട്) തയ്യാറാക്കാതെയും വിവരശേഖരണം നടത്താതെയുമാണ് ഗ്രാമപഞ്ചായത്ത് മാലിന്യ സംസ്കരണ പദ്ധതികൾ ആസൂത്രണം ചെയ്ത് നിർവ്വഹിച്ചിട്ടുള്ളത്. സ്വന്തം നിലക്ക് മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് ശേഷിയില്ലാത്തവർ, 5 സെന്റിൽ താഴെ ഭൂമി ഉള്ളവർ എന്നിവരെ സംബന്ധിച്ച വിവരശേഖരണം ഹരിതകർമ്മ സേനയെ ഉപയോഗപ്പെടുത്തി നടത്താവുന്നതും പ്രസ്തുത വിവരവ്യൂഹത്തെ അടിസ്ഥാനപ്പെടുത്തി പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കാവുന്നതുമാണ്. മേൽ ശുപാർശകൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-17 റിജക്ട് വേസ്റ്റ്- പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നു.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആസൂത്രണം ചെയ്ത് നിർവ്വഹിച്ച 'റിജക്ട് വേസ്റ്റ് കയ്യൊഴിയൽ' (പ്രൊ.നം- 83/24) പദ്ധതി പ്രകാരം ഓഡിറ്റ് വർഷത്തിൽ റിജക്ട് വേസ്റ്റ് കയ്യൊഴിഞ്ഞ ഇനത്തിൽ ക്ലീൻ കേരള കമ്പനിക്ക് 665800 രൂപ നൽകിയിട്ടുണ്ട്. പദ്ധതി ആസൂത്രണ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

(I) ഹരിത കർമ്മസേന വാതിൽപ്പടി സേവനത്തിലൂടെ ശേഖരിച്ച റിജക്ട് വേസ്റ്റിന്റെ അളവ് ഹരിതമിത്രം ആപ്ലിക്കേഷനിൽ പ്രത്യേകമായി രേഖപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽ കയറ്റി അയക്കുന്ന മാലിന്യത്തിന്റെ അളവിന്റെ കൃത്യത ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല. വെയിംഗ് ബ്രിഡ്ജുകളിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാന്നിധ്യം ഇല്ലാത്തതിനാൽ വെയിംഗ് ബ്രിഡ്ജിൽ നിന്നും അനുവദിക്കുന്ന അളവ് സംബന്ധിച്ച സർട്ടിഫിക്കറ്റിന്റെ ആധികാരികത സ്വീകാര്യമല്ല.

(Ii) വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും റിജക്ട് വേസ്റ്റ് ശേഖരിക്കുന്ന ഘട്ടത്തിൽ റിജക്ട്

വേസ്റ്റിന്റെ അളവിന് ആനുപാതികമായി യൂസറിൽ നിന്നും ഫീ ഈടാക്കുന്നുണ്ടെങ്കിലും മാലിന്യം കയ്യൊഴിയുന്നതിനുള്ള ചെലവ് നിർവ്വഹിച്ചിട്ടുള്ളത് പഞ്ചായത്ത് ഫണ്ടിൽ നിന്നാണ്.റിജക്ട് വേസ്റ്റിനത്തിൽ ഹരിതകർമ്മസേന ശേഖരിച്ച തുക ഹരിതകർമ്മസേനയുടെ അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്.

(Iii) ക്ലീൻ കേരള കമ്പനിയാണ് മാലിന്യങ്ങൾ കയറ്റി അയക്കുന്നതിനുള്ള കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. 38260 KG റിജക്ടഡ് മാലിന്യം 10 രൂപ നിരക്കിലും 24000 കിലോഗ്രാമിന് 11.8 രൂപ നിരക്കിലുമാണ് റിജക്ടഡ് മാലിന്യം കയറ്റി അയച്ചത്. 11.8 രൂപ നിരക്ക് രേഖപ്പെടുത്തിയ ബില്ലുകളിൽ 18% ജി.എസ്.ടി രേഖപ്പെടുത്തിയിട്ടുണ്ട്. ബില്ലിൽ HSN കോഡ് 998594 (Combined Office Administrative Services.) ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. ബയോമെഡിക്കൽ വേസ്റ്റുകൾ ഒഴികെയുള്ള വേസ്റ്റുകൾക്ക് ജി.എസ്.ടി ബാധകമല്ല. മേൽ സാഹചര്യത്തിലും തെറ്റായ ഉത്പന്നത്തിന്റെ HSN കോഡ് രേഖപ്പെടുത്തി ജി.എസ്.ടി ഈടാക്കിയത് അംഗീകരിക്കാനാവില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 13/20.11.2024) ലഭ്യമാക്കിയ മറുപടിയിൽ ഹരിതമിത്രം ആപ്ലിക്കേഷനിൽ തരംതിരിച്ച മാലിന്യവും റിജക്ടഡ് വേസ്റ്റും പ്രത്യേകമായി രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം ലഭ്യമല്ലെന്നും ആയതിനാൽ യൂസർ ഫീയും റിജക്ടഡ് വേസ്റ്റിന്റെ തൂക്കത്തിന് ആനുപാതികമായി ഈടാക്കുന്ന ഫീയും പ്രത്യേകമായി രേഖപ്പെടുത്താനാവുന്നില്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. റിജക്ടഡ് വേസ്റ്റിന്റെ തൂക്കത്തിന് ആനുപാതികമായി ഈടാക്കുന്ന ഫീ ഹരിതകർമ്മസേനാംഗങ്ങളുടെ വേതന വിതരണത്തിന് വിനിയോഗിച്ച് പോയിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. 2022-23 വർഷ കാലയളവിലെ ബില്ലുകളിൽ മാത്രമാണ് ജി.എസ്.ടി അനുവദിച്ചതെന്നും തുടർന്നുള്ള ബില്ലുകളിൽ നിന്നും ജി.എസ്.ടി അനുവദിച്ചിട്ടില്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്.

ഹരിത മിത്രം ആപ്ലിക്കേഷനിലെ അപാകതകൾ ശുചിത്വമിഷന്റെ ശ്രദ്ധയിൽപെടുത്തി പരിഹരിക്കേണ്ടതും ഹരിത കർമ്മസേന റിജക്ടഡ് വേസ്റ്റിന്റെ തൂക്കത്തിന് ആനുപാതികമായി ഫീ ഈടാക്കുന്ന സാഹചര്യത്തിൽ റിജക്ടഡ് വേസ്റ്റ് ഹരിതകർമ്മസേനയുടെ സാമ്പത്തിക ഉത്തരവാദിത്തത്തിൽ കയ്യൊഴിയേണ്ടതുമാണ്. ക്ലീൻ കേരള കമ്പനിക്ക് 24000 കിലോഗ്രാം റിജക്ടഡ് വേസ്റ്റിന് ജി.എസ്.ടി ഇനത്തിൽ അനുവദിച്ച 43200 രൂപ (24000 KG X 1.8 രൂപ രൂപ) തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. (ബിൽ നം.199/09.11.2023 – 81900, 200/09.11.2023 – 78300 രൂപ)

## 1-18 ഹരിത മിത്രം- ക്യൂ ആർ കോഡ് അധികമായി പതിപ്പിച്ചു.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആസൂത്രണം ചെയ്ത് നിർവ്വഹിച്ച ക്യൂ ആർ കോഡ് പതിപ്പിക്കൽ (പ്രൊ.നം- 125/24) പദ്ധതി പ്രകാരം ഓഡിറ്റ് വർഷത്തിൽ 15 രൂപ നിരക്കിൽ 132450/- രൂപ ക്യൂ ആർ കോഡ് പതിപ്പിച്ചതിനുള്ള വേതനമിനത്തിൽ കുടുംബശ്രീക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി ആസൂത്രണ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

8830 ക്യൂ ആർ കോഡ് പതിപ്പിച്ചതിന് 15 രൂപ നിരക്കിൽ 132450/- രൂപയാണ് കൈമാറിയിട്ടുള്ളത്. കുടുംബശ്രീ സി.ഡി.എസ് ചുമതലപ്പെടുത്തിയവർ പതിച്ച 8830 എണ്ണത്തിന് പുറമെ ഹരിതകർമ്മ സേനാഗങ്ങളും ക്യൂ.ആർ കോഡ് പതിച്ചിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. ഹരിതമിത്രം ആപ്ലിക്കേഷൻ പ്രകാരം പാർപ്പിടവും സ്ഥാപനങ്ങളും ഉൾപ്പെടെ ആകെ 7850 കെട്ടിടങ്ങൾ മാത്രമാണ് സബ്സ്ക്രൈബ് ചെയ്ത് ആക്ടീവായിട്ടുള്ളത്. 980 സ്ഥാപനങ്ങൾക്ക് അധികമായി ക്യൂ ആർ കോഡ് പതിച്ചതിലൂടെ 14700 രൂപ (980 X 15) അധികമായി നൽകിയതായി കാണുന്നു. സഞ്ചയ , ലൈസൻസ് രജിസ്റ്റർ ഉൾപ്പെടെയുള്ള രേഖകളിലെ വിവരങ്ങളും 8830 എന്ന എണ്ണത്തിനെ സാധൂകരിക്കുന്നില്ല. ഒഴിഞ്ഞ് കിടക്കുന്നതും വിഭജിച്ച് നമ്പർ നൽകിയതും അനുബന്ധമായി നിർമ്മിച്ചതുമായ കെട്ടിടങ്ങൾക്ക് ഉൾപ്പെടെ നമ്പർ നൽകിയതിനാലാണ് അധികമായി ക്യൂ ആർ കോഡ്

പതിപ്പിക്കപ്പെട്ടതെന്ന് അനുമാനിക്കുന്നു. 26.09.2022 തിയ്യതിയിലെ സ.ഉ.(പി) നം. 2341/2022/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗരേഖയിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ സമിതി രൂപീകരിച്ച് വീടുകൾ, സ്ഥാപനങ്ങൾ എന്നിവയുടെ എണ്ണം നിശ്ചയിച്ച് വേണം ആളുകളെ ചുമതലപ്പെടുത്താൻ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ നടപടിക്രമം പാലിക്കുന്നതിലുണ്ടായ വീഴ്ചയാണ് അപാകതക്ക് കാരണമായിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിനുള്ള (നം. 14/20.11.2024 ) മറുപടിയിൽ സഞ്ചയ പ്രകാരം 12932 കെട്ടിടങ്ങൾ ഉള്ളതിൽ 8830 കെട്ടിടങ്ങൾക്ക് മാത്രമെ ക്യൂ.ആർ കോഡ് പതിപ്പിച്ചതിന് തുക നൽകിയിട്ടുള്ളൂ എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയ പ്രകാരം വെരിഫൈ ചെയ്ത് അപ്രൂവ് ചെയ്യപ്പെട്ട ആകെ കെട്ടിട നമ്പറുകൾ 10725 മാത്രമാണ്. ഹരിത മിത്രം ആപ്ലിക്കേഷനിലെ വിവരങ്ങൾ പ്രകാരം 7850 കെട്ടിടങ്ങൾ മാത്രമാണ് സബ്സ്ക്രൈബ് ചെയ്ത് ആക്ടീവായിട്ടുള്ളത്.ആയതിൽ 7202 പാർപ്പിടങ്ങളും 648 സ്ഥാപനങ്ങളുമാണുള്ളത്. സഞ്ചയ പ്രകാരമുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള ആകെ കെട്ടിടങ്ങൾ 7841 എണ്ണമാണ്. മേൽ കെട്ടിടങ്ങളിൽ A2 റസിഡൻഷ്യൽ വിഭാഗത്തിൽ പെടുന്ന ലോഡ്ജിംഗ് , അപാർട്ട്മെന്റ് വിഭാഗത്തിൽ ഉൾപ്പെടുന്ന ഒന്നിലധികം നമ്പറുകൾ പതിച്ച കെട്ടിടങ്ങളും ഉൾപ്പെടുന്നുണ്ട്. ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച ആകെ സ്ഥാപനങ്ങൾ 587 എണ്ണമാണ്. മേൽ വസ്തുതകളിൽ നിന്നും നിലവിൽ ഹരിതമിത്രം ആപ്ലിക്കേഷനിൽ ആക്ടീവായിട്ടുള്ള അത്രയും അളവിലുള്ള പാർപ്പിടങ്ങളും സ്ഥാപനങ്ങളുമെ പ്രവർത്തന ക്ഷമമായിട്ടുള്ളൂ എന്നത് വ്യക്തമാണ്. മേൽ സാഹചര്യത്തിൽ മറുപടി പരിഗണനീയമല്ല. പ്രവർത്തനക്ഷമമായിട്ടുള്ള പാർപ്പിടങ്ങളും സ്ഥാപനങ്ങളും തിട്ടപ്പെടുത്താതെ ക്യൂ ആർ കോഡ് പതിപ്പിക്കുന്നതിന് കുടുബശ്രീ അംഗങ്ങൾക്ക് ചുമതല നൽകിയ നടപടിക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, മേൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-19 ലാപ്ടോപ് വ്യത്യസ്ത നിരക്കുകളിൽ സമാഹരിച്ചു

കൃഷി ഓഫീസർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി യഥാക്രമം നടപ്പാക്കിയ കൃഷി ഭവനിലേക്ക് ലാപ്ടോപും പ്രിന്ററും, ഐ.സി.ഡി.എസ് ഓഫീസിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്നീ പദ്ധതികൾ പ്രകാരം സമാന സ്പെസിഫിക്കേഷനിലുള്ള ലാപ്ടോപുകൾ വ്യത്യസ്ത നിരക്കിൽ സമാഹരിച്ചിട്ടുണ്ട്. ഐ.ടി മിഷൻ പുറപ്പെടുവിച്ച CPRCS സ്പെസിഫിക്കേഷൻ പ്രകാരം Middle End Specification പ്രകാരമുള്ള സ്പെസിഫിക്കേഷൻ ഉപയോഗിക്കാതെ High End സ്പെസിഫിക്കേഷനേക്കാൾ ഉയർന്ന സ്പെസിഫിക്കേഷനിലുള്ള ലാപ്ടോപുകൾ വാങ്ങിയത് സ്ഥാപനത്തിന് ലാഭകരമായില്ല. പ്രക്യൂയർമെന്റ് മാനുവലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി സാധനങ്ങൾ ഒന്നിച്ച് സമാഹരിക്കാത്തത് മൂലം സമാന സ്വഭാവമുള്ള ആവശ്യത്തിനായി വ്യത്യസ്ത നിരക്കിൽ ലാപ്ടോപുകൾ വാങ്ങുന്ന സാഹചര്യവും ഉണ്ടായി. GEM പ്ലാറ്റ് ഫോമിലെ വിലനിലവാരം പരിശോധിക്കാതെയാണ് CPRCS ൽ നിന്നും ലാപ്ടോപ്പുകൾ വാങ്ങാൻ തീരുമാനമെടുത്തിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| CPRCS മുഖേന കൃഷി ഓഫീസർ വാങ്ങിയ ലാപ്ടോപ്പിന്റെ വില | CPRCS മുഖേന ICDS സൂപ്പർവൈസർ വാങ്ങിയ ലാപ്ടോപ്പിന്റെ വില | സ്പെസിഫിക്കേഷനിലെ വ്യത്യാസം |
|---|---|---|
| 73569 | 57616 (ലഭ്യമായിട്ടില്ല) | ICDS സൂപ്പർവൈസർ വാങ്ങിയ ലാപ്ടോപ്പിന്റെ ഒ.എസ് വിൻഡോസ് 11 ഹോം ആണ്. കൃഷി ഓഫീസർ വാങ്ങിയ ലാപ്ടോപ്പിന്റെ ഒ.എസ് |

| | | |
|---|---|---|
| | | വിൻഡോസ് 11 പ്രൊഫഷണലും. കൃഷി ഓഫീസർ 512 GB Hard Disc സ്റ്റോറേജ് , ഐ.സി.ഡി.എസ് സൂപ്പർവൈസർ 256 GB Hard Disc സ്റ്റോറേജ് |

പദ്ധതി ആസൂത്രണവും നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

(I) പദ്ധതി പ്രകാരം ലാപ്ടോപിനൊപ്പം വിൻഡോസ് 11 പ്രൊഫഷണൽ ഓപ്പറേറ്റിംഗ് സിസ്റ്റവും പർച്ചേസ് ചെയ്തിട്ടുണ്ട്. സൗജന്യമായി ലഭ്യമാകുന്ന ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റം വാങ്ങാതെയാണ് സ്ഥാപനം വിൻഡോസ് 11 പ്രൊഫഷണൽ ഒ.എസ് വാങ്ങിയിട്ടുള്ളത്. മൈക്രോസോഫ്റ്റിന്റെ ഔദ്യോഗിക വെബ്സൈറ്റ് പ്രകാരം ഒരു ഒ.എസിന് 16115 രൂപ വിലയുണ്ട്. രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥരുടെയും പ്രവൃത്തിയുടെ സ്വഭാവം പരിഗണിക്കുമ്പോൾ വിൻഡോസ് പ്ലാറ്റ്ഫോമിൽ മാത്രമായി പ്രവർത്തിക്കുന്ന ആപ്ലിക്കേഷനുകളോ സോഫ്റ്റ്‌വെയറോ ഉപയോഗിക്കുന്നില്ലെന്ന് കാണാം. കൃഷി ഓഫീസിൽ നിലവിലുള്ള മൂന്ന് സിസ്റ്റങ്ങളിൽ വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം ലഭ്യമാണെന്നതും പ്രസക്തമാണ്.

(Ii) Word Processing , Web Browsing അധിഷ്ഠിത ജോലി മാത്രം നിർവ്വഹിക്കേണ്ട കൃഷി ഓഫീസ്, ICDS ഓഫീസ് എന്നിവിടങ്ങളിലേക്ക് ആവശ്യകത പരിഗണിക്കാതെയാണ് ലാപ്ടോപുകളുടെ സ്പെസിഫിക്കേഷൻ നിശ്ചയിച്ചിട്ടുള്ളത്.ഐ.ടി മിഷന്റെ സി.പി.ആർ.സി.എസ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള High End- Intel സ്പെസിഫിക്കേഷനേക്കാൾ ഉയർന്ന സ്പെസിഫിക്കേഷനുള്ള ലാപ്ടോപാണ് സ്ഥാപനം പർച്ചേസ് ചെയ്തിട്ടുള്ളത്. Middle End- Intel സ്പെസിഫിക്കേഷനിലുള്ള ലാപ്ടോപുകൾ മതിയെന്നിരിക്കെ High End Laptop വാങ്ങിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

(Iii) ആവശ്യകത പരിശോധിക്കാതെ ഓപ്പറേറ്റിംഗ് സിസ്റ്റം വാങ്ങുന്നത് സംബന്ധിച്ചും ഉയർന്ന സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടറുകൾ വാങ്ങുന്നത് സംബന്ധിച്ചും 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തിയ അപാകതകൾ ഓഡിറ്റ് വർഷത്തിലും ആവർത്തിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

08.11.2010തീയതിയിലെ ജി.ഒ.(പി) 259/2010/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ, സമാഹരണ സൈക്കിൾ നടപടിക്രമങ്ങൾ എന്നിവ പാലിക്കുന്നതിൽ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗരേഖ പ്രകാരം സാമ്പത്തികവർഷം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തേണ്ടതും ഉചിതമായ മാർഗ്ഗത്തിലൂടെ വാങ്ങൽ നടപടികൾ ആരംഭിക്കേണ്ടതുമാണ്. ഓഫീസ് ഉപകരണങ്ങൾ,ഫർണ്ണിച്ചർ എന്നിവ വാർഷിക ആവശ്യം മുൻ നിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങേണ്ടതാണ്. ലഭ്യമാവുന്ന ടെണ്ടർ/ക്വൊട്ടേഷൻ നിരക്കുകൾ താരതമ്യം ചെയ്ത് വാർഷിക പദ്ധതി നിർവ്വഹണത്തിന് പരമാവധി നേട്ടമുണ്ടാകുന്ന തരത്തിലാണ് വാങ്ങലുകൾ നടത്തേണ്ടത്. പ്രസിഡന്റ് ചെയർപേഴ്സണായി വാങ്ങൽകമ്മറ്റി രൂപീകരിക്കേണ്ടതും ഫലപ്രദമായ പ്രവർത്തനത്തിനായി കമ്മിറ്റി സാമ്പത്തിക വർഷം തുടങ്ങുന്നതിനു മുമ്പ് തന്നെ യോഗം ചേരേണ്ടതുമാണ്. സെക്രട്ടറി അഥവാ നിർവ്വഹണോദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഒരു വാങ്ങൽ ടീം രൂപീകരിക്കേണ്ടതുമുണ്ട്. വാങ്ങൽ കമ്മിറ്റിയുടെ മേൽ നോട്ടത്തിലും മാർഗ്ഗനിർദ്ദേശത്തിലുമാണ് വാങ്ങൽ ടീം പ്രവർത്തിക്കേണ്ടത്. മേൽ നടപടി ക്രമങ്ങളിലൂടെ വാങ്ങേണ്ട സ്ഥാപനം , വില എന്നിവ നിശ്ചയിച്ച് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വാങ്ങലുകൾ നടത്തേണ്ട ഉത്തരവാദിത്തം പ്രൊക്യൂർമെന്റ് കമ്മിറ്റിക്കുണ്ട്.എന്നാൽ മാർഗ്ഗരേഖ പ്രകാരമുള്ള ഇത്തരം നടപടിക്രമങ്ങളൊന്നും ഓഡിറ്റ് വർഷത്തിൽ പാലിച്ചതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 17/22.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. സെർവ്വർ ബേസ്ഡ് സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കാത്ത സ്ഥാപനം എന്ന നിലയിൽ വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിന് പണം

ചെലവഴിച്ചതും ആവശ്യകത നിശ്ചയിക്കാതെ ഉയർന്ന നിരക്കിൽ High-End ലാപ്ടോപുകൾ വാങ്ങിയതും പഞ്ചായത്ത് ഫണ്ടിന് അധിക ചെലവുണ്ടാക്കിയിട്ടുണ്ട്. അപാകതകൾക്ക് വിശദികരണം ലഭ്യമാക്കേണ്ടതും തുടർ വർഷങ്ങളിൽ അപാകത ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-20 കാലഹരണപ്പെട്ട ആസ്തികൾ റിപ്പയർ ചെയ്യുന്നതിന് തുക ചെലവഴിച്ചു

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കൃഷി ഓഫീസിലെ അനുബന്ധ ചെലവുകൾ എന്ന പദ്ധതി മുഖേന കൃഷി ഓഫീസിലെ കമ്പ്യൂട്ടർ റിപ്പയർ ചെയ്യുന്നതിന് 19950 രൂപ ചെലവഴിച്ചിട്ടുണ്ട്. മോണിറ്റർ, മദർ ബോർഡ്, ഫാൻ, പ്രൊസസ്സർ, SMPS ഉൾപ്പെടെയുള്ള പ്രധാന ഘടകങ്ങൾ മുഴുവൻ മാറ്റിയതിന് നെക്സസ് എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട്. സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും സ്ഥാപനത്തിൽ 2020-21 സാമ്പത്തിക വർഷം മുതൽ ഓഡിറ്റ് വർഷം വരെ നാല് പുതിയ ലാപ്ടോപ്/ഡെസ്ക് ടോപുകൾ ലഭ്യമായിട്ടുണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ബിൽ തിയ്യതിയിൽ പ്രസ്തുത സിസ്റ്റങ്ങൾ വാറന്റി കാലയളവിലായിരിക്കും എന്നത് വ്യക്തമാണ്. കൃഷി ഓഫീസിൽ രണ്ട് കൃഷി അസിസ്റ്റന്റ് ഒരു അസിസ്റ്റന്റ് കൃഷി ഓഫീസർ, കൃഷി ഓഫീസർ ഉൾപ്പെടെ നാല് ജീവനക്കാരാണുള്ളത്. മേൽ സാഹചര്യത്തിൽ 10.04.2012, 20.05.2013 തിയ്യതികളിൽ ലഭ്യമായ ഡെസ്ക്ടോപ് കമ്പ്യൂട്ടറുകൾ റിപ്പയർ ചെയ്യുന്നതിന് തുക ചെലവഴിച്ചത് ആവശ്യകത പരിഗണിക്കാതെയാണ് എന്നത് വ്യക്തമാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 18/22.11.2024 ) സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവർത്തന ക്ഷമമായ നാല് സിസ്റ്റങ്ങൾ സ്ഥാപനത്തിൽ ലഭ്യമായിരിക്കെ കാലഹരണപ്പെട്ട കമ്പ്യൂട്ടറുകൾ റിപ്പയർ ചെയ്യുന്നതിന് പഞ്ചായത്ത് ഫണ്ട് ഉപയോഗപ്പെടുത്തിയത് അംഗീകരിക്കാവുന്നതല്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത തുടർ വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥ, ധനകാര്യ സ്ററാന്റിംഗ് കമ്മിറ്റി എന്നിവ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-21 അധിക സബ്സിഡി അനുവദിച്ചു.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഞങ്ങളും കൃഷിയിലേക്ക് (പ്രൊ.നം-134/24) എന്ന പദ്ധതി പ്രകാരം പന്തലില്ലാത്ത പച്ചക്കറി കൃഷിക്ക് ഹെക്ടറിന് 22000 രൂപ നിരക്കിൽ ഓരോ ഗ്രൂപ്പിനും കൂലിച്ചെലവിനത്തിൽ പരമാവധി 5000 രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. പരമാവധിയായി നിശ്ചയിച്ച 5000 രൂപ സബ്സിഡി അനുവദിക്കുന്നതിന് കുറഞ്ഞത് 22.73 ആർ ഭൂമിയിലെങ്കിലും കൃഷി ചെയ്യേണ്ടതുണ്ട്. എന്നാൽ നിഷ.പി.ടി, കുഴിയിൽ പീടികയിൽ എന്ന ഗുണഭോക്താവ് 13.89 ആർ ഭൂമിയുടെ രേഖ മാത്രമെ അപേക്ഷക്കൊപ്പം ലഭ്യമാക്കിയിട്ടുള്ളൂ. പ്രസ്തുത ഭൂമി പൂർണ്ണമായും കൃഷിയോഗ്യമാണെന്ന് പരിഗണിച്ചാൽ പോലും അനുവദിക്കാവുന്ന പരമാവധി സബ്സിഡി 3055 രൂപ മാത്രമാണ്. വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും ഫയലിൽ ലഭ്യമല്ല.

1945 രൂപ അധികമായി സബ്സിഡി അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 19/22.11.2024) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ഗുണഭോക്താവിന് അധികമായി നൽകിയ 1945 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിററി എന്ന നിലയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഭരണ സമിതി ഉറപ്പ് വരുത്തേണ്ടതാണ്.

## 1-22 ജീവനക്കാർക്ക് അനർഹമായി ആനുകൂല്യം നൽകുന്നു.

കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കുടുംബ ആരോഗ്യ കേന്ദ്രം ദൈനംദിന ചെലവുകൾ (പ്രൊ.നം- 41/24) എന്ന പദ്ധതി പ്രകാരം ഫീൽഡ്

ചുമതലയുള്ള ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് ചുമതലാപരിധിയിൽ ഫീൽഡ് പരിശോധന നടത്തിയതിന് വാഹനവാടക നൽകിയിട്ടുണ്ട്. 22.05.2023 തിയ്യതിയിൽ തോട്ടങ്ങൾ സന്ദർശിച്ചതിന് 1600 രൂപ , 26.05.2023 തിയ്യതിയിൽ ശുചിത്വ പരിശോധനക്കായി സ്കൂളുകൾ സന്ദർശിച്ചതിന് 1480 രൂപ, 16.08.2023 തിയ്യതിയിൽ കടകൾ സന്ദർശിക്കുന്നതിനായി 1000 രൂപ, 19.10.2023 തിയ്യതിയിൽ ഹൈസ്കൂൾ, മത്സ്യമാർക്കറ്റ് എന്നിവ സന്ദർശിക്കുന്നതിനായി 1000 രൂപ, 20.02.2024 തിയ്യതിയിൽ ഭക്ഷ്യവ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിനായി 1000 രൂപയും ഉൾപ്പെടെ ആകെ 6080 രൂപ ഡ്രൈവറായ ഗിരീഷ് എന്നവർക്ക് നൽകിയിട്ടുണ്ട്. മേൽ യാത്രകൾ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ചുമതലാ നിർവ്വഹണത്തിലും ചുമതലാ പരിധിയിലും ഉൾപ്പെടുന്നതാണ്. ആരോഗ്യ വകുപ്പിന്റെ 25.04.2013 തിയ്യതിയിലെ No.EH2 – 65577/2012/DHS നമ്പറായുള്ള സർക്കുലറിൽ വീടുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ രണ്ട് മാസത്തിൽ ഒരിക്കലെങ്കിലും സന്ദർശിക്കേണ്ടത് ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ചുമതലയാണെന്നത് വ്യക്തമാക്കിയിട്ടുണ്ട്.ഹെൽത്ത് ഇൻസ്പെക്ടർമാർ ഫീൽഡ് തല ചുമതലകൾ നിർവ്വഹിക്കേണ്ട ജീവനക്കാർ ആകയാലും പി.സി.എ ഉൾപ്പെടെയുള്ള നഷ്ടപരിഹാര ബത്തകൾ കൈപ്പറ്റുന്ന ജീവനക്കാർ ആയതിനാലും വാഹനവാടകക്കായി മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുന്നത് അംഗീകരിക്കാവുന്നതല്ല.

ആർദ്രം പദ്ധതി ജീവനക്കാരുടെ വേതനം (പ്രൊ.നം-42/24) എന്ന പദ്ധതി മുഖേന ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവർക്ക് 2750 രൂപ നിരക്കിൽ ഫെസ്റ്റിവൽ അലവൻസ് അനുവദിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ 16.08.2023 തിയ്യതിയിലെ സ.ഉ(അച്ചടി) 85/2023/ധന നമ്പർ ഉത്തരവ് പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് 1210 രൂപ നിരക്കിലാണ് ഫെസ്റ്റിവൽ അലവൻസിന് അർഹതയുള്ളത്. മേൽ ജീവനക്കാർക്ക് 3080 രൂപ അധികമായി നൽകപ്പെട്ടിട്ടുണ്ട്. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി അധിക തുക ജീവനക്കാർക്ക് അനുവദിക്കുകയും ഫീൽഡ് തല ജീവനക്കാർക്ക് വേണ്ടി വാഹന വാടക ഇനത്തിൽ തുക ചെലവഴിക്കുകയും ചെയ്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 20/22.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. വാഹന വാടകയിനത്തിൽ ചെലവഴിച്ച 6080 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ദിവവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവർക്ക് ഫെസ്റ്റിവൽ അലവൻസ് ഇനത്തിൽ അനർഹമായി അനുവദിച്ച 3080 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ചെലവുകൾ സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് നിർവ്വഹിക്കുന്നതെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിററി ഉറപ്പ് വരുത്തേണ്ടതാണ്.

## 1-23 എഫ്.എച്ച്.സിയുടെ ഉയർന്ന വൈദ്യുതി ബിൽ - പരിഹാര നടപടികൾ ആസൂത്രണം ചെയ്യുന്നില്ല.

കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കുടുംബ ആരോഗ്യ കേന്ദ്രം ദൈനംദിന ചെലവുകൾ (പ്രൊ.നം- 41/24) എന്ന പദ്ധതി പ്രകാരം സ്ഥാപനത്തിന്റെ വൈദ്യുതി ബില്ലുകൾ നൽകിയിട്ടുണ്ട്. 58013/- രൂപ വരെ ദ്വൈമാസ കറണ്ട് ചാർജ്ജ് സ്ഥാപനത്തിനുണ്ടാകുന്നുണ്ട്. എയർ കണ്ടീഷണറുകൾ , വിവിധ ഉപകരണങ്ങൾ എന്നിവ പ്രവർത്തിക്കുന്ന സ്ഥാപനം വൈദ്യുതി ചാർജ്ജിനത്തിൽ വലിയ തുകയാണ് ഓരോ വർഷവും ചെലവഴിക്കുന്നത്. ഇത് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 21/22.11.2024 )മറുപടി ലഭ്യമാക്കിയിട്ടില്ല.

വിദ്യുച്ഛക്തിയും ഊർജ്ജവും- പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ വികസിപ്പിക്കുക എന്നത് ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലയാണ്. മേൽ സാധ്യത ഉപയോഗപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്തോടെ സൗരോർജ്ജ സംവിധാനത്തിലൂടെ സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതും കറണ്ട് ചാർജ്ജിനത്തിലുണ്ടാകുന്ന ചെലവ് ചുരുക്കുന്നതിനുള്ള നടപടി

സ്വീകരിക്കേണ്ടതുമാണ്.

## 1-24 ഉപകരണങ്ങൾ വാങ്ങൽ-ജി.എസ്.ടി ഈടാക്കിയില്ല.

കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ രോഗ നിർണ്ണയ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (പ്രൊ.നം- 212/24) എന്ന പദ്ധതി പ്രകാരം കെ.എം.എസ്.സി.എൽ ന്റെ റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെട്ട ശിവ മെഡിക്കൽ സർവ്വീസസ് എന്ന സ്വകാര്യ സ്ഥാപനത്തിന് 18% ജി.എസ്.ടി ഉൾപ്പെടെ 731600 രൂപ നൽകി ഇമ്മ്യൂണോ അസ്സെ അനലൈസർ വാങ്ങിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

(I) 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ , കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ മേൽ വാങ്ങലിൽ പ്രസ്തുത നടപടിക്രമം പാലിച്ചിട്ടില്ല.

(Ii) കെ.എം.സി.എൽ മായി റേറ്റ് കോൺട്രാക്റ്റുള്ള സ്ഥാപനങ്ങളിൽ നിന്നും ഉപകരണങ്ങൾ വാങ്ങുമ്പോൾ വാങ്ങുന്നയാൾ വിതരണക്കാരനുമായി കരാറിലേർപ്പെടണമെന്നും വിതരണക്കാരൻ 5% സെക്യൂറിറ്റി ഡെപ്പോസിറ്റായി അടവാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ നടപടിക്രമങ്ങൾ പാലിക്കാതെയാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 22/22.11.2024 )മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപനം മേൽ ബില്ല് ഉൾപ്പെടുത്തി ജി.എസ്.ടി റിട്ടേൺ ഫയൽ ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതും വാറണ്ടി കാലയളവ് വരേക്കും ബാധകമായ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കേണ്ടതും കരാർ ചമച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-25 കൃഷി ഭവൻ കെട്ടിടം നവീകരണം- പഴയ കെട്ടിടത്തിന് പുതിയ പെയിന്റിംഗ് ഇനം നൽകിയതും മറ്റപാകതകളും

പ്രോജക്ട് : 139/24 (സ്പിൽഓവർ)

അടങ്കൽ : 185313/- വികസനഫണ്ട് ജനറൽ

ചെലവ് : 184167/-

2022-23 വർഷത്തിൽ വികസനഫണ്ട് ജനറൽ 320646/-രൂപ അടങ്കലായി തയ്യാറാക്കിയ പദ്ധതിയിൽ 135333/- രൂപ പാർട്ട് ബിൽ നൽകിയ ശേഷം സ്പിൽഓവറായി തൻവർഷ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടു. കൃഷി ഭവൻ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ ഫയലുകളും റെക്കോർഡുകളും സൂക്ഷിക്കുന്നതിന് സ്റ്റോറേജ് സംവിധാനം നിർമ്മിക്കാനും, കൃഷിഭവന്റെ പെയിന്റിംഗ്, റൂഫ് ഷീറ്റ് വർക്ക് എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ എസ്റ്റിമേറ്റ് പുതുക്കി സ്റ്റോറേജ് പ്രവൃത്തികൾ ഒഴിവാക്കി, പെയിന്റിംഗ് ഇനത്തിൽ വൻവർധന വരുത്തിയാണ് പദ്ധതി നിർവ്വഹിച്ചത്. പ്രവൃത്തി ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. പഴയ കെട്ടിടത്തിന്റെ പെയിന്റിംഗിന് പുതിയ കെട്ടിടത്തിന്റെ പെയിന്റ് ഇനം ഉൾപ്പെടുത്തി

ഈ പ്രവൃത്തിയിൽ പെയിന്റിഗിനായി ഉൾപ്പെടുത്തിയിരിക്കുന്നത് DAR ലെ ഇനം 13.43.1(Primer), 13.60.1(painting With Emulsion Paint) എന്നിവയാണ്. പുതിയ കെട്ടിടത്തിന്റെ പെയിന്റിംഗിന് ഉപയോഗപ്പെടുത്തുന്നതാണ് ഈയിനങ്ങളെന്ന് ഇവയുടെ വിവരണം പരിശോധിച്ചാൽ വ്യക്തമാകുന്നു. ഈയിനങ്ങളിൽ കൂടുതൽ അളവിൽ പെയിന്റ് ഉപയോഗപ്പെടുത്തുന്നുണ്ട്. കൃഷിഭവൻ പ്രവർത്തിക്കുന്ന പഴയ കെട്ടിടത്തിന് ഈയിനം ഉപയോഗപ്പെടുത്തിയതിന്റെ കാരണം വ്യക്തമല്ല.

2. വിഭാവനം ചെയ്ത പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കിയില്ല

പദ്ധതിയിൽ വിഭാവനം ചെയ്തതിൽ നിന്ന് വ്യത്യസ്തമായി സ്റ്റോറേജ് സംവിധാനങ്ങളൊരുക്കൽ പൂർണ്ണമായി ഒഴിവാക്കി, പെയിന്റിംഗ് ഇനത്തിൽ വൻവർധന വരുത്തിയാണ് പദ്ധതി നടപ്പാക്കിയത്. ആദ്യ എസ്റ്റിമേറ്റിൽ 374.145$m^2$ വിസ്തൃതിയിലാണ് പ്രൈമറും, പെയിന്റിംഗും ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ എസ്റ്റിമേറ്റ് പുതുക്കി പ്രൈമർ 1297.31$m^2$ ഉം, അക്രിലിക് പെയിന്റ് 816.246$m^2$ ഉം വിസ്തൃതിയിൽ നടത്തുകയാണുണ്ടായത്. അപ്രകാരം മാറ്റം വരുത്തിയതിന്റെ കാരണം വ്യക്തമല്ല.

3. അളവു രേഖപ്പെടുത്തിയതിൽ അവ്യക്തത

കെട്ടിടത്തിൽ പ്രൈമർ നൽകിയതിന്റെ അളവുകൾ അളവു പുസ്തകത്തിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. 406.246$m^2$ വിസ്തൃതിയിൽ നടത്തിയ അക്രിലിക് പെയിന്റിംഗിന്റെ അളവ് കൃത്യമായ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, 17.4.23ന് അളവു രേഖപ്പെടുത്തിയ 410$m^2$ ന്റെ വിശദാംശം രേഖപ്പെടുത്താതെ(ഏതൊക്കെ ഭാഗത്ത് ഏതളവിൽ എന്ന രീതിയിൽ) ആകെ അളവ് എന്ന രീതിയിൽ മാത്രം ഉൾപ്പെടുത്തിയിരിക്കുന്നു. പ്രൈമർ നൽകിയ ഭാഗങ്ങളിൽ ഏതൊക്കെ ഭാഗങ്ങളിലാണ് പെയിന്റിംഗ് നടത്തിയതെന്ന് വ്യക്തമല്ല. ഈ വിധം അളവു രേഖപ്പെടുത്തിയത് വിശദീകരിക്കേണ്ടതാണ്.

4. എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായി പ്രവർത്തി നടത്തിയ ശേഷം എസ്റ്റിമേറ്റ് പുതുക്കി

അളവു പുസ്തക പ്രകാരം 2023 ഫെബ്രുവരി 4, 22, മാർച്ച് 4എന്നീ തിയ്യതികളിൽ പ്രൈമർ നൽകുന്ന പ്രവൃത്തി പൂർണ്ണമായി നടത്തിയിട്ടുണ്ട്. എസ്റ്റിമേറ്റിൽ നിന്നും വൻഅന്തരത്തിൽ പ്രവൃത്തി നടത്തിയ ശേഷം മാത്രമാണ് എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള നടപടി പ്രൈസിൽ ആരംഭിക്കുന്നത്.

മേൽ കെട്ടിടം ഓഡിറ്റിന്റെ ഭാഗമായി 20.11.24ന് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിക്കുകയുണ്ടായി. കെട്ടിടത്തിന്റെ പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും കെട്ടിടത്തിൽ പ്രൈമർ നൽകിയതിന്റെ സാധ്യതകൾ കാണുന്നില്ല. പ്രൈമർ നൽകിയതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഒന്നാം നിലയിലെ ചുമരുകളിൽ വെന്റിലേഷൻ വരുന്ന ഭാഗങ്ങൾ, കോണിപ്പടിയുടെ സൈഡുകൾ, പുതിയ പെയിന്റ് അടർന്നു പോയ ഭാഗങ്ങൾ (നോട്ടീസുകളും മറ്റും പശ ഉപയോഗിച്ച് ഒട്ടിച്ച് പ്രദർശിപ്പിച്ച ശേഷം കീറി മാറ്റിയ ഭാഗങ്ങളിൽ), സൺഷേഡിന്റെ സൈഡിൽ പുതിയ വെള്ള പെയിന്റ് മഴനനഞ്ഞ് പോയ ഭാഗങ്ങൾ എന്നിവിടങ്ങളിൽ പഴയ പെയിന്റിന്റെ കളർ തെളിഞ്ഞ് കാണാം. മഞ്ഞ നിറത്തിലുള്ള ചുവരുകളിലെ പഴയ പെയിന്റും, സൺഷേഡിന്റെ സൈഡ് ഭാഗത്ത് ചുവന്ന പെയിന്റും കാണുന്നതിൽ നിന്ന് ഇവിടെ പ്രൈമർ നൽകിയിട്ടില്ലായെന്ന് അനുമാനിക്കാവുന്നതാണ്. സിമന്റ് പ്രൈമർ നൽകുന്നത് സിമന്റ് പ്രതലത്തിലാണ് എന്നിരിക്കെ, ഈ ഭാഗങ്ങളിൽ പ്രൈമർ നൽകുന്നതിനു മുമ്പ് പഴയ പെയിന്റ് ഉരച്ചു കളയേണ്ടതാണ്. എന്നാൽ ഈ ഭാഗങ്ങളിൽ സ്ക്രാപ്പിംഗിനായി എസ്റ്റിമേറ്റിൽ ഇനമൊന്നും ഉൾപ്പെടുത്തിയിട്ടില്ല.

മുകളിൽ വിവരിച്ച രീതിയിൽ പെയിന്റിംഗ് ഇനം ആവശ്യകത വ്യക്തമാക്കാതെ പഴയ കെട്ടിടത്തിൽ ഉപയോഗപ്പെടുത്തിയതും, അളവുകൾ രേഖപ്പെടുത്തിയതിലെ അപാകതകളും (വ്യക്തതയില്ലാത്ത വിധം രേഖപ്പെടുത്തിയതും, ചെയ്യാത്ത പ്രവൃത്തിയുടെ അളവു രേഖപ്പെടുത്തിയതും), പദ്ധതിയിൽ വിഭാവനം ചെയ്ത പ്രവൃത്തികൾ നിർവ്വഹണ സമയം മാറ്റം വരുത്തി ഒഴിവാക്കുന്നതും, പ്രവൃത്തി നടത്തിയ ശേഷം എസ്റ്റിമേറ്റ് പുതുക്കുന്നതും വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5/2023-24, തീയതി 21.11.2024) മറുപടി ലഭിച്ചില്ല.

ഇനങ്ങളുടെ ആവശ്യകത വിശദീകരിക്കാതെ എസ്റ്റിമേറ്റുകളിൽ ഇനങ്ങൾ ഉൾപ്പെടുത്തുന്നതും, ഇവ പരിശോധിക്കാതെ സാങ്കേതികാനുമതി കൊടുക്കുന്നതും തെറ്റായ പ്രവണതയാണ്. സ്ഥലപരിശോധനയിൽ കണ്ടതു പ്രകാരം പഴയ പെയിന്റ് ഒഴിവാക്കാതെ റീപെയിന്റ് ചെയ്തതിനാൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ അളവിൽ പെയിന്റിന്റെ ആവശ്യകത ഉണ്ടായിട്ടില്ല. കെട്ടിടത്തിൽ പെയിന്റിഗ് ചെയ്ത അളവുകൾ പുന:പരിശോധിക്കേണ്ടതും, യഥാർത്ഥ അളവുകൾ തിട്ടപ്പെടുത്തി പഴയ കെട്ടിടത്തിൽ പെയിന്റിംഗ് നടത്തുന്നയിനത്തിന്റെ നിരക്കിൽ കണക്കാക്കി പഞ്ചായത്ത് ഫണ്ടിനുണ്ടായ

നഷ്ടം തിട്ടപ്പെടുത്തി ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും, ചെക്ക് മെഷർ ചെയ്ത ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-26 കായലാട് നടേരിത്തോട് നവീകരണം - പദ്ധതി രൂപീകരണ നിർവ്വഹണത്തിലെ അപാകതകൾ

കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി വാർഷിക പദ്ധതിയുൾപ്പെടുത്തി കായലാട് നടേരിത്തോടിന്റെ നവീകരണം നടന്നു വരുന്നുണ്ട്. നാളിതുവരെ ഒരു കോടിയിലധികം രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്. മുഴുവൻ പദ്ധതികളിലും തോടിന്റെ വശങ്ങൾ കോൺക്രീറ്റ് ഭിത്തി കെട്ടി സംരക്ഷിക്കുകയും, ചിലയിടങ്ങളിൽ കവറിംഗ് സ്ലാബ് നൽകുകയുമാണ് ചെയ്തിട്ടുള്ളത്. ഈ പ്രവൃത്തികളുടെ തുടർച്ചയെന്നോണം ഓഡിറ്റ് വർഷം രണ്ടു പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ട്. ഒന്ന് പുതിയ പദ്ധതിയും, മറ്റൊന്ന് സ്പിൽഓവർ പദ്ധതിയും. കുടിശ്ശികബില്ലുകളായതിനാൽ രണ്ടു പദ്ധതികളിലും തൻവർഷം ചെലവുണ്ടായില്ല.

| | |
|---|---|
| പ്രോജക്ട് 157/24, സ്പിൽഓവർ | 50,00,000/- , നഗരസഞ്ചയ ഫണ്ട് |
| പ്രോജക്ട് 70/24, പുതിയ പദ്ധതി | 1268500/- ധനകാര്യകമ്മീഷൻ ഗ്രാന്റ് |

രണ്ടു പദ്ധതികളും വ്യത്യസ്ത രീതിയിൽ നടപ്പാക്കി

മേൽ രണ്ടു പദ്ധതികൾ പരിശോധിച്ചാൽ തികച്ചും വ്യത്യസ്തമായ രീതിയിലാണ് ഇവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും, നടപ്പാക്കിയതെന്നും വ്യക്തമാകുന്നു. സ്പിൽഓവർ പദ്ധതിയിൽ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് മോർഡ് ആണ്. ഈ പദ്ധതിയിൽ തോടിൽ നിലവിലുണ്ടായിരുന്ന കരിങ്കൽ ഭിത്തി (മുഴുവൻ ഭാഗത്തും ഉണ്ടായിരുന്നോയെന്ന് വ്യക്തമല്ല)പൊളിച്ച് മാറ്റി, കോൺക്രീറ്റ് ഭിത്തി നിർമ്മിക്കുകയും, തോടിന്റെ അടിത്തട്ട് കരിങ്കൽ പാകുന്നതുമാണ് നടത്തിയിരിക്കുന്നത്.

രണ്ടാമത്തെ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് DSRഅടിസ്ഥാനപ്പെടുത്തിയാണ് തയ്യാറാക്കിയത്. ഒരു ഡ്രെയിൻ നിർമ്മിക്കുന്ന വിധത്തിൽ ഇതിൽ കോൺക്രീറ്റ് ഭിത്തി കെട്ടാനും, അടിത്തട്ടിൽ ക്വാറി മക്ക് നൽകി അതിനുമുകളിൽ ബെഡ് കോൺക്രീറ്റ് നൽകി വെയറിംഗ്കോട്ട് നൽകാനും, ചിലയിടങ്ങളിൽ കവറിംഗ് സ്ലാബിനുമുള്ള ഇനങ്ങളാണ് ഇതിലുൾപ്പെട്ടത്. ഇത്തരത്തിൽ ഒരേ തോടിന്റെ നവീകരണ/ സംരക്ഷണ പ്രവർത്തനങ്ങൾ വ്യത്യസ്ത രീതിയിൽ നടപ്പാക്കുന്നതിന്റെ സാംഗത്യം വ്യക്തമല്ല.

അടിത്തട്ട് കരിങ്കൽ പാകുന്നതിന് ODതയ്യാറാക്കിയതിൽ അപാകത

സ്പിൽഓവർ പദ്ധതിയിൽ തോടിന്റെ അടിത്തട്ട് കരിങ്കൽ പാകുന്നതിനായി ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ വിവരണ പ്രകാരം അടിത്തട്ടിൽ കരിങ്കൽ പാകുന്നതാണ് പ്രവൃത്തി. മുൻവർഷത്തിലെ പദ്ധതികളിലും ഇപ്രകാരം കരിങ്കൽപാകിയിട്ടുണ്ട്. DSRഅടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ ആ പ്രവൃത്തികളിൽ ഇനം 60.7.2 ആണ് ഇതിനുപയോഗപ്പെടുത്തിയത്. ഓഡിറ്റ് വർഷത്തെ പ്രവൃത്തിയിൽ ഇതേ പ്രവൃത്തി ചെയ്യുന്നതിന് ഡാറ്റ തയ്യാറാക്കിയത് പരിശോധിച്ചതിൽ വിവരണത്തിൽ മാത്രം DR Packing എന്നു ചേർക്കുകയും, ഇതിനാധാരമാക്കിയിരിക്കുന്നത് DR Masonry യുടെ നിരക്കുകളാണെന്നും മനസ്സിലാകുന്നു. അതായത് 2833.19/-രൂപ ഒരു ഘനമീറ്റർ പ്രവൃത്തിയ്ക്ക് വരുന്നതിന് 3660.07/-രൂപ കണക്കാക്കിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. പൊളിച്ചെടുത്ത കരിങ്കൽ ഉപയോഗപ്പെടുത്തി അടിത്തട്ട് പാകുന്നതിന് തയ്യാറാക്കിയ ഡാറ്റയിലും ഇതേ അപാകത നിലനിൽക്കുന്നു. 714.78/-രൂപ നിരക്ക് വേണ്ടിടത്ത് 1541.64/-രൂപയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്. മേൽ പ്രവൃത്തികൾക്ക് കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് കുറവായതിനാൽ മാത്രം (കരിങ്കൽ പാകൽ-1725/-, പൊളിച്ചെടുത്ത കല്ലുപയോഗിച്ച പ്രവൃത്തി - 1350/-) പഞ്ചായത്തിന് അധികചെലവുണ്ടായില്ല.

ഡാറ്റ തയ്യാറാക്കിയതിലെ ഈ അപാകത സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥനും ശ്രദ്ധിച്ചതായി കാണുന്നില്ല.

തോടിന്റെ യഥാർത്ഥ വീതി പരിശോധിക്കപ്പെട്ടിട്ടില്ല

പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത തോടിന്റെ വീതി ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മുൻവർഷങ്ങളിൽ ഈ തോടിന്റെ നവീകരണ പ്രവൃത്തികൾ ചെയ്തത് പരിശോധിച്ചതിൽ 3.8മീറ്റർ വീതിയിൽ വരെ തോടിന് വീതിയുള്ളതായി കാണുന്നു (അളവു പുസ്തകത്തിലെ അളവുകളടിസ്ഥാനപ്പെടുത്തി). എന്നാൽ ഓഡിറ്റ് കാലയളിൽ നടപ്പാക്കിയ പദ്ധതികളിൽ 2.4മീ, 2.00മീ, 1.85മീറ്റർ എന്നിങ്ങനെയാണ് തോടിന്റെ വീതി. തോടിൽ കൈയ്യേറ്റങ്ങളുണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കപ്പെടാതെയാണ് സ്ഥിര ആസ്തിയെന്നോണം സൈഡ് ഭിത്തി നിർമ്മാണം നടത്തിപ്പോരുന്നത്.

തോടിന്റെ അടിത്തട്ടിൽ കോൺക്രീറ്റ്/കരിങ്കൽ പാകിയതിന്റെ ഉദ്ദേശ്യം വിശദീകരിച്ചിട്ടില്ല

തോടിന്റെ നവീകരണത്തിനായി നടപ്പാക്കിയ മുഴുവൻ പദ്ധതികളിലും തോടിന്റ അടിത്തട്ടിൽ കരിങ്കൽ പാകുകയോ, കോൺക്രീറ്റ് ചെയ്യുകയോ, ചില പ്രവൃത്തികളിൽ ഇവ രണ്ടും നൽകുകയും ചെയ്തിട്ടുണ്ട്. തോടിന്റെ സ്വാഭാവിക ആവാസ വ്യവസ്ഥയെ ദോഷകരമായി ബാധിക്കുന്ന ഈ പ്രവൃത്തി, പല എസ്റ്റിമേറ്റിലും വിവരിച്ച ജലസംരക്ഷണത്തിന് ഉപകരിക്കാത്തതാണ്. ജലം ഭൂമിയിലേക്കിറങ്ങാൻ അവസരം നൽകാതെ ഒഴുകി പോകുന്നതിനാണ് ഇത്തരം നിർമ്മാണങ്ങൾ വഴിവെക്കുക. തോടിന്റെ സമീപമുള്ള ജലഉറവകളുടെ പോഷണവും ഇതുമൂലം ഉണ്ടാകാതെ വരുന്നു.

മേൽ അപാകതകൾക്കും, പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്ന വിധത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും വിശദീകരണം നൽകേണ്ടതാണ്. വലിയ മുതൽ മുടക്കിൽ ഇത്തരത്തിൽ ആസ്തികൾ സൃഷ്ടിക്കുമ്പോൾ/വീണ്ടെടുക്കുമ്പോൾ യഥാർത്ഥ വീതിയിൽ ഇവ ചെയ്യാൻ ശ്രമിക്കാത്തതും, ഇത്തരം പദ്ധതികളുടെ നിർവ്വഹണത്തിനു മുമ്പ് ശരിയായ പഠനം നടത്താൻ ശ്രമിക്കാതിരുന്നതും പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. ഈ തോടിൽ നടത്താനുദ്ദേശിക്കുന്ന തുടർപ്രവർത്തനങ്ങൾക്കു മുമ്പേ ഇക്കാര്യങ്ങളിൽ വ്യക്തത വരുത്തേണ്ടതാണ്.

1-27 ധാതു ലവണ മിശ്രിതം- അളവുകളിൽ അവ്യക്തത.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ |
| അടങ്കൽ | 96060 (വികസന ഫണ്ട് ജനറൽ) |
| ചെലവ് തുക | 96060 (188/07.11.2023)<br>(221/22.11.2023) |

വെറ്ററിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കറവപശുക്കൾക്ക് ധാതുലവണ മിശ്രിതം എന്ന പദ്ധതി (പ്രോജക്ട് നം.102) പ്രകാരം 360 കിലോ ധാധുലവണ മിശ്രിതത്തിന് കർണാടക ആന്റിബയോടിക്സ് & ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനത്തിന് 96060 രൂപ കൈമാറിയിട്ടുണ്ട് (Invoice No. CHN 2024101506 തീയതി 25.10.2023, CHN 2024101795 തീയതി 17.11.2023. സ്ഥാപനത്തിന്റെ ബില്ല് പ്രകാരം ആകെ 1360 കിലോഗ്രാം ധാതു ലവണ മിശ്രിതത്തിന് ആകെ 96,060/- രൂപയാണ് കൈമാറിയിട്ടുള്ളത്. എന്നാൽ കൽപക ട്രാൻസ്പോർട്ട് കമ്പനിയുടെ പാർസൽ സർട്ടിഫിക്കറ്റ് (നം.90005131 തീയതി 26.10.2023, 90005173 തീയതി 17.11.2023) പ്രകാരം ആകെ വിതരണം ചെയ്തതിന്റെ അളവ് 1188 KG മാത്രമാണ്. 172 കിലോഗ്രാമിന് അധിക തുക നൽകിയിട്ടുണ്ട്. ഓഡിറ്റ് പരിശോധനക്കായി ലഭ്യമാക്കിയ വിതരണ രേഖയിൽ ഓരോ ഗുണഭോക്താവും മിശ്രിതം കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അളവ് രേഖപ്പെടുത്തിയിട്ടില്ല. 172 കിലോഗ്രാമിന് 70.63 രൂപ നിരക്കിൽ അധികം നൽകിയ 12,148/- രൂപ ഓഡിറ്റിൽ നിരാകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ അറിയിക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 27/22.11.2024 ) സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

ബിൽ പ്രകാരം തുക അനുവദിച്ച 1360 കിലോഗ്രാം ധാതു ലവണ മിശ്രിതം ലഭ്യമായതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അധികമായി ചെലവഴിച്ച 12,148/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ചെലവ് തുക ഉത്തരവാദിയായ

ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-28 വെറ്ററിനറി സർജ്ജന്റെ പദ്ധതികൾ- ചെലവ് രേഖകൾ ലഭ്യമാക്കിയില്ല.

വെറ്ററിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളുടെ ചെലവ് രേഖകൾ പൂർണ്ണമായും ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്ട് | ചെലവഴിച്ച തുക | ബിൽ വിശദാംശം വികസന ഫണ്ട് ജനറൽ |
|---|---|---|
| കാലിത്തൊഴുത്ത് നവീകരണം- വളക്കുഴിയും മൂത്രതൊട്ടിയും നിർമ്മാണം | 337500 | 280/14.12.2023<br>594/25.03.2024<br>596/25.03.2024<br>604/25.03.2024<br>603/25.03.2024 |
| പോത്ത് വളർത്തൽ പദ്ധതി വനിത | 64000 | 186/07.11.2023<br>187/07.11.2023<br>329/19.01.2024 |

മേൽ പദ്ധതികളുടെ ചെലവ് രേഖകൾ, അനുബന്ധ രേഖകൾ, വിതരണ രേഖകൾ, മൂല്യനിർണ്ണയ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നെങ്കിലും (ഓഡിറ്റ് റിക്വസിഷൻ നം. 4/22.11.2024) ആയത് ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ചെലവ് തുകയായ 401500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട പ്രൊജക്ട് ഫയലുകളും അനുബന്ധ രേഖകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-29 കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി -പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് : 80/24

അടങ്കൽ : 25,00,000/- (5,00,000/- വികസനഫണ്ട് ജനറൽ

5,50,000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം

2,00,000/- ജില്ലാ പഞ്ചായത്ത് വിഹിതം

12,50,000/- ഗുണഭോക്തൃവിഹിതം നേരിട്ട്)

ചെലവ് : 12,50,000/-

ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നതിനുള്ള പ്രോജക്ടാണിത്. കർഷകർ രണ്ടു ചാക്ക് കാലിത്തീറ്റ വാങ്ങുമ്പോൾ ഒരു ചാക്കിന്റെ വില നൽകിയാൽ മതി എന്ന വിധമാണ് പ്രോജക്ട് നടപ്പാക്കുന്നത്. വിവിധ ക്ഷീരോത്പാദക സംഘങ്ങൾ കർഷകർ കാലിത്തീറ്റ വാങ്ങിയതിന്റെ വിശദാംശം(കർഷകർക്ക് നൽകിയ ബില്ലിന്റെ പകർപ്പ്) നിർവ്വഹണോദ്യോഗസ്ഥയ്ക്ക് നൽകുന്ന മുറയ്ക്ക് സബ്സിഡി തുക ക്ഷീരസംഘങ്ങൾക്ക് നൽകുകയാണ് ചെയ്യുന്നത്. പദ്ധതി ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ഒരേ കാലയളവിൽ സംഘങ്ങൾ വ്യത്യസ്ത നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നു

പഞ്ചായത്ത് പരിധിയിലെ അഞ്ചു ക്ഷീരസംഘങ്ങളിൽ പ്രധാന ക്ഷീരസംഘങ്ങൾ(കൂടുതൽ കർഷകർ അംഗങ്ങളായുള്ള) കൊഴക്കല്ലൂർ, കീഴ്പ്പത്തൂർ എന്നീ സംഘങ്ങളാണെന്ന് ഫയലിൽ നിന്നും വ്യക്തമാണ്. 2023ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ഈ രണ്ടു സംഘങ്ങളും കാലിത്തീറ്റ വില്പന നടത്തിയിരിക്കുന്നത് രണ്ട് ചാക്കിന് 2990/-, 3040/-എന്നീ നിരക്കുകളിലാണ്. എന്നാൽ താരതമ്യേന ചെറിയ സംഘമായ മഞ്ഞക്കുളം ക്ഷീരോത്പാദക സംഘം കർഷകർക്ക് കാലിത്തീറ്റ നൽകിയത് 2700/-, 2780/- എന്നീ നിരക്കുകളിലാണ്. വലിയ സംഘങ്ങൾ കൂടുതൽ അളവിൽ കാലിത്തീറ്റ ഇറക്കുമ്പോൾ സ്വാഭാവികമായും കമ്പനികളിൽ നിന്നും ഡിസ്കൗണ്ട് ലഭ്യമാകും. സംഘങ്ങൾ കാലിത്തീറ്റ

വാങ്ങിയ ബില്ലുകൾ പരിശോധിച്ചാൽ ഇവർ വാങ്ങുന്ന വിലയേക്കാളും ഉയർന്ന നിരക്കിലാണ് സംഘം കർഷകർക്ക് കാലിത്തീറ്റ വില്പന നടത്തുന്നതെന്ന് വ്യക്തമാകുന്നു. ഈ വിലവ്യത്യാസം കർഷകർക്ക് ലഭ്യമാകുന്നില്ല. പഞ്ചായത്ത് പരിധിയിലെ സംഘങ്ങൾക്ക് ഇപ്രകാരം വ്യത്യസ്ത നിരക്കിൽ സബ്സിഡി നൽകുന്ന സാഹചര്യം വിശദീകരിക്കേണ്ടതാണ്.

2. പ്രോജക്ട് കാലയളവിൽ വ്യത്യസ്ത നിരക്കിൽ സബ്സിഡി നൽകി

പ്രോജക്ടിൽ രണ്ട് കാലയളവിലായാണ് സബ്സിഡി നൽകിയിട്ടുള്ളത്. 2023ആഗസ്റ്റ്, സെപ്റ്റംബർ എന്നീ മാസങ്ങളിലും, നവംബർ ഡിസംബർ എന്നീ മാസങ്ങളിലും. ആദ്യ കാലയളവിൽ കർഷകർ കാലിത്തീറ്റ വാങ്ങിയ ബില്ലിന്റെ 50% സബ്സിഡിയായി അനുവദിച്ചിട്ടുണ്ട് (3040ന് 1520രൂപ, 2700 ന് 1350രൂപ, 2990 ന് 1495രൂപ എന്നിങ്ങനെ). എന്നാൽ രണ്ടാമത്തെ കാലയളവിൽ സംഘങ്ങൾ വ്യത്യസ്ത നിരക്കിൽ വില്പന നടത്തിയപ്പോഴും എല്ലാ സംഘങ്ങളിലും(മഞ്ഞക്കുളം സംഘത്തിലൊഴികെ) ഒരേ തുകയായ 1155രൂപയാണ് കർഷകർക്ക് നൽകിയിട്ടുള്ളത്. ഈ സബ്സിഡി തുക 50% എന്ന നിരക്കിലല്ല. മഞ്ഞക്കുളം സംഘത്തിലെ കർഷകർക്ക് 50% എന്ന ആനുകൂല്യം ലഭിച്ചപ്പോൾ മറ്റു സംഘങ്ങളിലെ കർഷകർക്ക് തുക പരിമിതപ്പെടുത്തി. തുക പരിമിതപ്പെടുത്തിയത് ഫണ്ടിന്റെ അപര്യാപ്തത മൂലമാണെന്ന് നിർവ്വഹണോദ്യോഗസ്ഥ വിവരിച്ചുവെങ്കിലും പഞ്ചായത്ത് പ്രദേശത്തെ കർഷകരെ/ക്ഷീര സംഘങ്ങളെ വ്യത്യസ്തത്തട്ടിൽ കാണുന്നത് ഉചിതമല്ല. ആയത് ആവർത്തിക്കാതിരിക്കേണ്ടതാണ്.

3. ഗുണഭോക്തൃ വിഹിതം ചെലവ് വിശദാംശം ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയില്ല

ഈ പദ്ധതിയിൽ 12,50,000/-രൂപ ഗുണഭോക്താക്കൾ നേരിട്ട് വിനിയോഗിച്ചതാണ്. പദ്ധതിയടങ്കലിൽ ഈ തുക കൂടി ഉൾപ്പെടുത്തുന്നുണ്ടെങ്കിലും ചെലവ് ഉൾപ്പെടുത്തുമ്പോൾ പ്രസ്തുത വിഹിതത്തിന്റെ വിവരം ഉൾപ്പെടുത്തുന്നില്ല. അതുകൊണ്ടുതന്നെ പദ്ധതിയുടെ നിർവ്വഹണ ശതമാനം കൃത്യമായി പത്രികയിൽ ഉൾപ്പെടുന്നില്ല.

പഞ്ചായത്ത് പരിധിയിലെ ക്ഷീരസംഘങ്ങൾ വാങ്ങിയ വിലയിൽ നിന്നും അധികമായ വിലയിൽ വില്പന നടത്തുന്ന /വ്യത്യസ്ത നിരക്കിൽ സബ്സിഡി അനുവദിക്കുന്ന സാഹചര്യം വിശദീകരിക്കേണ്ടതും, ഈ വിഷയത്തിൽ സർക്കാരിൽ നിന്നും വ്യക്തത വരുത്തുന്നതിന് ശ്രമം നടത്തേണ്ടതുമാണ്.

1-30 തുല്യത പരീക്ഷ – കോഴ്സ് ഫീസ് അടവാക്കൽ - മോണിറ്ററിംഗ് വിവരം ലഭ്യമല്ലാത്തതും,മറ്റപാകതയും

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ്മിസ്ട്രസ്

അടങ്കൽ : 50,000/-(34564/- വികസനഫണ്ട് ജനറൽ, 15436/- തനതുഫണ്ട്)

ചെലവ് : 15,000/- ലഭ്യമല്ല

13,950/- ബിൽ നം.588/25.03.2024

18450/- ബിൽ നം.563/24.03.2024

ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് പ്രദേശത്തെ 12 പേർക്കുള്ള പത്താംതരം തുല്യതാ പരീക്ഷ ഫീസും, 11 പേരുടെ പതിനൊന്നാം തരം തുല്യതാ പരീക്ഷാ ഫീസും സാക്ഷരതാ മിഷൻ അതോറിറ്റിയുടെ ബാങ്കുകളിലേയ്ക്ക് നൽകിയിട്ടുണ്ട്. ഫീസ് ആവശ്യപ്പെട്ട് മിഷനിൽ നിന്നും ലഭ്യമായ കത്തുകളിൽ പത്താംതരം തുല്യതാ ഫീസ് ശാസ്തമംഗലം എസ്.ബി.ഐ അക്കൗണ്ടിലും, പതിനൊന്നാം തരം തുല്യതാ പരീക്ഷാ ഫീസ് തിരുവനന്തപുരം യൂക്കോ ബാങ്ക് അക്കൗണ്ടിലുമാണ് അടവാക്കാൻ നിർദ്ദേശിച്ചിരുന്നത്. എന്നാൽ ഈ വിധമല്ല തുക നൽകിയിട്ടുള്ളത്. വിശദാംശം ചുവടെ കൊടുക്കുന്നു.

| തുല്യതാ ക്ലാസ് | അടവാക്കേണ്ട ബാങ്ക്/അടവാക്കേണ്ട തുക | അടവാക്കിയ തുക |
|---|---|---|
| പത്താംതരം | ശാസ്തമംഗലം എസ്.ബി.ഐ /23400/- | 13950/- |

| | | |
|---|---|---|
| +1 തുല്യത | യൂക്കോ ബാങ്ക്/24000/ - | 33450/- |

തുക ആവശ്യപ്പെട്ടു കൊണ്ടുള്ള കത്തിൽ തുക കൈമാറിയ നടപടി ക്രമങ്ങളുടെ പകർപ്പ് മിഷനിൽ ലഭ്യമാക്കി കൈപ്പറ്റ് രസീതും, വിനിയോഗ സാക്ഷ്യപത്രവും കൈപ്പറ്റാൻ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇവ ഫയലിൽ ലഭ്യമല്ല. കൂടാതെ തുല്യതാ പരീക്ഷയ്ക്കായി രജിസ്റ്റർ ചെയ്തവർ പരീക്ഷയെഴുതിയിരുന്നുവോ, തുല്യതാ സർട്ടിഫിക്കറ്റ് ലഭിച്ചോയെന്ന കാര്യങ്ങളിൽ വ്യക്തതയില്ല. ഫീസ് തുക കൈമാറുന്നതിൽ അപ്പുറം പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യം കൈവരിച്ചോയെന്നത് മോണിറ്റർ ചെയ്യാത്തത് പദ്ധതി നിർവ്വഹണത്തിലെ അപാകതകയാണ്.

ആവശ്യപ്പെട്ടതിൽ നിന്നും വ്യത്യസ്തമായി തുക കൈമാറിയതും, മോണിറ്ററിംഗിന്റെ അപാകതയും വിശദീകരിക്കേണ്ടതാണ്.

1-31 മതിയായ വിശകലനമില്ലാതെ ആദ്യസിംഗിൾ ടെണ്ടർ നിരസിക്കുന്നു- പിന്നീട് അധിക നിരക്കിൽ പ്രവൃത്തി ഏൽപ്പിക്കുന്നു

സർക്കാർ ഉത്തരവ് (പി)324/2015/Fin, തിയ്യതി 30.7.2015 ൽ പൊതുമരാമത്ത് പ്രവൃത്തികൾക്കായി ലഭിക്കുന്ന സിംഗിൾ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികളെ സംബന്ധിച്ച് വിശദീകരിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 4(b)പ്രകാരം ഇത്തരത്തിൽ സിംഗിൾ ടെണ്ടർ ലഭിച്ചാൽ ഒന്നുകിൽ റീടെണ്ടർ ചെയ്യുകയോ അല്ലെങ്കിൽ ടെണ്ടർ കാലയളവ് 15 ദിവസം കൂട്ടി നൽകി കൂടുതൽ ടെണ്ടർ ലഭ്യമാകാനുള്ള സാധ്യത ആരായാവുന്നതുമാണ്. റീടെണ്ടർ ചെയ്യാനാണ് തീരുമാനിക്കുന്നതെങ്കിൽ അതിനു മുമ്പായി ടെൻഡർ ക്ഷണിക്കുന്ന അതോറിറ്റി ആദ്യടെണ്ടറിൽ വേണ്ടത്ര ടെണ്ടർ ലഭിക്കാത്തതിന്റെ കാരണം(ങ്ങൾ) വിശകലനം ചെയ്യുകയും യഥാർത്ഥ ടെൻഡറിന്റെ നിബന്ധനകളിൽ ഏതെങ്കിലും നിയന്ത്രിത ക്ലോസുകൾ/ വ്യവസ്ഥകൾ ഉണ്ടായിരുന്നോയെന്ന് പരിശോധിക്കേണ്ടതുമാണ്. റീടെണ്ടറിന് വേണ്ടത്ര പബ്ലിസിറ്റി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും, കരാറുകാർക്ക് ഇ-മെയിൽ മുഖേനയോ എസ്.എം.എസ് മുഖേനയോ അറിയിപ്പുകൾ നൽകാവുന്നതുമാണ്. റീടെണ്ടറിലും സിംഗിൾ ടെണ്ടർ ലഭിക്കുകയാണെങ്കിൽ ആയതിൻമേൽ ഭരണസമിതി അന്തിമ തീരുമാനം എടുക്കുന്നതിനു മുമ്പ് ന്യായമായതും മതിയായതുമായ നിരക്കിന്റെ മത്സരം ഉണ്ടായിട്ടുണ്ടെന്ന ടെണ്ടറിന്റെ അടിസ്ഥാന ലക്ഷ്യം ഉറപ്പാക്കേണ്ടതാണെന്നും മേൽ ഉത്തരവിൽ വിവരിക്കുന്നു.

ഓഡിറ്റ് വർഷം അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കുന്ന വിവിധ പൊതുമരാമത്ത് പ്രവൃത്തികൾക്കായി നടത്തിയ ടെണ്ടറുകളിൽ പലപ്പോഴും സിംഗിൾ ടെണ്ടർ ലഭിക്കുകയും, സിംഗിൾ ടെണ്ടറായതിനാൽ പരിഗണിക്കാതെ റീടെണ്ടർ ചെയ്ത് ഇതിൽ ലഭിച്ച അധിക നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ച് പ്രവൃത്തി നടത്തുകയും ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി വിശദാംശം | ആദ്യ ടെണ്ടറിൽ ലഭിച്ച സിംഗിൾ ടെണ്ടർ/നിരക്ക് | റീ ടെണ്ടറിൽ പങ്കെടുത്തവർ | സ്വീകരിച്ച ടെണ്ടർ/നിരക്ക് |
|---|---|---|---|---|
| 1 | പുതിയേടത്ത്കുന്ന് കോളനി റോഡ്, 56/24 | ഗഫൂർ.പി 5,58,834.08 | 2 പേർ | കൈരളി LCCS 5,92,611.34/- |
| 2 | അട്ടംമ്പുംകുനി പാലോറകുന്ന് കൾവെർട്ട്, 19/24 | അരിക്കുളം LCCS 3,20,907.29 | സിംഗിൾ ടെണ്ടർ | രാവറ്റമംഗലം LCCS 3,38,493.15/- |
| 3 | കാഞ്ഞിരമുക്ക് നരിയാംപുറത്ത് റോഡ്, 62/24 | കടത്തനാട് LCCS 5,08,029.1 | സിംഗിൾ ടെണ്ടർ | മുഹമ്മദ് മിറാഷ് 5,46,839.84/- |
| 4 | ജനകീയമുക്ക് കളരിക്കണ്ടി മുക്ക് റോഡ് | കടത്തനാട് LCCS 6,74,902.07 | 2 പേർ | ബിജു.എം 6,77,109.98/- |

| | | | | |
|---|---|---|---|---|
| 5 | നെരവത്ത്മുക്ക് മലയിൽഭാഗം റോഡ് നവീകരണം, 45/24 | ഗഫൂർ.പി 2,05,745.15 | 4 പേർ | മാധവൻ 2,20,732/- |
| 6 | കുനം വള്ളിക്കാവ് ചാലിൽമീത്തൽ റോഡ്, 63/24 | മടത്തുംഭാഗം LCCS 5,39,015.18 | സിംഗിൾ ടെണ്ടർ | മടത്തുംഭാഗം LCCS 5,68,663.98/- |
| 7 | FHCനവീകരണം സെക്കന്റ് സ്റ്റേജ്, 66/24 | മടത്തുംഭാഗം LCCS 3,14,864.35 | സിംഗിൾ ടെണ്ടർ | മടത്തുംഭാഗം LCCS 3,25,032.91/- |

പട്ടികയിൽ ഉൾപ്പെടുത്തിയ ടെണ്ടറുകളിൽ പലതും ടെണ്ടർ കുറവ് ക്വാട്ട് ചെയ്തവയായിരുന്നിട്ടും ആയത് പരിഗണിക്കാതെ, അല്ലെങ്കിൽ ടെണ്ടർ സമയം നീട്ടി നൽകി കൂടുതൽ പങ്കാളിത്തത്തിന് ശ്രമിക്കാതെ റീ-ടെണ്ടറിന് തീരുമാനമെടുത്തതിന്റെ കാരണം വ്യക്തമല്ല. റീ-ടെണ്ടർ നടത്തിയാൽ ഇതിലും താഴ്ന്ന ടെണ്ടർ കുറവു ലഭിക്കുമായിരുന്നോയെന്ന വിശകലനം നടത്തുകയോ, റീടെണ്ടറിൽ സിംഗിൾ ടെണ്ടറായി നിരക്ക് ലഭിച്ചപ്പോൾ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച വിധമുള്ള നിരക്കിന്റെ/ വിലയുടെ ന്യായം ഉറപ്പാക്കുകയോ ചെയ്തിട്ടില്ല. റീടെണ്ടർ വിവരങ്ങൾ ഭരണസമിതിയ്ക്ക് സമർപ്പിച്ചപ്പോൾ ഈ പ്രവൃത്തികൾക്ക് ആദ്യ ടെണ്ടറിൽ കുറവ് നിരക്ക് ലഭിച്ച കാര്യം അസി.എഞ്ചിനീയർ ശ്രദ്ധയിൽപ്പെടുത്തിയിരുന്നോയെന്ന് വ്യക്തമല്ല. റീടെണ്ടറിൽ പരമാവധി പരസ്യം ഉറപ്പാക്കിയതെങ്ങനെയെന്നും വ്യക്തമല്ല. മുകളിൽ വിവരിച്ചതിൽ ക്രമ.നം.6, 7എന്നിവയിൽ കാണിച്ച പ്രകാരം ആദ്യ ടെണ്ടറിൽ താരതമേന്യ കുറഞ്ഞ ഓഫർ ലഭ്യമാക്കിയ സ്ഥാപനം തന്നെ റീടെണ്ടറിലും സിംഗിൾ ടെണ്ടർ സമർപ്പിച്ച സാഹചര്യത്തിൽ റീടെണ്ടർ അംഗീകരിക്കുന്നതിനുമുമ്പ് നെഗോസിയേഷൻ അടക്കമുള്ള സാധ്യത പരിശോധിക്കാതിരുന്നതെന്തെന്ന് വ്യക്തമല്ല.

ആദ്യ ടെണ്ടറിനു നൽകിയതിനേക്കാൾ കൂടുതൽ പരസ്യം ഉറപ്പാക്കിയിരുന്നോയെന്ന് പരിശോധിക്കുന്നതിന് ആദ്യ ടെണ്ടറും, റീടെണ്ടറും ഏതൊക്കെ ദിനപത്രങ്ങളിലാണ് പരസ്യപ്പെടുത്തിയിരുന്നെന്ന വിവരം ലഭ്യമാക്കാനും, ലഭിച്ച സിംഗിൾ നിരസിച്ച് റീടെണ്ടർ ചെയ്യാനുണ്ടായ സാഹചര്യം വിശദീകരിക്കാനും ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/2023-24 തീയതി 18.11.2024) മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-32 അട്ടംമ്പുംകുനി പാലോറകുന്ന് കൾവെർട്ട് നിർമ്മാണം -നിർമ്മാണത്തിന് ആവശ്യകതയുള്ളതിലധികമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി

പ്രോജക്ട് നമ്പർ : 19/24

അടങ്കൽ : 4,00,000/- തനതുഫണ്ട്

ചെലവ് : 3,28,208/-, ചെക്ക് നം.109313/31.3.24

മേൽ റോഡിൽ ഒരു ബോക്സ് കൾവെർട്ട് സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. മോർഡ് അടിസ്ഥാപ്പെടുത്തി തയ്യാറാക്കിയ എസ്റ്റിമേറ്റിലെ പ്രധാന ഇനങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | പ്രവൃത്തി |
|---|---|
| 11.1.1.1 | മണ്ണ് പ്രവൃത്തി |
| 11.4.1.1 | ബെഡ് കോൺക്രീറ്റ് |
| 13.1.2 | ബെഡ് സ്ലാബ്, RCCവാൾ, Haunch വാൾ, Deckസ്ലാബ് |
| 12.5.3 | പാരപെറ്റ് |
| 12.7 | സ്റ്റീൽ |

| | |
|---|---|
| OD For DR | വിംഗ് വാളിന് ഫൂട്ടിംഗ് |
| 13.1.1.1 | വിംഗ് വാളിന്റെ മിഡ് ബെൽറ്റ് |

മേൽ ഇനങ്ങൾ കൂടാതെ വീപ്പ് ഹോൾ, ഫില്ലിംഗ്, ക്യാറിമക്ക് എന്നിവ നൽകുന്നതിനുള്ള ഇനങ്ങൾ കൂടി എസ്റ്റിമേറ്റിലുണ്ട്. മുകളിൽ കാണിച്ച ഇനങ്ങളിൽ കൾവെർട്ടിന്റെ വിവിധ ഭാഗത്തിന്റെ കോൺക്രീറ്റിനായി മൂന്നിനങ്ങൾ (13.1.2, 12.5.3, 13.1.1.1) ഉൾപ്പെടുത്തിയിരുന്നെങ്കിലും എല്ലാ കോൺക്രീറ്റ് പ്രവൃത്തികളുടെ അളവും 13.1.2 എന്ന ഇനത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഈയിനങ്ങൾ ഉൾപ്പെടുത്തിയതിന്റെ ആവശ്യകത വിശദീകരിച്ചിട്ടില്ല. ഉൾപ്പെടുത്തിയ കോൺക്രീറ്റ് ഇനങ്ങളുടെ വിവരണം പരിശോധിച്ചാൽ 11.4.1.1 എന്നത് ഫൗണ്ടേഷൻ/ബേസ്മെന്റ് പ്രവൃത്തികൾക്കും, 12.5.3 എന്നത് അഞ്ചു മീറ്റർ വരെ ഉയരം വരുന്ന സബ്സ്ട്രക്ച്ചറുകൾക്കും, 13.1.2, 13.1.1.1 എന്നിവ സൂപ്പർ സ്ട്രച്ചറുകൾക്കും ഉപയോഗപ്പെടുത്തേണ്ടവയാണെന്ന് കാണാം. ഈയിനങ്ങളുടെ നിരക്കിലെ വ്യത്യാസം ഡാറ്റ അടിസ്ഥാപ്പെടുത്തി പരിശോധിച്ചാൽ പ്രധാനമായും ഫോംവർക്കിനായി വേണ്ടി വരുന്ന/നൽകുന്ന അധിക നിരക്കാണെന്ന് വ്യക്തമാകുന്നു.

മുകളിൽ വിവരിച്ച ബോക്സ് കൾവെർട്ടിന്റെ നിർമ്മാണത്തിന് പരമാവധി വേണ്ടി വരുന്നത് അഞ്ചു മീറ്റർ വരെ ഉയരം വരുന്ന സബ്സ്ട്രച്ചറുകളുടെ നിർമ്മാണത്തിന്റെ ഇനമായ 12.5.4 ആണ് (എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ 13.1.2 ഇനത്തിന്റെ അതേ സ്പെസിഫിക്കേഷനിലുള്ള കോൺക്രീറ്റ്). എസ്റ്റിമേറ്റിൽ പാരപെറ്റ് നിർമ്മാണത്തിനും, വിംഗ് വാൾ ബെൽറ്റിനും ഉൾപ്പെടുത്തിയിരുന്നത് M20ഗ്രേഡിലുള്ള കോൺക്രീറ്റാണ്. എന്നാൽ ഇവയുടെ നിർമ്മാണവും കൾവെർട്ടിന്റേതു പോലെ M25 ഗ്രേഡിൽ നടത്തിയതായാണ് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ ആവശ്യകതയും വിശദീകരിച്ചിട്ടില്ല. സൂപ്പർസ്ട്രക്ച്ചറുകളുടെ നിർമ്മാണത്തിന്റെ ഇനം കൾവെർട്ട് നിർമ്മാണത്തിൽ ഉപയോഗപ്പെടുത്തിയതും, എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായി ഉയർന്ന ഗ്രേഡിൽ പാരപെറ്റ് നിർമ്മാണം നടത്തിയതും എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല.

മേൽ ഇനങ്ങളുടെ ആവശ്യകത വിവരിക്കാതെ, ഉറപ്പു വരുത്താതെ സാങ്കേതികാനുമതി ഉദ്യോഗസ്ഥൻ അനുമതി നൽകിയതെങ്ങനെയെന്ന് വ്യക്തതയില്ല. എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായി കോൺക്രീറ്റ് ഗ്രേഡിൽ മാറ്റം വരുത്തി അളവു രേഖപ്പെടുത്തിയതും, എസ്റ്റിമേറ്റിൽ നൽകിയ ഇനത്തിലുൾപ്പെടുത്താതെ പാരപെറ്റ് നിർമ്മാണത്തിന്റെ അളവ് കൾവെർട്ട് നിർമ്മാണ ഇനത്തിൽ ഉൾപ്പെടുത്തിയതും ചെക്ക് മെഷർ ചെയ്ത വേളയിൽ ചോദ്യം ചെയ്യപ്പെട്ടില്ല. ഈ വിഷയത്തിൽ സാങ്കേതികാനുമതി ഉദ്യോഗസ്ഥന്റെ അഭിപ്രായവും ലഭ്യമാകേണ്ടതുണ്ട്.

ഈ പ്രവൃത്തിയുടെ പാർട്ട് ബില്ലാണ് നൽകിയിട്ടുള്ളത്. 2024-25വർഷം ഈ പദ്ധതി സ്പിൽഓവറായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതായി കാണുന്നു. എന്നാൽ പാർട്ട് ബിൽ നൽകിയ ശേഷം ഓഡിറ്റ് തിയ്യതി വരെ യാതൊരു തുടർപ്രവൃത്തികളും ഇതിൽ നടത്തിയിട്ടില്ല. നിലവിൽ ഈ പദ്ധതി വാർഷിക പദ്ധതിയിൽ തുടരുന്നതിന്റെ കാരണം വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3/23-24, തി: 18.11.24) മറുപടി ലഭിച്ചില്ല. അപാകതകയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ആവശ്യമില്ലാത്ത ഇനം ഉൾപ്പെടുത്തി നിർമ്മാണം നടത്തിയതിനാൽ ഉണ്ടായ അധിക ചെലവും, എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പാരപെറ്റ് അളവ് രേഖപ്പെടുത്തി തുക നൽകിയതും ഓഡിറ്റ് അംഗീകരിക്കുന്നില്ല. പഞ്ചായത്തിനുണ്ടായ അധിക ചെലവ് വിവരം താഴെ കൊടുക്കുന്നു.

| കൾവെർട്ട് നിർമ്മാണം | | |
|---|---|---|
| ഇനം 13.1.2 പ്രകാരം നൽകിയ തുക | ഇനം 12.5.4 ഉപയോഗപ്പെടുത്തിയിരുന്നെങ്കിൽ വേണ്ടിവരുമായിരുന്ന തുക | അധികം നൽകിയ തുക |
| 12.72 X10470=1,33,178.4/- | 12.72 X9634.82=1,22,554.9 | 10623.5+18%GST |

| പാരപെറ്റ് നിർമ്മാണം | | |
|---|---|---|
| ഇനം 13.1.2 പ്രകാരം നൽകിയ തുക | എസ്റ്റിമേറ്റിലെ ഇനം 12.5.3 ഉപയോഗപ്പെടുത്തിയിരുന്നെങ്കിൽ വേണ്ടി വരുമായിരുന്ന തുക | അധികം നൽകിയ തുക |
| 1.205 X10470=12,616.35 | 1.205 X9141.33=11,015.3 | 1601.05+18%GST |
| ആകെ അധികം | | 12,224.55+18%GST=14424.97/- |

മേൽ വിവരിച്ച വിധം അധികമായി ചെലവഴിച്ച 14424.97/- രൂപ അളവു രേഖപ്പെടുത്തിയ ഉദ്യോഗസ്ഥൻ, ചെക്ക് മെഷർ ചെയ്ത ഉദ്യോഗസ്ഥൻ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-33 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്- തുക മുൻകൂർ നൽകുന്നു.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ എന്ന പദ്ധതി പ്രകാരം സ്കോളർഷിപ്പും ബത്തയും ഒന്ന് മുതൽ നാല് മാസം വരെയുള്ള കാലയളവിലേക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക മുൻകൂറായി ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 29/22.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പ്രകാരം ആദ്യഗഡു തുക നൽകുന്നത് 06.11.2023 തിയ്യതിയിലാണ്. തുക വിതരണം ചെയ്യുന്നതിലുണ്ടായ കാലതാമസത്തിനും വിശദീകരണം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ തുക | ബിൽ തിയ്യതി | ബത്ത സ്കോളർഷിപ്പ് എന്നിവ മുൻകൂറായി അനുവദിച്ച് നൽകിയ മാസങ്ങൾ |
|---|---|---|
| 488800 | 06.11.2023 | ഡിസംബർ 23 മുതൽ മാർച്ച് 2024 വരെ |
| 108000 | 09.01.2024 | ജനുവരി 2024 മുതൽ മാർച്ച് 2024 വരെ |
| 54000 | 24.02.2024 | മാർച്ച് 2024 |

അധ്യയന വർഷം ആരംഭിച്ച് ഏഴ് മാസങ്ങൾക്ക് ശേഷമാണ് ഗുണഭോക്താക്കൾക്ക് ധനസഹായം ലഭ്യമായി തുടങ്ങിയിട്ടുള്ളത്. ഫണ്ട് ലഭ്യമായ സാഹചര്യത്തിലും യാത്രാബത്ത, സ്കോളർഷിപ്പ് എന്നിവ ഗഡുക്കളായി അനുവദിക്കാതെ ഒറ്റത്തവണയായി അനുവദിച്ചതിന്റെയും പദ്ധതി തുക മുൻകൂറായി അനുവദിച്ചതിന്റെയും കാരണം വ്യക്തമാക്കേണ്ടതും മുൻകൂറായി തുക അനുവദിച്ച കാലയളവിൽ ഗുണഭോക്താക്കൾ വിദ്യഭ്യാസം നടത്തിയിരുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാവുന്നുണ്ടെന്ന് ഭരണസമിതിയും വർക്കിംഗ് ഗ്രൂപ്പും ഉറപ്പ് വരുത്തേണ്ടതും അപാകത നടപ്പ് സാമ്പത്തിക വർഷം ആവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ് .

## 1-34 ലാപ്ടോപ് ലഭ്യമായില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ ഐ.സി.ഡി.എസ് ഓഫീസിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതി പ്രകാരം മെയിന്റനൻസ് ഗ്രാന്റ് റോഡിതരം ഫണ്ടിൽ നിന്നും 11.09.2023 തിയ്യതിയിൽ 127 നമ്പർ ബിൽ മുഖേന 57616 രൂപ കെൽട്രോണിന് കൈമാറിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തിയ്യതി വരെയും ലാപ്ടോപ് ലഭ്യമായിട്ടില്ല. ലാപ്ടോപ് ലഭ്യമാവുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതും Gem മുഖേന വാങ്ങൽ നടപടി സ്വീകരിക്കാതെ CPRCS മുഖേന വാങ്ങൽ നടപടി സ്വീകരിച്ചതിന്റെ കാരണം അറിയിക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 30/22.11.2024) സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. 2022-23 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ലാപ്ടോപ് വാങ്ങൽ പദ്ധതി പ്രകാരം ഐ.ടി മിഷന് തുക

കൈമാറിയിരുന്നെങ്കിലും ലാപ്ടോപ് ലഭ്യമാവാത്തതിനാൽ തുക തിരികെ ലഭ്യമാക്കുകയായിരുന്നു. സമാനമായ അപാകത ഓഡിറ്റ് വർഷത്തിലും ആവർത്തിച്ച സാഹചര്യത്തിൽ സ്ഥാപനം ലാപ്ടോപ് ലഭ്യമാവുന്നതിന് മതിയായ ഇടപെടലുകൾ നടത്തിയിട്ടില്ല.

ലാപ്ടോപ് അടിയന്തിരമായി ലഭ്യമാകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ലാപ്ടോപ് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതുമാണ്.

## 1-35 ബാധ്യതാ തുകകൾ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി മുൻകൂർ/നിക്ഷേപമായി കൈമാറിയ വിവിധ ഫണ്ടുകൾ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കാതെ തനത് ഫണ്ടിൽ റവന്യൂ എന്ന നിലയിൽ ബുക്ക് ചെയ്യുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | ഫണ്ട് | ചെലവഴിക്കാതെ തിരികെ വന്ന തുക |
|---|---|---|
| പി.എച്ച്.സി. യിലേക്ക് ബോർവെൽ നിർമ്മാണം 2019-20 | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 38230 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് കമ്പ്യൂട്ടർ വാങ്ങൽ | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 39797 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 32/22.11.2024 )മറുപടി ലഭ്യമാക്കിയിട്ടില്ല. ധനകാര്യ വകുപ്പിന്റെ 12.04.2006 ലെ ജി.ഒ.(പി)നം. 177/2006 നമ്പർ ഉത്തരവിന്റെ ഖ.10 അനുസരിച്ച് ഫണ്ട്/ഗ്രാന്റിൽ നിന്നുമുണ്ടാകുന്ന അധിക ചെലവോ തിരികെ ലഭ്യമാവുന്നതോ ആയ ഫണ്ടുകൾ ബന്ധപ്പെട്ട ഫണ്ടിലേക്ക് തന്നെ തിരികെ ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ ബാധ്യതാ തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടവാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 1-36 ചെലവഴിച്ചതായി രേഖപ്പെടുത്തിയ തുക ഗുണഭോക്താവിന് ലഭ്യമായില്ല.

വെറ്ററിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കാലിത്തൊഴുത്ത് നവീകരണം- വളക്കുഴിയും മൂത്രതൊട്ടിയും നിർമ്മാണം എന്ന പദ്ധതി പ്രകാരം 25.03.2024 തിയ്യതിയിൽ 1545836 നമ്പർ ബില്ല് പ്രകാരം മൂന്ന് ഗുണഭോക്താക്കൾക്ക് 25000/- രൂപ വീതം ആകെ 75000/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ പത്മിനി ഒടിയിൽ എന്ന ഗുണഭോക്താവിന് പ്രസ്തുത തുക ലഭ്യമായിട്ടില്ലെന്ന് വെറ്ററിനറി സർജ്ജനെ അറിയിച്ചിട്ടുണ്ട്. വെബ് സാംഖ്യയിൽ UTR നമ്പർ ജനറേറ്റ് ചെയ്യപ്പെടുകയും വാർഷിക കണക്ക്, സുലേഖ ചെലവ് പത്രിക എന്നിവയിൽ ആയത് ചെലവായി ബുക്ക് ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അപാകത പരിഹരിക്കാൻ ട്രഷറിയുമായി ബന്ധപ്പെടേണ്ടതും ചെലവ് നടന്നിട്ടില്ല എന്ന് ഉറപ്പാക്കി ഗുണഭോക്താവിന് അർഹതപ്പെട്ട തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. തുക ഗുണഭോക്താവിന് ലഭ്യമായിട്ടില്ലെങ്കിൽ ആയത് ട്രഷറി ഓഫീസറിൽ നിന്നും സാക്ഷ്യപ്പെടുത്തി ഉറപ്പ് വരുത്തേണ്ടതും തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ പോയിട്ടുണ്ടെങ്കിൽ ഗുണഭോക്താവിന് തുക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.(നം. 33/22.11.2024 )തുക ഗുണഭോക്താവിന് ലഭ്യമായോ എന്നത് സംബന്ധിച്ച അവ്യക്തത നിലനിൽക്കുന്നതിനാൽ ചെലവ് തുകയായ 25000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-37 അളവുകൾ രേഖപ്പെടുത്തുന്നതിലെ അപാകത മൂലം കരാറുകാരന് അധിക തുക നൽകപ്പെടുന്നു.

ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്ക് ആവശ്യമായ സാധനങ്ങൾ വിതരണം ചെയ്ത കരാറുകാർക്ക് തുക സ്റ്റാക്ക് മെഷർ ചെയ്ത് വോയിഡ് കുറവ് ചെയ്യാതെ കരാറുകാരന്റെ ബില്ലിലെ ക്ലെയിമിന് അനുസൃതമായി തുക അനുവദിക്കുന്ന പ്രവണത സ്ഥാപനത്തിൽ നിലനിൽക്കുന്നു.ഉദാ-കാരയിൽമുക്ക് വരകിൽ മുക്ക് റോഡ് കോൺക്രീറ്റ് പ്രവൃത്തി.

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ സാധനസാമഗ്രികളുടെ വാങ്ങലും, സംഭരണവും, വിനിയോഗവും സംബന്ധിച്ച് പാലിക്കേണ്ട നിർദ്ദേശങ്ങൾ 31.03.2012 ലെ (കൈ)93/2012/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സാധനങ്ങൾ സംഭരിച്ചതിൽ മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടതായി കാണുന്നില്ല.

2019 ലെ CPWD സ്പെസിഫിക്കേഷൻ വോള്യം രണ്ടിലെ ഖ 16.4 ൽ SUPPLYING AND STACKING OF MATERIALS എന്ന ശീർഷകത്തിൽ സ്റ്റാക്ക് ചെയ്യുന്നതിനും അളവുകൾ രേഖപ്പെടുത്തുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഉണ്ട്. പട്ടിക 16.12, 16.13 എന്നിവ പ്രകാരം സ്റ്റോൺ അഗ്രിഗേറ്റിന് സ്റ്റാക്ക് ചെയ്ത അളവിന് തുക അനുവദിക്കുമ്പോൾ വോയിഡിനത്തിൽ 7.5% കുറവു ചെയ്ത ശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്. 2019 ലെ CPWD സ്പെസിഫിക്കേഷൻ 16.4.1.2 പ്രകാരം “ The Total Quantity So Arrived Shall Be Reduced By 7.5% To Arrive At The Net Quantity For Payment, In Cases Of Aggregates” എന്നും വ്യക്തമാക്കിയിട്ടുണ്ട്. DSR സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പ്രവൃത്തികളിൽ ഇപ്രകാരം വോയിഡ് കുറവ് ചെയ്യാതെയും കരാറുകാരന്റെ ബില്ലിലെ ക്ലെയിമിന് അനുസൃതമായി തുക അനുവദിക്കുന്നതിനാൽ അധിക തുക നൽകാനിടയാകുകയും ആവശ്യമായ മെറ്റീരിയലുകൾ ഇല്ലാത്തതിനാൽ റോഡിന്റെ ഗുണനിലവാരം കുറയുകയും ചെയ്യുന്നുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (നം.35/2023-24, തിയ്യതി- 22.11.2024). അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത തുടർവർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-38 ലോക്കൽ മാർക്കറ്റ് നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ സാധനങ്ങൾ സമാഹരിക്കുന്നു.

ഓഡിറ്റ് വർഷത്തിലും മുൻവർഷത്തിലും ലോക്കൽ മാർക്കറ്റ് നിരക്കിനേക്കാൾ ഉയർന്ന നിരക്കിലാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സാധനങ്ങൾ സമാഹരിച്ചിട്ടുള്ളത്. സെക്വർ സോഫ്റ്റ്‌വെയറിലെ എസ്റ്റിമേറ്റ് നിരക്കുകളും മാർക്കറ്റ് നിരക്കിനേക്കാൾ ഉയർന്ന നിരക്കിലാണ് തയ്യാറാക്കിയിട്ടുള്ളത്. നിരക്കുകൾ സമയബന്ധിതമായി നിശ്ചയിക്കുന്നതിലും ‘സെക്വറി’ ലെ നിരക്കുകൾ ആയതിന് അനുസൃതമായി കാലികമാക്കുന്നതിലെ അപാകത മൂലം കരാറുകാർ ലക്ഷങ്ങൾ അനർഹമായി കൈപ്പറ്റുന്ന സാഹചര്യം ഉണ്ടാകുന്നു. നിരക്കിലെ അന്തരം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ഇനം | 203-24 ലെ സെക്യർ സോഫ്റ്റ്‌വെയറിലെ എസ്റ്റിമേറ്റ് നിരക്ക് | MGNREGS കരാർ നിരക്ക് | DsoR 2018 പ്രകാരമുള്ള നിരക്ക് (17.05.2024 മുതൽ ബാധകമായ നിരക്ക് 36.44 % കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ ) |
|---|---|---|---|
| 40 MM Stone Aggregate | 2034.9 | 2034.9/Cum | 1773 |
| 20 MM | 2034.9 | 2034.9/Cum | 1841 |

| | | | |
|---|---|---|---|
| Stone Aggregate | | | |
| 10 MM Stone Aggregate | 2034.9 | 2034.9/Cum | 1841 |
| Quarry Waste | 1250.0 | 1250.0/Cum | 750 |
| Course Sand | 2356.2 | 2356.2/Cum | 1841 |
| Portland Cement 50kg Bag | 576.0 | 576.0/Bag | 337/Bag |

സെക്വർ സോഫ്റ്റ്‌വെയറിലെ നിരക്കുകൾ നിർണ്ണയിച്ചതിലെ അപാകതകൾ പഞ്ചായത്തിന് ഉയർന്ന നിരക്കിൽ സാധനങ്ങൾ സമാഹരിക്കുന്നതിന് കാരണമായിട്ടുണ്ട്. സ.ഉ.(സാധാ).നം.1640/2016 / ത.സ്വ.ഭ.വ Dt.10.05.2016 നമ്പർ ഉത്തരവ് പ്രകാരം പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ ലോക്കൽ മാർക്കറ്റ് നിരക്കിനെ ആധാരമാക്കിയായിരുന്ന നിരക്കുകൾ നിശ്ചയിച്ചിരുന്നത്. എന്നാൽ സ.ഉ.(സാധാ).നം.3159/2018 /ത.സ്വ.ഭ.വ , Dt.17.12.2018 ഉത്തരവിൽ വിശദീകരിച്ചിരിക്കുന്നത് DSR ഇനങ്ങളുടെ നിരക്കുകൾ നിശ്ചയിച്ചിരിക്കുന്നത് തദ്ദേശ സ്വയംഭരണ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ഇറിഗേഷൻ വകുപ്പുകളുടെ പ്രൈസിലെ മാർക്കറ്റ് നിരക്കിനെ ആധാരമാക്കിയിട്ടാണെന്നാണ്. 31.01.2024 ലെ സ.ഉ.(സാധാ).നം.265/2024 /ത.സ്വ.ഭ.വ ഉത്തരവിൽ ഇപ്രകാരം നിരക്കുകൾ നിശ്ചയിക്കുന്നതിൽ അപാകതയുള്ളതിനാൽ നിരക്കുകൾ പുനർ നിർണ്ണയിക്കാൻ വേണ്ടി ജില്ലാ തല ടെക്നിക്കൽ കമ്മറ്റികൾ ഉൾപ്പെടെ പുനസംഘടിപ്പിക്കുകയും സ.ഉ (എം.എസ്) 31/2024/LSGD Dated 27.02.2024 നമ്പർ ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ മാർക്കറ്റ് നിരക്കുകൾ അതേപടി ഉപയോഗപ്പെടുത്തുന്ന നിലവിലെ രീതിയിൽ അപാകതകളുണ്ടെന്ന് പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. ആയതിനാൽ ആറ് മാസ കാലയളവിൽ ജില്ലാ-സോൺ അടിസ്ഥാനത്തിൽ നിരക്കുകൾ ആറ് മാസ കാലയളവിൽ പുനർ നിർണ്ണയിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നിരക്കുകൾ നിശ്ചയിക്കുന്നതിലെ കാലതാമസം മൂലം നിലവിലെ നിരക്കുകൾ 31.03.2025 വരെ തുടരുന്നതിനാണ് നിലവിൽ തീരുമാനിച്ചിട്ടുള്ളത്.

നിലവിലെ നിരക്കുകൾ പ്രൈസിലെ എൽ.എസ്.ജി.ഡി ലോക്കൽ മാർക്കറ്റ് നിരക്കുകളേക്കാൾ വളരെ ഉയർന്ന നിരക്കിലാണുള്ളത്. ഉദാ- ക്വാറി വേസ്റ്റിന്റെ പ്രൈസിലെ LMR നിരക്ക് 750 രൂപ മാത്രമാണ്. എന്നാൽ 'സെക്വറി' ലെ എസ്റ്റിമേറ്റ് നിരക്ക് 1250 രൂപയാണ്. തൊഴിലുറപ്പ് പദ്ധതിക്കായി ഇത്തരത്തിൽ ഉയർന്ന നിരക്കിൽ സാധനങ്ങൾ സമാഹരിക്കുന്നത് പദ്ധതി പ്രവർത്തനങ്ങളെ പരിമിതപ്പെടുത്തും. നിരക്കുകൾ പുനപരിശോധിക്കുന്നതിൽ വീഴ്ചയുണ്ടായ സാഹചര്യത്തിലും സിമന്റിന്റെ നിരക്കിൽ കുറഞ്ഞത് രണ്ട് തവണയെങ്കിലും വർദ്ധനവ് വരുത്തി എന്നത് ശ്രദ്ധേയമാണ്. സിമന്റിന്റെ നിരക്ക് പരിമിതപ്പെടുത്തുന്നതിന് മിഷൻ ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ച സാഹചര്യത്തിലും നിരക്ക് നിശ്ചയിക്കുന്നതിന് ചുമതലപ്പെട്ട സാങ്കേതിക സമിതി സിമന്റിന്റെ എസ്റ്റിമേറ്റ് നിരക്ക് ടണ്ണിന് 11952 രൂപയായി വർദ്ധിപ്പിച്ചത് അംഗീകരിക്കാനാവില്ല. വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തി പരിഹരിക്കേണ്ടതാണ്.

## 1-39 സിമന്റിന് പരമാവധി വിലയേക്കാൾ ഉയർന്ന നിരക്ക് നൽകുന്നു.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യമായ മെറ്റീരിയലുകൾ സമാഹരിക്കുന്നതിനായി ടെണ്ടർ നടപടി സ്വീകരിക്കുകയും മെറ്റീരിയലുകൾ വാങ്ങി പ്രവൃത്തി

നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ പ്രവൃത്തിക്കും പ്രത്യേകമായാണ് ടെണ്ടർ നടപടി സ്വീകരിച്ചിട്ടുള്ളത്. സാധനങ്ങളുടെ ആകെ അളവ് തിട്ടപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടി സ്വീകരിക്കാതെ സാധനങ്ങൾ ഓരോ പ്രവൃത്തിക്കും അനുസൃതമായി സമാഹരിച്ചിട്ടുള്ളതിനാൽ വാങ്ങലുകൾ ലാഭകരമായിട്ടില്ല.മിക്ക പ്രവൃത്തികളിലും സിമന്റിന് എസ്റ്റിമേറ്റ് നിരക്കായ 576 രൂപ നിരക്കിലാണ് കരാറുകാർക്ക് തുക അനുവദിച്ചിട്ടുള്ളത്. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17.08.2022 ലെ കത്ത് , 08.07.2022 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആലപ്പുഴ ജില്ലാ ഓംബുഡ്സ്മാന്റെ നടപടി ക്രമം എന്നിവ പ്രകാരം സെക്യൂർ സോഫ്റ്റ്‌വെയറിലെ സിമന്റിന്റെ നിരക്ക് LMR നിരക്കിനേക്കാൾ കൂടുതലായതിനാലും എം.ആർ.പി രേഖപ്പെടുത്തിയ പാക്ക് ചെയ്ത ഉത്പന്നമായതിനാൽ എം.ആർ.പി യിൽ അധികരിച്ച തുക കരാറുകാർക്ക് അനുവദിക്കരുതെന്നും സിമന്റിന്റെ പരമാവധി മാർക്കറ്റ് നിരക്ക് 430 രൂപയാണെന്ന് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17.08.2022 ലെ കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. 01.01.2024 മുതൽ 31.03.2024 വരെയുള്ള കാലയളവിലെ കോഴിക്കോട് ജില്ലയിലെ സിമന്റിന്റെ ലോക്കൽ മാർക്കറ്റ് നിരക്ക് ടണ്ണിന് 9307 രൂപയാണ്. അതായത് ബാഗിന് 465 രൂപ മാത്രം. മേൽ സാഹചര്യത്തിലാണ് 50 കിലോ ബാഗിന് 576 രൂപ നിരക്കിൽ വരെ തുക അനുവദിച്ചിട്ടുള്ളത്. സെക്യൂർ സോഫ്റ്റ്‌വെയറിൽ 2023-24 മുതൽ 2024-25 കാലയളവിൽ സിമന്റിന്റെ നിരക്കിൽ കുറഞ്ഞത് രണ്ട് തവണയെങ്കിലും വർദ്ധനവ് വരുത്തി എന്നത് ശ്രദ്ധേയമാണ്. സിമന്റിന്റെ നിരക്ക് പരിമിതപ്പെടുത്തുന്നതിന് മിഷൻ ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ച സാഹചര്യത്തിലും സിമന്റിന്റെ എസ്റ്റിമേറ്റ് നിരക്ക് ടണ്ണിന് 11952 രൂപയായി വർദ്ധിപ്പിച്ചത് അംഗീകരിക്കാനാവില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 37/22.11.2024 ) മറുപടി ലഭ്യമാക്കിയിട്ടില്ല. കാരയിൽമുക്ക് വരകിൽ മുക്ക് റോഡ് കോൺക്രീറ്റ് എന്ന പ്രവർത്തി പൂർത്തീകരിച്ച് കരാറുകാരൻ ബിൽ സമർപ്പിക്കുകയും 576 രൂപ നിരക്കിൽ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട് . ബില്ലുകളിൽ വിതരണം ചെയ്ത സിമന്റിന്റെ ബ്രാൻഡ് , ഗ്രേഡ്, എം.ആർ.പി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കരാർ ഉടമക്കുന്ന കാലയളവിൽ സൂചനാ ഉത്തരവുകളിലെയും സർക്കുലറിലെയും നിർദ്ദേശങ്ങൾ പ്രസക്തമായിരിക്കെ സിമന്റിന്റെ വില മാർക്കറ്റ് നിരക്കിൽ പരിമിതപ്പെടുത്തുന്നതിലുണ്ടായ വീഴ്ചക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മറ്റ് പ്രവൃത്തികളുടെ കാര്യത്തിൽ തുക കരാറുകാരന് ലഭ്യമാക്കുന്ന നടപടി പൂർത്തിയാകാത്ത സാഹചര്യത്തിൽ ലോക്കൽ മാർക്കറ്റ് നിരക്കിൽ തുക പരിമിതപ്പെടുത്തി നൽകുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അട്ടുംമ്പുംകുനി പാലോറകുന്ന് കൾവെർട്ട് നിർമ്മാണം -നിർമ്മാണത്തിന് ആവശ്യകതയുള്ളതിലധികമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി

പ്രോജക്ട് നമ്പർ : 19/24

അടങ്കൽ : 4,00,000/- തനതുഫണ്ട്

ചെലവ് : 3,28,208/-, ചെക്ക് നം.109313/31.3.24

മേൽ റോഡിൽ ഒരു ബോക്സ് കൾവെർട്ട് സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. മോർഡ് അടിസ്ഥാപ്പെടുത്തി തയ്യാറാക്കിയ എസ്റ്റിമേറ്റിലെ പ്രധാന ഇനങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | പ്രവൃത്തി |
|---|---|
| 11.1.1.1 | മണ്ണ് പ്രവൃത്തി |
| 11.4.1.1 | ബെഡ് കോൺക്രീറ്റ് |
| 13.1.2 | ബെഡ് സ്ലാബ്, RCCവാൾ, Haunch വാൾ, Deckസ്ലാബ് |
| 12.5.3 | പാരപെറ്റ് |
| 12.7 | സ്റ്റീൽ |
| OD For DR | വിംഗ് വാളിന് ഫൂട്ടിംഗ് |
| 13.1.1.1 | വിംഗ് വാളിന്റെ മിഡ് ബെൽറ്റ് |

മേൽ ഇനങ്ങൾ കൂടാതെ വീപ്പ് ഹോൾ, ഫില്ലിംഗ്, ക്വാറിമക്ക് എന്നിവ നൽകുന്നതിനുള്ള ഇനങ്ങൾ കൂടി എസ്റ്റിമേറ്റിലുണ്ട്. മുകളിൽ കാണിച്ച ഇനങ്ങളിൽ കൾവെർട്ടിന്റെ വിവിധ ഭാഗത്തിന്റെ കോൺക്രീറ്റിനായി മൂന്നിനങ്ങൾ(13.1.2, 12.5.3, 13.1.1.1)ഉൾപ്പെടുത്തിയിരുന്നെങ്കിലും എല്ലാ കോൺക്രീറ്റ് പ്രവൃത്തികളുടെ അളവും 13.1.2എന്ന ഇനത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഈയിനങ്ങൾ ഉൾപ്പെടുത്തിയതിന്റെ ആവശ്യകത വിശദീകരിച്ചിട്ടില്ല. ഉൾപ്പെടുത്തിയ കോൺക്രീറ്റ് ഇനങ്ങളുടെ വിവരണം പരിശോധിച്ചാൽ 11.4.1.1 എന്നത് ഫൗണ്ടേഷൻ/ബേസ്മെന്റ് പ്രവൃത്തികൾക്കും, 12.5.3എന്നത് അഞ്ചു മീറ്റർ വരെ ഉയരം വരുന്ന സബ്സ്ട്രക്ച്ചറുകൾക്കും, 13.1.2, 13.1.1.1 എന്നിവ സൂപ്പർ സ്ട്രച്ചറുകൾക്കും ഉപയോഗപ്പെടുത്തേണ്ടവയാണെന്ന് കാണാം. ഈയിനങ്ങളുടെ നിരക്കിലെ വ്യത്യാസം ഡാറ്റ അടിസ്ഥാപ്പെടുത്തി പരിശോധിച്ചാൽ പ്രധാനമായും ഫോംവർക്കിനായി വേണ്ടി വരുന്ന/നൽകുന്ന അധിക നിരക്കാണെന്ന് വ്യക്തമാകുന്നു.

മുകളിൽ വിവരിച്ച ബോക്സ് കൾവെർട്ടിന്റെ നിർമ്മാണത്തിന് പരമാവധി വേണ്ടി വരുന്നത് അഞ്ചു മീറ്റർ വരെ ഉയരം വരുന്ന സബ്സ്ട്രച്ചറുകളുടെ നിർമ്മാണത്തിന്റെ ഇനമായ 12.5.4 ആണ്(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ 13.1.2 ഇനത്തിന്റെ അതേ സ്പെസിഫിക്കേഷനിലുള്ള കോൺക്രീറ്റ്). എസ്റ്റിമേറ്റിൽ പാരപെറ്റ് നിർമ്മാണത്തിനും, വിംഗ് വാൾ ബെൽറ്റിനും ഉൾപ്പെടുത്തിയിരുന്നത് M20ഗ്രേഡിലുള്ള കോൺക്രീറ്റാണ്. എന്നാൽ ഇവയുടെ നിർമ്മാണവും കൾവെർട്ടിന്റേതു പോലെ M25 ഗ്രേഡിൽ നടത്തിയതായാണ് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ ആവശ്യകതയും വിശദീകരിച്ചിട്ടില്ല. സൂപ്പർസ്ട്രക്ച്ചറുകളുടെ നിർമ്മാണത്തിന്റെ ഇനം കൾവെർട്ട് നിർമ്മാണത്തിൽ ഉപയോഗപ്പെടുത്തിയതും, എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായി ഉയർന്ന ഗ്രേഡിൽ പാരപെറ്റ് നിർമ്മാണം നടത്തിയതും എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല.

മേൽ ഇനങ്ങളുടെ ആവശ്യകത വിവരിക്കാതെ, ഉറപ്പു വരുത്താതെ സാങ്കേതികാനുമതി ഉദ്യോഗസ്ഥൻ അനുമതി നൽകിയതെങ്ങനെയെന്ന് വ്യക്തതയില്ല. എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായി കോൺക്രീറ്റ് ഗ്രേഡിൽ മാറ്റം വരുത്തി അളവു രേഖപ്പെടുത്തിയതും, എസ്റ്റിമേറ്റിൽ നൽകിയ ഇനത്തിലുൾപ്പെടുത്താതെ പാരപെറ്റ് നിർമ്മാണത്തിന്റെ അളവ് കൾവെർട്ട് നിർമ്മാണ ഇനത്തിൽ ഉൾപ്പെടുത്തിയതും ചെക്ക് മെഷർ ചെയ്ത വേളയിൽ ചോദ്യം ചെയ്യപ്പെട്ടില്ല. ഈ വിഷയത്തിൽ സാങ്കേതികാനുമതി ഉദ്യോഗസ്ഥന്റെ അഭിപ്രായവും ലഭ്യമാകേണ്ടതുണ്ട്.

ഈ പ്രവൃത്തിയുടെ പാർട്ട് ബില്ലാണ് നൽകിയിട്ടുള്ളത്. 2024-25വർഷം ഈ പദ്ധതി സ്പിൽഓവറായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതായി കാണുന്നു. എന്നാൽ പാർട്ട് ബിൽ നൽകിയ ശേഷം ഓഡിറ്റ് തിയ്യതി വരെ യാതൊരു തുടർപ്രവൃത്തികളും ഇതിൽ നടത്തിയിട്ടില്ല. നിലവിൽ ഈ പദ്ധതി വാർഷിക പദ്ധതിയിൽ തുടരുന്നതിന്റെ കാരണം വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3/23-24, തി: 18.11.24) മറുപടി ലഭിച്ചില്ല. അപാകതകയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ആവശ്യമില്ലാത്ത ഇനം ഉൾപ്പെടുത്തി നിർമ്മാണം നടത്തിയതിനാൽ ഉണ്ടായ അധിക ചെലവും,

എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പാരപെറ്റ് അളവ് രേഖപ്പെടുത്തി തുക നൽകിയതും ഓഡിറ്റ് അംഗീകരിക്കുന്നില്ല. പഞ്ചായത്തിനുണ്ടായ അധിക ചെലവ് വിവരം താഴെ കൊടുക്കുന്നു.

| കൾവെർട്ട് നിർമ്മാണം | | |
|---|---|---|
| ഇനം 13.1.2 പ്രകാരം നൽകിയ തുക | ഇനം 12.5.4 ഉപയോഗപ്പെടുത്തിയിരുന്നെങ്കിൽ വേണ്ടി വരുമായിരുന്ന തുക | അധികം നൽകിയ തുക |
| 12.72 X10470=1,33,178.4/- | 12.72 X9634.82=1,22,554.9 | 10623.5+18%GST |
| പാരപെറ്റ് നിർമ്മാണം | | |
| ഇനം 13.1.2 പ്രകാരം നൽകിയ തുക | എസ്റ്റിമേറ്റിലെ ഇനം 12.5.3 ഉപയോഗപ്പെടുത്തിയിരുന്നെങ്കിൽ വേണ്ടി വരുമായിരുന്ന തുക | അധികം നൽകിയ തുക |
| 1.205 X10470=12,616.35 | 1.205 X9141.33=11,015.3 | 1601.05+18%GST |
| ആകെ അധികം | | 12,224.55+18%GST= 14424.97/- |

മേൽ വിവരിച്ച വിധം അധികമായി ചെലവഴിച്ച 14424/- രൂപ അളവു രേഖപ്പെടുത്തിയ ഉദ്യോഗസ്ഥൻ, ചെക്ക് മെഷർ ചെയ്ത ഉദ്യോഗസ്ഥൻ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 അധിക സബ്സിഡി അനുവദിച്ചു.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ‘ഞങ്ങളും കൃഷിയിലേക്ക്’ (പ്രൊ.നം-134/24) എന്ന പദ്ധതി പ്രകാരം പന്തലില്ലാത്ത പച്ചക്കറി കൃഷിക്ക് ഹെക്ടറിന് 22000 രൂപ നിരക്കിൽ ഓരോ ഗ്രൂപ്പിനും കൂലിച്ചെലവിനത്തിൽ പരമാവധി 5000 രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. പരമാവധിയായി നിശ്ചയിച്ച 5000 രൂപ സബ്സിഡി അനുവദിക്കുന്നതിന് കുറഞ്ഞത് 22.73 ആർ ഭൂമിയിലെങ്കിലും കൃഷി ചെയ്യേണ്ടതുണ്ട്. എന്നാൽ നിഷ.പി.ടി, കുഴിയിൽ പീടികയിൽ എന്ന ഗുണഭോക്താവ് 13.89 ആർ ഭൂമിയുടെ രേഖ മാത്രമെ അപേക്ഷക്കൊപ്പം ലഭ്യമാക്കിയിട്ടുള്ളൂ. പ്രസ്തുത ഭൂമി പൂർണ്ണമായും കൃഷിയോഗ്യമാണെന്ന് പരിഗണിച്ചാൽ പോലും അനുവദിക്കാവുന്ന പരമാവധി സബ്സിഡി 3055 രൂപ മാത്രമാണ്. വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും ഫയലിൽ ലഭ്യമല്ല.

1945 രൂപ അധികമായി സബ്സിഡി അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ പദ്ധതി പ്രകാരം വികസനഫണ്ട് ജനറലിൽ നിന്നും 09.11.2023 തിയ്യതിയിൽ ബിൽ നമ്പർ 193 പ്രകാരം ഗുണഭോക്താവിന് അധികമായി നൽകിയ 1945 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിററി എന്ന നിലയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഭരണ സമിതി ഉറപ്പ് വരുത്തേണ്ടതാണ്.

## 3-3 ജീവനക്കാർക്ക് അനർഹമായി ആനുകൂല്യം നൽകുന്നു.

കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ആർദ്രം പദ്ധതി ജീവനക്കാരുടെ വേതനം (പ്രൊ.നം-42/24) എന്ന പദ്ധതി മുഖേന ദിവവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവർക്ക് തനത് ഫണ്ടിൽ നിന്നും 26.08.2023 തിയ്യതിയിൽ 22300744 നമ്പർ വൗച്ചർ മുഖേന 2750 രൂപ നിരക്കിൽ ഫെസ്റ്റിവൽ അലവൻസ് അനുവദിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ 16.08.2023 തിയ്യതിയിലെ സ.ഉ(അച്ചടി) 85/2023/ധന നമ്പർ ഉത്തരവ് പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് 1210 രൂപ നിരക്കിലാണ് ഫെസ്റ്റിവൽ അലവൻസിന് അർഹതയുള്ളത്. മേൽ ജീവനക്കാർക്ക് 3080 രൂപ അധികമായി നൽകപ്പെട്ടിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ദിവവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവർക്ക് ഫെസ്റ്റിവൽ അലവൻസ് ഇനത്തിൽ അനർഹമായി അനുവദിച്ച 3080 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. അധികമായി അനുവദിച്ച തുക ഈടാക്കേണ്ടതും തിരികെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്. ചെലവുകൾ സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് നിർവ്വഹിക്കുന്നതെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിററി ഉറപ്പ് വരുത്തേണ്ടതാണ്.

### 3-4 ധാതു ലവണ മിശ്രിതം- അളവുകളിൽ അവ്യക്തത.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ |
| അടങ്കൽ | 96060 (വികസന ഫണ്ട് ജനറൽ) |
| ചെലവ് തുക | 96060 (188/07.11.2023)<br>(221/22.11.2023) |

വെറ്ററിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കറവപശുക്കൾക്ക് ധാതുലവണ മിശ്രിതം എന്ന പദ്ധതി (പ്രോജക്ട് നം.102) പ്രകാരം 360 കിലോ ധാധുലവണ മിശ്രിതത്തിന് കർണാടക ആന്റിബയോടിക്സ് & ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനത്തിന് 96060 രൂപ കൈമാറിയിട്ടുണ്ട് (Invoice No. CHN 2024101506 തീയതി 25.10.2023, CHN 2024101795 തീയതി 17.11.2023. സ്ഥാപനത്തിന്റെ ബില്ല് പ്രകാരം ആകെ 1360 കിലോഗ്രാം ധാതു ലവണ മിശ്രിതത്തിന് ആകെ 96,060/- രൂപയാണ് കൈമാറിയിട്ടുള്ളത്. എന്നാൽ കൽപക ട്രാൻസ്പോർട്ട് കമ്പനിയുടെ പാർസൽ സർട്ടിഫിക്കറ്റ് (നം.90005131 തീയതി 26.10.2023, 90005173 തീയതി 17.11.2023) പ്രകാരം ആകെ വിതരണം ചെയ്തതിന്റെ അളവ് 1188 KG മാത്രമാണ്. 172 കിലോഗ്രാമിന് അധിക തുക നൽകിയിട്ടുണ്ട്. ഓഡിറ്റ് പരിശോധനക്കായി ലഭ്യമാക്കിയ വിതരണ രേഖയിൽ ഓരോ ഗുണഭോക്താവും മിശ്രിതം കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അളവ് രേഖപ്പെടുത്തിയിട്ടില്ല. 172 കിലോഗ്രാമിന് 70.63 രൂപ നിരക്കിൽ അധികം നൽകിയ 12,148/- രൂപ ഓഡിറ്റിൽ നിരാകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ അറിയിക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 27/22.11.2024 ) സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

ബിൽ പ്രകാരം തുക അനുവദിച്ച 1360 കിലോഗ്രാം ധാതു ലവണ മിശ്രിതം ലഭ്യമായതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അധികമായി ചെലവഴിച്ച 12,148/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ചെലവ് തുക ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2023-24 | 14.11.2024-21.11.2024 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

## 4-2 സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 427000 | ലൈഫ് ഭവന പദ്ധതി – പട്ടികജാതി | 427000 |
| | 2023-24 | 400000 | ലൈഫ് ഭവന പദ്ധതി – ജനറൽ 2023-24 | 400000 |
| | 2023-24 | 488800 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 488800 |
| | 2023-24 | 550000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 550,000 |
| | 2023-24 | 600000 | ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസന്റീവ് | 600000 |
| | 2023-24 | 100000 | നെൽകൃഷി സ്ഥിരം കൃഷി | 100000 |
| | 2023-24 | 470492 | അങ്കണവാടി കെട്ടിട നിർമ്മാണം | 470492 |
| ആകെ | | | 3036292 | |
| ജില്ലാ പഞ്ചായത്ത് | 2023-24 | 2400000 | ലൈഫ് ഭവന പദ്ധതി – ജനറൽ 2023-24 | 2400000 |
| | 2023-24 | 1400000 | ലൈഫ് ഭവന പദ്ധതി – പട്ടികജാതി | 1400000 |
| | 2023-24 | 162000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 162000 |
| | 2023-24 | 140000 | നെൽകൃഷി സ്ഥിരം കൃഷി | 140000 |
| | 2023-24 | 200000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 200000 |
| | 2023-24 | 321908 | ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസന്റീവ് | 321908 |
| ആകെ | 4623908 | | | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | തൻ വർഷം എടുത്ത വായ്പ | വർഷാരം ഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം തിരിച്ചട |
|---|---|---|---|---|

| | | | മുതൽ | പലിശ | യ്യാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ഭവന നിർമ്മാണം | 6464000 | 22408000 | 3258746 | 0 | 25613254 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 17784315 |
| തൻവർഷം നിക്ഷേപിച്ച തുക | 1596496 |
| ആകെ | 19380811 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 3938526 |
| വർഷാവസാനം അവശേഷിക്കുന്നസ്ഥിരനിക്ഷേപം | 15442285 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തുക |
|---|---|---|
| 1 | ഇ.എം.എസ് ആശുപത്രി ഷെയർ | 10000 |
| 2 | മേപ്പയ്യൂർ കോ- ഓപ്പറേറ്റീവ് ടൌൺ ബാങ്ക് | 8420702 |
| 3 | ട്രഷറി സേവിംഗ്സ് ബാങ്ക്, പയ്യോളി | 300000 |
| 4 | മേപ്പയ്യൂർ സർവ്വീസ് സഹകരണ ബാങ്ക് | 6711583 |
| ആകെ | | 15442285 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 33 | 2003-04 പൊതു പരാമർശം | 11.13.5.11 | മൈത്രി ഭവനപദ്ധതി | തടസ്സം തുടരുന്നു |
| 2000-01 (പദ്ധതി ചെലവ്) | 6 | 2004-05 പൊതു പരാമർശം | 11.1.4.7 | തൊഴിൽ പരിശീലന പദ്ധതികൾ | തടസ്സം തുടരുന്നു |
| 2000-01 | 8 | 2004-05 | 3.11.7.5.1 | കുടിവെള്ള പദ്ധതി- തുക അധികം നൽകി | ബഹു.ഹൈക്കോടതി വിധിയനുസരിച്ച്. നടപടി കെ എസ് ഇ ബി അധിക തുക ക്രമപ്പെടുത്താൻ നിർദ്ദേശം |
| | | 2012-13 അവലേകനം | 2.6.16 | ലൈബ്രറി കളുടെയും സാംസ്കാരിക | തടസ്സം തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | നിലയത്തി ന്റെയും നടത്തിപ്പ് | |
| 2014-15 | 2-2 | 2016-17 | അനുബന്ധം4 | തൊഴിൽ നികുതി-അപാകതകൾ | തടസ്സം തുടരുന്നു |
| 2015-16 | 2-2 | 2016-17 | അനുബന്ധം5 | തൊഴിൽ നികുതി-അപാകതകൾ | തടസ്സം തുടരുന്നു |

4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 79290751 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 65438426 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 31597 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 490196 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 7212 | ധന്യ ടി.പി ,അസിസ്റ്റൻ്റ് എഞ്ചിനിയർ |
| | 7212 | സുജ. വി, അസിസ്റ്റൻ്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-2 | 1945 | അപർണ്ണ ആർ.എ, കൃഷി ഓഫീസർ |
| 3-3 | 3080 | ഡോ. ചന്ദ്രലേഖ, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| 3-4 | 12148 | ഡോ. പ്രീത ഇ.കെ വെറ്ററിനറി സർജ്ജൻ |
| ആകെ | 31597 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 6080 | ഡോ. ചന്ദ്രലേഖ, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| 1-28 | 401500 | ഡോ. പ്രീത ഇ.കെ, വെറ്ററിനറി സർജൻ, |
| 1-34 | 57616 | റീന കുമാരി പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-36 | 25000 | ഡോ. മുസ്തഫ വെറ്ററിനറി സർജൻ, |
| ആകെ | 490196 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല-

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. പ്രീത ഇ.കെ, വെറ്ററിനറി സർജൻ | എ.ഡി.ഡി.എൽ കണ്ണൂർ | പാരിജാതം, അരിക്കുളം, 673320 |
| ഡോ. മുസ്തഫ വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് | സ്വാഭ, പയ്യോളി |
| ഡോ. ചന്ദ്രലേഖ, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | അവധിയിൽ പ്രവേശിച്ചു. | ഹിമം, പേരാമ്പ്ര. |
| റീന കുമാരി പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, ചക്കിട്ടപ്പാറ പഞ്ചായത്ത് | പൂങ്കാവനം, ചാലിൽ, നടുവണ്ണൂർ |
| ധന്യ ടി.പി ,അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ, മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് | വടക്കുമ്പാട്ട്, കൽപത്തൂർ, മേപ്പയ്യൂർ |
| സുജ. വി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, മേലടി ബ്ലോക്ക് | നവമി, കിടങ്ങൂർ, പത്തനംതിട്ട, 689514 |
| അപർണ്ണ ആർ.എ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് | പാലക്കുന്നുമ്മൽ, മൂലാട്, നടുവണ്ണൂർ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|---|
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/ പി6/ 1087/2022(12) തീ-06.02.2023 | 3 | 2-2,2-5,3-10 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/ പി6/ 1087/2022(13) തീ-06.02.2023 | 1 | 2-2 |

| | | | |
|---|---|---|---|
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/ പി6/ 1087/2022(14) തീ-06.02.2023 | 1 | 2-2 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/ പി6/ 1087/2022(15) തീ-06.02.2023 | 4 | 2-2,3-2,3-11,3-4 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/ പി6/ 1087/2022(16) തീ-06.02.2023 | 6 | 1-4,1-7,1-12, 1-13,1-18,1-8 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/ പി6/ 770/2022 തീ-16.05.2023 | 27 | 1-2-1 (1,2,3,4, 5,6,7,9,10)1-10, 1-10-1, 1-11, 1-12, 1-15, 1-16, 1-17, 1-18, 1-19, 1-20(2,3,4,5), 1-21(1,5), 1-23, 1-24, 1-25, 1-26, 3-1, 3-2 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി/ പി6/ 84/2023 തീ-21.07.2023 | 18 | 1-2-1 (9,12,15), 1-4-1, 1-11 മുതൽ 1-21 വരെ, 1-24, 3-1, 3-2 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി/ പി6/ 418/2023 തീ-08.06.2023 | 18 | 1-1 (A,B), 1-2-1 (2,4,5,6,8,9,10,11,12), 1-4-1, 1-5-1, 1-7, 1-9, 1-10, 1-11, 1-12, 1-13(2), 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-25, 1-27,4-3 |
| 2022-23 | കെ.എസ്.എ.കെ.കെ.ഡി/ പി6/ 1706/2023 തീ-.23.11.2023 | 23 | 1-1-(1-8), 1-5,1-6,1-(8 മുതൽ 25 വരെ),4-8,4-11 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 5(1) dated 28-05-2024 and submitted on 19-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Meppayoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Meppayoor Grama Panchayat as on 31-03-2024

Date: 21/12/2024

Deputy Director
District Office Kozhikode
Kerala State Audit Department

**Audit Report appended to the Audit Certificate of Meppayoor Grama Panchayat for the Year 2023-2024 .**

**1.Major Observations**

NIL

**2.Other Observations**

1. FOLLOWING MANDATORY FINANCIAL STATEMENTS PRESCRIBED IN ACCOUNTING RULES ARE NOT SUBMITTED FOR AUDIT
a) RATIOS
b) NOTES ON ACCOUNTS
2. CASH FLOW STATEMENT NET INCREASE/DECREASE IN CASHFLOW DOES NOT MATCH WITH THE DIFFERENCE BETWEEN CASH & CASH EQUIVALENTS
3. DELAY IN MAKING ENTRY IN BANKBOOK
4. PAYMENT VOUCHER MISCLASSIFICATION
5. RECIEIPT VOUCHER MISCLASSIFICATION

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ മേപ്പയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്